
2017
Happy New Year
TRICHUR
ARCHDIOCESAN
BULLETIN
ARCHDIOCESE OF TRICHUR
83
JANUARY 2017

പുതിയതായി പണി കഴിപ്പിച്ച
പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി
ദൈവാലയവും അൾത്താരയും





TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 84
ജനുവരി 2017
ലക്കം : 1

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

# ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ കച്ചേരികാര്യം 27
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ജനുവരി 36
- ❖ സഹായമെത്രാന്റെ പരിപാടികൾ - ജനുവരി 38
- ❖ നാളാഗമം 40
- ❖ നാമകരണ നടപടികൾ 43
- ❖ സാമ്പത്തിക കാര്യാലയം 44
- ❖ വൈദികർ 47
- ❖ സന്യസ്തർ 49
- ❖ സ്ഥാപനങ്ങൾ 53
- ❖ സാന്ത്വനം 81
- ❖ സംഘടനകൾ 87

Ref: 2996/K 35/OL/KCBC/DS

17.12.2016

# അമ്പതാം ലോകസമാധാനദിനാഘോഷം: ജനുവരി 1, 2017

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### *അക്രമരാഹിത്യം: സമാധാനത്തിനുള്ള രാഷ്ട്രീയ ശൈലി*

1. ഈ വർഷാരംഭത്തിൽ ലോകജനതകൾക്കും രാഷ്ട്രങ്ങൾക്കും സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും മതവിശ്വാസികൾക്കും സിവിൾ നേതാക്കൾക്കും സമൂഹനേതാക്കൾക്കും ഞാൻ സമാധാനം ഹൃദയപൂർവം ആശംസിക്കുന്നു. ഓരോ പുരുഷനും സ്ത്രീക്കും ശിശുവിനും ഞാൻ സമാധാനം ആശംസിക്കുന്നു. അളവറ്റ മഹത്ത്വമുള്ള വിശുദ്ധ ദാനങ്ങളായി പരസ്പരം അംഗീകരിക്കുന്നതിന് ഓരോ വ്യക്തിയിലുമുള്ള ദൈവിക പ്രതിഛായയും സാദൃശ്യവും നമ്മെ ശക്തരാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ച് സംഘട്ടനങ്ങളുടെ സാഹചര്യങ്ങളിൽ ഇതിനെ നമ്മുടെ "അത്യഗാധമായ മഹത്ത്വത്തെ"[1] നമുക്ക് ആദരിക്കാം. പ്രവർത്തനാത്മകമായ അക്രമരാഹിത്യം നമ്മുടെ ജീവിത മാർഗമാക്കിത്തീർക്കാം.

ലോകസമാധാനദിനത്തിനുള്ള അമ്പതാമത്തെ സന്ദേശമാണിത്. വാഴ്ത്തപ്പെട്ട പോൾ 6–ാമൻ മാർപാപ്പാ കത്തോലിക്കരോടു മാത്രമല്ല എല്ലാ ജനതകളോടും തികഞ്ഞ സ്പഷ്ടതയോടെ ഇങ്ങനെ പറഞ്ഞു: "അധികാരതൃഷ്ണയുള്ള ദേശീയവാദങ്ങളോ അക്രമം വഴിയുള്ള കീഴടക്കലുകളോ, അബദ്ധപൂർണമായ സിവിൾക്രമത്തിനുവേണ്ടിയുള്ള മുഖ്യാധാരയായി പ്രയോഗിക്കപ്പെടുന്ന അടിച്ചമർത്തലുകളോ അല്ല, സമാധാനമാണ് മാനുഷിക പുരോഗതിക്കുള്ള ഏകമാർഗം."

"അന്താരാഷ്ട്ര സംഘർഷങ്ങൾ യുക്തിയുടെ മാർഗങ്ങൾ ഉപയോഗിച്ച് – അതായത് നിയമം, നീതി സമത്വം എന്നിവയിൽ അടി

യുറപ്പിച്ച - കൂടിയാലോചനകൾ വഴി - പരിഹരിക്കാനാവുകയി ല്ലെന്നും പിന്നെയോ ഭീഷണിപരവും കൊലപാതകപരവുമായ മാർഗ ങ്ങൾ ഉപയോഗിച്ചേ പരിഹരിക്കാനാവുകയുള്ളൂ എന്നും വിശ്വസി ക്കുന്നതിന്റെ അപകട"ത്തെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നല്കി. തന്റെ മുൻഗാമിയായ വിശുദ്ധ ജോൺ 23-ാമന്റെ "ഭൂമിയിൽ സമാ ധാനം" എന്ന ചാക്രികലേഖനത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് സത്യ ത്തിലും നീതിയിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അധിഷ്ഠി തമായ സമാധാനബോധത്തെയും സമാധാനസ്നേഹത്തെയും പ്രശം സിക്കുകയും ചെയ്തു.[2] ഈ വാക്കുകളുടെ പ്രാധാന്യമോ അടിയ ന്തിരസ്വഭാവമോ കഴിഞ്ഞ അമ്പതുവർഷംകൊണ്ട് അല്പംപോലും നഷ്ടപ്പെട്ടിട്ടില്ല.

സമാധാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയ ശൈലിയെന്ന നിലയിൽ അകമരാഹിത്യത്തെപ്പറ്റി വിചിന്തനം ചെയ്യാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഏറ്റവും വ്യക്തിപരമായ ചിന്തക ളിലും മൂല്യങ്ങളിലും അക്രമരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന തിന് നമ്മെയെല്ലാവരെയും സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. സമൂഹത്തിലും അന്താരാഷ്ട്രജീവിതത്തിലും വ്യക്തികളെന്ന നിലയിൽ നാം ഓരോരുത്തരും പെരുമാറേണ്ടത് എങ്ങനെയെന്ന് പരസ്നേഹവും അക്രമരാഹിത്യവും നിർദേശിക്ക ട്ടെ. അക്രമത്തിന് ഇരയായവർ പകരം വീട്ടാനുള്ള പ്രലോഭനത്തെ തടയാൻ കഴിവുള്ളവരാകുമ്പോൾ അവർ അക്രമരാഹിത്യമായ സമാ ധാനപാലനത്തിന്റെ വിശ്വസനീയരായ പ്രചോദകരായിരിക്കും. പ്രാദേ ശികവും സാധാരണവുമായ മിക്ക സാഹചര്യങ്ങളിലും അന്താരാ ഷ്ട്രക്രമത്തിലും അക്രമരാഹിത്യം നമ്മുടെ തീരുമാനങ്ങളുടെയും ബന്ധങ്ങളുടെയും പ്രവത്തികളുടെയും യഥാർത്ഥത്തിൽ എല്ലാ രൂപ ങ്ങളിലുമുള്ള രാഷ്ട്രീയ ജീവിതത്തിന്റെയും മുദ്രയായിത്തീരട്ടെ.

**തകർന്ന ലോകം**

2. കഴിഞ്ഞ നൂറ്റാണ്ട് മാരകമായ രണ്ടു ലോകമഹായുദ്ധങ്ങൾ നടത്തിയ നശിപ്പിക്കലും ന്യൂക്ലിയർ യുദ്ധത്തിന്റെ ഭീഷണിയും മറ്റ് അനേകം സംഘട്ടനങ്ങളും അനുഭവിച്ചറിഞ്ഞു. ഇന്നാകട്ടെ, പല ഭാഗ

ങ്ങളായി സംഭവിക്കുന്ന ഭയാനകമായ ലോകയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരായി നമ്മെത്തന്നെ നാം കാണുന്നുവെന്നത് ദുഃഖകരമാണ്. നമ്മുടെ ഇന്നത്തെ ലോകത്തിന് അക്രമവാസന കഴിഞ്ഞകാലത്തേക്കാൾ കൂടുതലാണോ കുറവാണോയെന്ന് അറിയുക എളുപ്പമല്ല. ആധുനിക സമ്പർക്ക മാധ്യമങ്ങളും വർധിച്ച ചലനാത്മകതയും അക്രമത്തെക്കുറിച്ച് നമ്മെ കൂടുതൽ ബോധവാന്മാരാക്കുന്നുണ്ടോ അതോ അക്രമത്തെ സംബന്ധിച്ച് കൂടുതൽ പരിചയമുള്ളവരായിത്തീർക്കുകയാണോ എന്ന് അറിയുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഏതായാലും പല തരത്തിലും പല തലങ്ങളിലും "ഭാഗംഭാഗമായി" നടത്തപ്പെടുന്ന ഈ അക്രമം വലിയ സഹനത്തിനു കാരണമാകുന്നുണ്ട്. വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും നടത്തപ്പെടുന്ന യുദ്ധങ്ങൾ, ഭീകരതാവാദം, സംഘടിത കുറ്റകൃത്യം, അപ്രതീക്ഷിതമായ അക്രമപ്രവൃത്തികൾ, കുടിയേറ്റക്കാരും മനുഷ്യക്കടത്തിന്റെ ഇരകളും സഹിക്കുന്ന ദുരുപയോഗങ്ങൾ, പരിസ്ഥിതി നശിപ്പിക്കൽ എന്നിവ അത്തരത്തിൽപ്പെടുന്നു. ഇത് എങ്ങോട്ടാണു നയിക്കുന്നത്? ശാശ്വതമൂല്യമുള്ള ഏതെങ്കിലും ലക്ഷ്യം നേടാൻ അക്രമത്തിനു കഴിയുമോ? അത് പ്രത്യാക്രമണത്തിലേക്കു മാത്രമല്ലേ നയിക്കുന്നത്? കുറച്ചു "യുദ്ധകർത്താക്കൾ"ക്കു മാത്രം പ്രയോജനപ്പെടുന്ന മാരകസംഘട്ടനങ്ങളുടെ വൃത്തത്തിലേക്കല്ലേ നയിക്കുന്നത്?

തകർന്ന നമ്മുടെ ലോകത്തിനുള്ള ചികിത്സയല്ല അക്രമം. അക്രമത്തെ അക്രമംകൊണ്ട് എതിർക്കൽ നിർബന്ധിത കുടിയേറ്റത്തിലേക്കും അളവറ്റ സഹനത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ. കാരണം, സൈനിക ലക്ഷ്യങ്ങൾക്കായി അളവറ്റ വിഭവങ്ങൾ വഴിമാറ്റി പ്രയോഗിക്കുന്നു. യുവജനങ്ങളുടെയും ക്ലേശിക്കുന്ന കുടുംബങ്ങളുടെയും വൃദ്ധജനങ്ങളുടെയും രോഗികളുടെയും ലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും അനുദിനാവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളാണ് അപ്രകാരം ഉപയോഗിക്കുന്നത്. അത് എല്ലാവരെയും മരണത്തിലേക്കു നയിച്ചില്ലെങ്കിലും അനേകരെ ശാരീരികവും ആധ്യാത്മികവുമായ മരണത്തിലേക്കു നയിക്കുമെന്നതാണ് ഏറ്റവും വലിയ കഷ്ടം.

**സദ് വാർത്ത**

യേശുക്രിസ്തുതന്നെ ജീവിച്ചിരുന്നത് ക്രമാസക്തമായ ഒരു കാലഘട്ടത്തിലാണ്. എന്നാലും അക്രമവും സമാധാനവും ഏറ്റുമുട്ടുന്ന യഥാർത്ഥ യുദ്ധഭൂമി മനുഷ്യഹൃദയമാണെന്ന് അവിടന്നു പഠിപ്പിച്ചു: "എന്തെന്നാൽ, ഉള്ളിൽ നിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ്, ദുഷ്ടചിന്തകൾ വരുന്നത്" (മർക്കോ 7:21). ഈ വിഷയത്തിൽ ക്രിസ്തുവിന്റെ സന്ദേശം മൗലികമായി ഭാവാത്മകമായ സമീപനം നല്കുന്നു. അവിടന്ന് നിരന്തരം ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തെപ്പറ്റി പ്രസംഗിച്ചു. ആ സ്നേഹം സ്വാഗതം ചെയ്യുന്നതും ക്ഷമിക്കുന്നതുമാണ്. ശത്രുക്കളെ സ്നേഹിക്കാനും (cf മത്താ 5:44) ശത്രുവിനു മറ്റേ കരണം കൂടി കാണിക്കാനും അവിടന്ന് പഠിപ്പിച്ചു (cf മത്താ 5:39). വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുന്നതിൽ നിന്ന് കുറ്റം പറയുന്നവരെ തടഞ്ഞപ്പോഴും (cf യോഹ 8:1-11), അവിടന്നു മരിക്കുന്നതിന്റെ തലേരാത്രി പത്രോസിനോട് വാൾ ഉപേക്ഷിക്കാൻ പറഞ്ഞപ്പോഴും അവിടന്ന് അക്രമരാഹിത്യത്തിന്റെ വഴി കാണിച്ചു. അവിടന്ന് അവസാനംവരെ, കുരിശുമരണം വരെ, ആ വഴിയേ സഞ്ചരിച്ചു. അങ്ങനെ അവിടന്ന് നമ്മുടെ സമാധാനമായി. ശത്രുതയ്ക്ക് വിരാമമിടുകയും ചെയ്തു (cf എഫേ 2:14-16). യേശുവിന്റെ സദ്‌വാർത്ത സ്വീകരിക്കുന്ന ആർക്കും ഉള്ളിലുള്ള അക്രമവാസനയെ അംഗീകരിക്കാനും ദൈവത്തിന്റെ കരുണയാൽ സൗഖ്യം പ്രാപിക്കാനും അങ്ങനെ അനുരഞ്ജനത്തിന്റെ ഉപകരണമായിത്തീരാനും സാധിക്കും. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ വാക്കുകളിൽ പറഞ്ഞാൽ, "നിങ്ങൾ വായ്കൊണ്ട് സമാധാനം അറിയിക്കുമ്പോൾ, നിങ്ങളുടെ ഹൃദയങ്ങളിൽ കൂടുതൽ അളവിൽ സമാധാനമുണ്ടെന്ന് ഉറപ്പുവരുത്തുവിൻ."[3]

യേശുവിന്റെ യഥാർത്ഥ അനുയായികളായിരിക്കുകയെന്നത് ഇന്നും അക്രമരാഹിത്യത്തെക്കുറിച്ചുള്ള അവിടത്തെ പ്രബോധനം സ്വീകരിക്കുകയെന്ന കാര്യം ഉൾക്കൊള്ളുന്നുണ്ട്. എന്റെ മുൻഗാമിയായ ബനഡിക്ട് 16-ാമൻ നിരീക്ഷിച്ചതുപോലെ ആ പ്രബോധനം "യാഥാർത്ഥ്യബോധമുള്ളതാണ്. എന്തെന്നാൽ അമിതമായ അക്രമവും അനീതിയും ലോകത്തിൽ ഉണ്ടെന്നും അതുകൊണ്ട് കൂടുതൽ

സ്നേഹംകൊണ്ടും കൂടുതൽ നന്മകൊണ്ടും ഈ സാഹചര്യത്തെ നേരിട്ടുകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും അതിനെ കീഴടക്കാനാവുകയില്ലെന്നും അത് കരുതുന്നു. ഈ "കൂടുതൽ" ദൈവത്തിൽ നിന്നു വരുന്നതാണ്.[4] അദ്ദേഹം തുടർന്ന് ഇങ്ങനെ ഊന്നിപ്പറയുന്നു: "ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അക്രമരാഹിത്യം നയതന്ത്രപരമായ പെരുമാറ്റമല്ല. പിന്നെയോ ആ വ്യക്തിയുടെ അസ്തിത്വശൈലിയാണ്. മനോഭാവമാണ്. സ്നേഹം സത്യം എന്നീ ആയുധങ്ങൾ മാത്രമുപയോഗിച്ച് തിന്മയെ കൈകാര്യം ചെയ്യാൻ ഭയപ്പെടേണ്ടതില്ലെന്നു കരുതത്തക്കവിധം ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും കുറിച്ച് അവബോധമുള്ള വ്യക്തിയുടെ മനോഭാവമാണത്. ശത്രുവിനോടുള്ള സ്നേഹം "ക്രൈസ്തവവിപ്ളവത്തിന്റെ ന്യൂക്ളിയസ്സാണ്."[5] നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ എന്ന സുവിശേഷകല്പന (cf ലൂക്ക 6:27). "ക്രൈസ്തവ അക്രമരാഹിത്യത്തിന്റെ മാഗ്നാകാർട്ടയായി തികച്ചും ന്യായപൂർവ്വം കരുതപ്പെടുന്നു. അതു തിന്മയ്ക്കു കീഴടങ്ങലല്ല. തിന്മയോട് നന്മകൊണ്ട് പ്രതികരിക്കലാണ് (cf റോമ 12: 17-21). അങ്ങനെ അനീതിയുടെ ചങ്ങല തകർക്കലാണ്."[6]

**അക്രമത്തേക്കാൾ ശക്തിയുള്ളത്**

4. അക്രമരാഹിത്യത്തെ ചിലപ്പോൾ കീഴടങ്ങലായും ഉൾപ്പെടാതിരിക്കലായും നിഷ്ക്രിയത്വമായും കരുതാറുണ്ട്. വിശുദ്ധ മദർ തെരേസ 1979 - ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം സ്വീകരിച്ചപ്പോൾ കാര്യക്ഷമമായ അക്രമരാഹിത്യത്തെക്കുറിച്ചുള്ള സ്വന്തം സന്ദേശം വ്യക്തമായി നല്കി. അവർ പറഞ്ഞു: "സമാധാനം സ്ഥാപിക്കാൻ വേണ്ടി നാശകരമായ ബോംബുകളും തോക്കുകളും നമ്മുടെ കുടുംബത്തിൽ ആവശ്യമില്ല. നമ്മൾ കൂടിച്ചേരുക. പരസ്പരം സ്നേഹിക്കുക. അങ്ങനെ ചെയ്താൽ ലോകത്തിലെ സകല തിന്മകളെയും നമുക്ക് കീഴടക്കാം."[7] എന്തെന്നാൽ യുദ്ധോപകരണങ്ങളുടെ ശക്തി വഞ്ചനാത്മകമാണ്. "ആയുധങ്ങളുടെ കള്ളക്കടത്തു നടത്തുന്നവർ അവരുടെ ജോലി ചെയ്യുമ്പോൾ പാവപ്പെട്ട സാമാധാനസ്ഥാപകർ ഒരു വ്യക്തിയെയും പിന്നെ മറ്റൊരു വ്യക്തിയെയും സഹായിക്കാൻ വേണ്ടി ജീവൻ ന്ലകുന്നു." മദർ തെരേസ അത്തരം

സാമാധാനസ്ഥാപകരുടെ "നമ്മുടെ കാലഘട്ടത്തിലെ സിംബലാണ്, ഐക്കൺ ആണ്."[8]

കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ വലിയ സന്തോഷം ഞാൻ അനുഭവിച്ചു. തന്നെത്തന്നെ എല്ലാവർക്കും സംലഭ്യയാക്കാൻ അവൾക്കുണ്ടായിരുന്ന സന്നദ്ധതയെ ഞാൻ പ്രശംസിച്ചു. "ജനിക്കാനിരിക്കുന്നതും പരിത്യജിക്കപ്പെട്ടതും അവഗണിക്കപ്പെട്ടതുമായ മനുഷ്യജീവനെ സ്വാഗതം ചെയ്തും സംരക്ഷിച്ചും അവർ സകലർക്കും സംലഭ്യമായി. മരിക്കാൻ വഴിയരികുകളിൽ ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവൾ കുമ്പിട്ടു. അവരിൽ ദൈവദത്തമായ മഹത്ത്വം ദർശിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അവൾ തന്റെ ശബ്ദം ലോകശക്തികളെ കേൾപ്പിച്ചു. അവരുടെ കുറ്റകൃത്യങ്ങളും അവർ സൃഷ്ടിച്ച ദാരിദ്ര്യവും മൂലം അവർ ചെയ്ത കുറ്റം അവർ തിരച്ചറിയുന്നതിനു വേണ്ടി ത്തന്നെ."[9] ആ കുറ്റത്തോടുള്ള പ്രതികരണമായിരുന്നു അവരുടെ ദൗത്യം. അവൾ ആയിരക്കണക്കിന് മനുഷ്യർക്കു വേണ്ടിപോലും - നിലകൊണ്ടു. സഹിക്കുന്നവരിലേക്ക് ഉദാരതാപൂർണ്ണമായ സമർപ്പണത്തിലൂടെ എത്തിച്ചേരുകയും മുറിവേറ്റ ഒരോ മനുഷ്യശരീരത്തേയും സ്പർശിക്കുകയും മുറിവുകെട്ടി സുഖപ്പെടുത്തുകയും, തകർന്ന ഓരോ ജീവിതത്തെയും സ്വസ്ഥമാക്കുകയും ചെയ്യുകയെന്നതായിരുന്നു അവളുടെ ദൗത്യം.

അക്രമരാഹിത്യത്തിന്റെ നിർണ്ണായകവും സുസ്ഥിരവുമായ അഭ്യസനം ശ്രദ്ധേയമായ ഫലങ്ങൾ പുറപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയിൽ മഹാത്മാഗാന്ധിയും അബ്ദുൾഗാഫർഖാനും വംശവിവേചനത്തിനതിരേ ഡോ. മാർട്ടിൻ ലൂഥർകിംഗ് ജൂനിയറും നേടിയ നേട്ടങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. സ്ത്രീകൾ പലപ്പോഴും അക്രമരാഹിത്യത്തിന്റെ പ്രത്യേക നേതൃത്വം വഹിക്കുന്നവരായിട്ടുണ്ട്. ലീമാ ഗ്ബോവീയും ആയിരക്കണക്കിനു ലിബേറിയൻ സ്ത്രീകളും അതിനുള്ള ഉദാഹരണങ്ങളാണ്. അവർ സഹായത്തിനുള്ള പ്രാർത്ഥനകളും അക്രമരഹിത പ്രതിഷേധങ്ങളും സംഘടിപ്പിക്കുകയും അതിന്റെ ഫലമായി ലിബേരിയയിൽ രണ്ടാം ആഭ്യന്തര യുദ്ധം അവസാനിപ്പിക്കാൻ ഉന്നതതലത്തിലുള്ള സമാധാന ചർച്ചകൾ നടക്കുകയും ചെയ്തു.

യൂറോപ്പിൽ കമ്യൂണിസ്റ്റ് ഭരണക്രമങ്ങളുടെ തകർച്ചയോടെ അവസാനിച്ച സംഭവബഹുലമായ ദശകത്തെ മറക്കാനും നമുക്കു സാധ്യമല്ല. ക്രൈസ്തവസമൂഹങ്ങൾ തീവ്രമായ പ്രാർത്ഥനയും ധീരതയാർന്ന പ്രവർത്തനവും വഴി തങ്ങളുടെ സംഭാവന നല്കി. വിശുദ്ധ ജോൺ പോൾ 2-ാമന്റെ ശുശ്രൂഷയും പ്രബോധനവും പ്രത്യേകമാംവിധം സ്വാധീനം ചെലുത്തി. എന്റെ ആ മുൻഗാമി 1991-ൽ എഴുതിയ "നൂറാം വർഷം" എന്ന ചാക്രികലേഖനത്തിൽ 1989-ലെ സംഭവങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ട് ഒരു വസ്തുത ഉയർത്തിക്കാണിച്ചു. "സമാധാനപൂർണ്ണമായ എതിർപ്പുവഴി സത്യത്തിന്റെയും നീതിയുടെയും ആയുധങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട്"[10] ജനതകളുടെയും രാജ്യങ്ങളുടെയും സ്റ്റേറ്റുകളുടെയും ജീവിതത്തിൽ ഗൗരവാവഹമായ മാറ്റങ്ങൾ ഉണ്ടായി എന്നതാണ് ആ വസ്തുത. അധികാരത്തിന്റെ ശക്തിയ്ക്കു കീഴ്പ്പെടാൻ സമ്മതിക്കാതെ സത്യത്തിനു സാക്ഷ്യം വഹിക്കാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ കണ്ടു പിടിക്കുന്നതിൽ വീണ്ടും വീണ്ടും വിജയിച്ച ജനങ്ങളുടെ അക്രമരഹിതമായ സമർപ്പണം കൊണ്ടാണ്, ഭാഗികമായ, സമാധാനപൂർണ്ണമായ ഈ രാഷ്ട്രീയ പരിവർത്തനം സാധ്യമായത്. ജോൺ പോൾ 2-ാമൻ മാർപാപ്പാ തുടർന്നു പറയുന്നു: "ആഭ്യന്തരതർക്കങ്ങളിൽ വർഗ്ഗ സമരവും അന്താരാഷ്ട്രതർക്കങ്ങളിൽ യുദ്ധവും ഉപേക്ഷിച്ചുകൊണ്ട് നീതിക്കുവേണ്ടി അക്രമം കൂടാതെ യുദ്ധം ചെയ്യാൻ ജനങ്ങൾ പഠിക്കട്ടെ."[11]

പല രാജ്യങ്ങളിലും അക്രമരഹിതമായ സമാധാനസ്ഥാപന സമരതന്ത്രങ്ങളിൽ സഭ ഏർപ്പെട്ടിട്ടുണ്ട്. നീതിപൂർവ്വകവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങളിൽ ഏറ്റവും അക്രമപരമായ പാർട്ടികളിൽ പോലും പ്രവർത്തിച്ചിട്ടുണ്ട്.

അനീതിയുടെയും അക്രമത്തിന്റെയും ഇരകൾക്കുവേണ്ടിയുള്ള അത്തരം പരിശ്രമങ്ങൾ കത്തോലിക്കാ സഭയുടെ മാത്രം ഇഷ്ടദാനമല്ല. പിന്നെയോ പല മതപാരമ്പര്യങ്ങൾക്കും സവിശേഷമായിട്ടുള്ളതാണ്. അവയിൽ "സഹതാപവും അക്രമരഹിത്യവും ജീവന്റെ വഴിചൂണ്ടിക്കാണിക്കുന്ന സാരാംശപരമായ ഘടകങ്ങളാണ്."[12] ഞാൻ വീണ്ടും ശക്തിയുക്തം ഉറപ്പിച്ചു പറയുന്നു: "ഒരു മതവും ഭീകരവാദപരമല്ല."[13] അക്രമം ദൈവനാമത്തെ ദുഷിപ്പിക്കുന്നു.[14] "ദൈവത്തിന്റെ

നാമം അക്രമത്തെ നീതികരിക്കുന്നതിന് ഉപയോഗിക്കാൻ പാടില്ല. സമാധാനം മാത്രമാണ് വിശുദ്ധം; സമാധാനം മാത്രമാണ്, യുദ്ധ മല്ല വിശുദ്ധം"[15] എന്നിങ്ങനെ ആവർത്തിച്ചു പറയുന്നതിൽ നാം ഒരി ക്കലും തളരരുത്.

**അക്രമരഹിത രാഷ്ട്രീയത്തിന്റെ കുടുംബപരമായ വേരുകൾ**

5. അക്രമത്തിന്റെ ഉറവിടം മനുഷ്യഹൃദയങ്ങളിലാണുള്ളതെങ്കിൽ കുടുംബങ്ങളിൽ അക്രമരാഹിത്യം അഭ്യസിക്കുകയെന്നത് മൗലികാ പ്രാധാന്യമുള്ള കാര്യമാണ്. സ്നേഹത്തിൽ നിന്നുള്ള സന്തോഷ ത്തിന്റെ ഭാഗമാണത്. അതിനെ സംബന്ധിച്ച് കഴിഞ്ഞ മാർച്ചു മാസ ത്തിൽ ഞാൻ പുറപ്പെടുവിച്ച "അമോരിസ് ലെത്തീസ്യ" (സ്നേഹ ത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച് രണ്ടു വർഷം സഭ വിചിന്തനം ചെയ്തതിന്റെ പിന്നാലെയാണ് ആ ആഹ്വാനം പുറപ്പെടുവിച്ചത്. ദമ്പതികൾ, മാതാപിതാക്കൾ, കുട്ടികൾ, സഹോദരീസഹോദരന്മാർ എന്നിവരെല്ലാം ആശയവിനിമയം നട ത്താനും പരസ്പരം ഉദാരതാപൂർണ്ണമായ താത്പര്യം കാണിക്കാനും പഠിക്കുന്ന അനുപേക്ഷണീയമായ മൂശയാണ് കുടുംബം: അവിടെ സംഘർഷങ്ങൾ, സംഘട്ടനങ്ങൾ പോലും പരിഹരിക്കപ്പെടണം. ബല പ്രയോഗം കൊണ്ടല്ല, പിന്നെയോ സ്നേഹസംവാദം, ബഹുമാനം, അപരന്റെ നന്മയോടുള്ള താത്പര്യം, കാരുണ്യം, മാപ്പുകൊടുക്കൽ എന്നിവകൊണ്ടാണ് പരിഹരിക്കപ്പെടേണ്ടത്.[16] കുടുംബങ്ങളിൽ നിന്ന് സ്നേഹത്തിന്റെ സന്തോഷം ലോകത്തിലേക്ക് പ്രവഹിക്കുകയും മുഴു വൻ സമൂഹത്തിലേക്കും പ്രകാശം പ്രസരിപ്പിക്കുകയും ചെയ്യുന്നു.[17] വ്യക്തികൾ തമ്മിലും ജനതകൾ തമ്മിലുമുള്ള സാഹോദര്യ ത്തിന്റെയും സമാധാനപൂർവ്വകമായ സഹാസ്തിത്വത്തിന്റെയും പെരു മാറ്റ ശാസ്ത്രം അടിയുറപ്പിക്കേണ്ടത് ഭയത്തിന്റെയും അക്രമ ത്തിന്റെയും മനസ്സ് അടച്ചു പൂട്ടലിന്റെയും യുക്തിയിലല്ല. പിന്നെയോ ഉത്തരവാദിത്വത്തിന്റെയും ബഹുമാനത്തിന്റെയും ആത്മാർത്ഥമായ സംവാദത്തിന്റെയും യുക്തിയിലാണ്. അതുകൊണ്ട്, നിരായുധീക രണം, ന്യൂക്ലിയർ ആയുധങ്ങളുടെ നിരോധനം, അവയുടെ നീക്കി ക്കളയൽ എന്നിവ നടപ്പാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ന്യൂക്ലി

യർ ആയുധങ്ങൾകൊണ്ട് ഭയപ്പെടുത്തി ഓടിക്കൽ, തീർച്ചപ്പെടുത്തിയ പരസ്പര നശീകരണം എന്നിവ അത്തരം ഒരു പെരുമാറ്റ ശാസ്ത്രത്തിൽ അടിയുറപ്പിക്കപ്പെടാനാവുകയില്ല.[18] കുടുംബപരമായ ക്രമങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും ദുരുപയോഗവും അവസാനിപ്പിക്കണമെന്ന് തുല്യമായ അടിയന്തിരാവശ്യത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

നവംബർ മാസത്തിൽ അവസാനിച്ച കരുണയുടെ ജൂബിലി നമ്മുടെ ഉള്ളിലേക്കു തിരിഞ്ഞു നോക്കാനും അവിടേയ്ക്ക് ദൈവത്തിന്റെ കാരുണ്യത്തെ പ്രവേശിപ്പിക്കാനും നമ്മെ ഓരോരുത്തരെയും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എത്രമാത്രം വ്യക്തികളും സാമൂഹികഗ്രൂപ്പുകളുമാണ് നിസ്സംഗതയോടെ പെരുമാറപ്പെടുന്നതും അനീതിക്കും അക്രമത്തിനും ഇരകളാക്കപ്പെടുന്നതും എന്ന് മനസ്സിലാക്കാൻ ജൂബിലി നമ്മെ പഠിപ്പിച്ചു. അത്തരം ആളുകളും നമ്മുടെ "കുടുംബ"ത്തിന്റെ ഭാഗമാണ്. അവരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. അക്രമരാഹിത്യത്തിന്റെ രാഷ്ട്രീയം കുടുംബങ്ങളിൽ തുടങ്ങണം. എന്നിട്ട് അത് മുഴുവൻ മനുഷ്യകുടുംബത്തിലേക്കും വ്യാപിക്കണം. സ്നേഹത്തിന്റെ ചെറിയ വഴികൾ അഭ്യസിക്കാൻ ലിസ്യൂവിലെ കൊച്ചുത്രേസ്യ നമ്മെ ക്ഷണിക്കുന്നു. സമാധാനവും സൗഹൃദബന്ധവും വിതയ്ക്കുന്ന ദയാപൂർണ്ണമായ ഒരു വാക്കോ ഒരു പുഞ്ചിരിയോ, ഒരു ചെറിയ ആംഗ്യമോ നഷ്ടപ്പെടുത്തരുതെന്ന് ആ വിശുദ്ധ നമ്മോട് പറയുന്നു. അക്രമത്തിന്റെ യുക്തി, ചൂഷണം, സ്വാർത്ഥത എന്നിവയെ തകർക്കുന്ന ലളിതമായ അനുദിനപ്രവൃത്തികൾകൊണ്ട് സമഗ്രമായ പരിസ്ഥിതിയും സൃഷ്ടിക്കാൻ കഴിയും.[19]

**എന്റെ ക്ഷണം**

പ്രവർത്തനക്ഷമമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കുകയെന്നത് സഭയുടെ നിരന്തര പരിശ്രമങ്ങൾക്കു ലഭിക്കുന്ന സ്വാഭാവികവും അവശ്യാവശ്യകവുമായ പ്രശംസയണ്. ധാർമ്മികനിയമങ്ങൾ പ്രയോഗിച്ച് ബലപ്രയോഗത്തിന്റെ ഉപയോഗത്തെ പരിമിതപ്പെടുത്തുന്നുണ്ട്. അവൾ അപ്രകാരം ചെയ്യുന്നത് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന ജോലികളിലൂടെയും എല്ലാ തലങ്ങളിലും നിയമനിർമാണം നടത്തുന്നതിന് അനേകം

ക്രൈസ്തവർ നല്കുന്ന വൈദഗ്ധ്യമുള്ള സംഭാവനകളിലൂടെയുമാണ്. യേശുക്രിസ്തു തന്നെ മലയിലെ പ്രഭാഷണത്തിൽ സമാധാനസൃഷ്ടിക്കുള്ള ഉപായത്തിനു വേണ്ട "കൈപ്പുസ്തകം" നല്കുന്നുണ്ട്. ഭാഗ്യവാനും നല്ലവനും ആത്മാർത്ഥതയുള്ളവനെന്നു നമുക്കു വിവരിക്കാനാവുന്ന ഒരു വ്യക്തിയുടെ ചിത്രം അഷ്ടസൗഭാഗ്യങ്ങളിൽ നല്കുന്നുണ്ട് (cf മത്താ: 5:3-10). സൗമ്യശീലരും, കരുണാപൂർണരും, സമാധാനസ്ഥാപകരും, ഹൃദയശുദ്ധിയുള്ളവരും നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും ഭാഗ്യവാന്മാരാണെന്ന് യേശു നമ്മോടു പറയുന്നു.

രാഷ്ട്രീയ നേതാക്കൾക്കും മതനേതാക്കൾക്കും അന്താരാഷ്ട സ്ഥാപനങ്ങളുടെ തലവന്മാർക്കും ബിസിനസ്സിലും മീഡിയയിലും കാര്യ നിർവാഹകരായിക്കഴിയുന്നവർക്കും കൂടി ഇത് ഒരു കർമ്മപദ്ധതിയും വെല്ലുവിളിയുമാണ്. അവരുടെ ഉത്തരവാദിത്വങ്ങളുടെ നിർവഹിക്കലിൽ അഷ്ടസൗഭാഗ്യം പ്രയോഗിക്കുക. സമാധാനസ്ഥാപകരായി പ്രവർത്തിച്ചുകൊണ്ട് സമൂഹം, സമുദായങ്ങൾ, ബിസിനസ്സ് എന്നിവ പടുത്തുയർത്താനുള്ള വെല്ലുവിളിയാണതിത്. ആളുകളെ അവഗണിക്കാതെയും പരിസ്ഥിതിയെ ദ്രോഹിക്കാതെയും എന്തു വിലകൊടുത്തും ജയിക്കാൻ പരിശ്രമിക്കാതെയും കാരുണ്യം കാണിക്കുകയെന്നതാണത്. അങ്ങനെ ചെയ്യുന്നതിന് "ഒത്തൊരുമിച്ച് സംഘട്ടനങ്ങളെ നേരിടാനും അതു പരിഹരിക്കാനും പുതിയ ഒരു പ്രക്രിയയ്ക്ക് അതിനെ ഒരു ചങ്ങലക്കണ്ണിയാക്കാനുമുള്ള മനസ്സുണ്ടായിരിക്കണം."[20] ചരിത്രം സൃഷ്ടിക്കാനും സമൂഹത്തിൽ സൗഹൃദബന്ധം സ്ഥാപിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ ഐക്യദാർഢ്യത്തെ തിരഞ്ഞെടുക്കുകയെന്നതാണ് ഈ വിധത്തിൽ പ്രവർത്തിക്കുകയെന്നതിന്റെ അർത്ഥം. ഐക്യം യഥാർത്ഥത്തിൽ സംഘട്ടനത്തേക്കാൾ കൂടുതൽ ശക്തവും കൂടുതൽ ഫലദായകവുമാണെന്ന് കാണിക്കാനുള്ള ഒരു മാർഗ്ഗമാണ് പ്രവർത്തനക്ഷമമായ അക്രമരാഹിത്യം. ലോകത്തിലുള്ളതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്.[21] തീർച്ചയായും. വ്യത്യാസങ്ങൾ സംഘർഷങ്ങൾക്ക് കാരണമാകും. എന്നാൽ അവയെ നിർമ്മാണാത്മകമായും അക്രമരഹിതമായും നേരിടാം. അങ്ങനെ, "സംഘങ്ങൾക്കും എതിർപ്പുകൾക്കും വിവിധരീതികളിലുള്ളതും ജീവദായകവുമായ ഐക്യം

നേടാനാവും. രണ്ടു കക്ഷികൾക്കും സാധുവായിട്ടുള്ളതും ഉപകാര പ്രദമായിട്ടുള്ളതും സംരക്ഷിച്ചുകൊണ്ട് അതു നേടാനാവും.[22]

സജീവവും സർഗാത്മകവുമായ അക്രമരാഹിത്യത്തിലൂടെ സമാധാനം സ്ഥാപിക്കാനുള്ള എല്ലാ പരിശ്രമങ്ങളിലും സഭയുടെ സഹായമുണ്ടാകുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. സമഗ്ര മാനുഷിക വികസനത്തെ വളർത്തുന്നതിനുള്ള പുതിയ വകുപ്പ് 2017 ജനുവരി 1-ന് പ്രവർത്തിച്ചു തുടങ്ങും. പൂർവ്വാധികം കാര്യക്ഷമമായ വിധത്തിൽ "നീതി സമാധാനം സൃഷ്ടി സംരക്ഷണം" എന്നീ അമൂല്യനന്മകളെ പോഷിപ്പിക്കാൻ സഭ നടത്തുന്ന പ്രവർത്തനങ്ങളെ അതു സഹായിക്കും. കുടിയേറ്റക്കാർ, ആവശ്യത്തിൽപെട്ടവർ, രോഗികൾ, സമുദായത്തിൽനിന്നും പുറം തള്ളപ്പെട്ടവർ, പാർശ്വവത്കരിക്കപ്പെട്ടവർ, ബന്ധനസ്ഥർ, തൊഴിൽരഹിതർ എന്നിവരെയും അതുപോലെ സായുദ്ധ യുദ്ധത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും അടിമത്തത്തിന്റെയും പീഡനത്തിന്റെയും എല്ലാ രൂപങ്ങളിലും പെട്ടവരോടുള്ള"[23] സഭയുടെ താത്പര്യം വളർത്താൻ അതു സഹായിക്കും. അത്തരത്തിലുള്ള ഓരോ പ്രത്യുത്തരവും - അത് എത്ര മിതമാണെങ്കിലും - അക്രമ വിമുക്തമായ ഒരു ലോകം പടുത്തുയർത്താൻ സഹായിക്കും. അത് നീതിയിലേക്കും സമാധാനത്തിലേക്കുമുള്ള ആദ്യത്തെ ചുവടുവയ്പായിരിക്കും.

7. പാരമ്പര്യമനുസരിച്ച് ഇന്ന് ഡിസംബർ 8-ാംതീയതി, കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ ദിവസം, ഈ സന്ദേശത്തിൽ ഞാൻ ഒപ്പു വയ്ക്കുന്നു. മറിയം സമാധാനരാജ്ഞിയാണ്. അവളുടെ പുത്രൻ ജനിച്ചപ്പോൾ മാലാഖമാർ ദൈവമഹത്ത്വത്തെ പ്രകീർത്തിക്കുകയും ഭൂമിയിൽ സന്മനസ്സുള്ള സകല സ്ത്രീ പുരുഷന്മാർക്കും സമാധാനം ആശംസിക്കുകയും ചെയ്തു (cf ലൂക്ക: 2:14). അവളുടെ മാർഗ്ഗ നിർദ്ദേശത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

"നമ്മൾ എല്ലാവരും സമാധാനം ആവശ്യപ്പെടുന്നു. അനേകം പേർ അനുദിനം ചെറിയ ആംഗ്യങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സമാധാനം സ്ഥാപിക്കുന്നുണ്ട്. അവരിൽ പലരും പീഡ സഹിക്കുന്നവരാണ്, എന്നാലും സമാധാനസ്ഥാപകരാകാനുള്ള പരിശ്രമങ്ങളിൽ അവർ ക്ഷമാപൂർവ്വം നിലനില്ക്കുന്നു."[24]

നമ്മുടെ ഹൃദയങ്ങളിൽനിന്നും വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും അക്രമം ഒഴിവാക്കാനും അക്രമാസക്തിയില്ലാത്തവരാകാനും നമ്മുടെ പൊതു ഭവനത്തെ സംരക്ഷിക്കുന്ന അക്രമരഹിത സമൂഹങ്ങളെ പടുത്തുയർത്താനും 2017-ാം വർഷത്തിൽ നമുക്ക് പ്രാർത്ഥനയോടെ സജീവമായി സ്വയം സമർപ്പിക്കാം. "പ്രാർത്ഥനയിൽ ദൈവത്തിലേക്കു തിരിഞ്ഞാൽ ഒന്നും അസാധ്യമാകുകയില്ല. എല്ലാ വ്യക്തിക്കും സമാധാനസ്ഥാപകനാകാൻ സാധിക്കും."[25]

വത്തിക്കാനിൽ നിന്ന്

8 ഡിസംബർ 2016

**ഫ്രാൻസീസ് മാർപാപ്പാ**

**Footnote**

[1] Apostolic Exhortation Evangelii Gaudium, 228.

[2] PAUL VI, Message for the First World Day of Peace, 1 January 1968.

[3] "The Legend of the Three Companions", Fonti Francescane, No. 1469.

[4] BENEDICT XVI, Angelus, 18 February 2007.

[5] Ibid.

[6] Ibid.

[7] MOTHER TERESA, Nobel Lecture, 11 December 1979.

[8] Meditation, "The Road of Peace", Chapel of the Domus Sanctae Marthae, 19 November 2015.

[9] Homily for the Canonization of Mother Teresa of Calcutta, 4 September 2016.

[10] No. 23.

[11] Ibid.

[12] Address to Representatives of Different Religions, 3 November 2016.

[13] Address to the Third World Meeting of Popular Movements, 5 November 2016.

[14] Cf. Address at the Interreligious Meeting with the Sheikh of the Muslims of the Caucasus and Representatives of Different Religious Communities, Baku, 2 October 2016.

[15]Address in Assisi, 20 October 2016.

[16] Cf. Post-Synodal Apostolic Exhortation Amoris Laetitia, 90-130.

[17] Cf. ibid., 133, 194, 234.

[18] Cf. Message for the Conference on the Humanitarian Impact of Nuclear Weapons, 7 December 2014.

[19] Encyclical Laudato Si', 230.

[20] Apostolic Exhortation Evangelii Gaudium, 227.

[21] Cf. Encyclical Laudato Si', 16, 117, 138.

[22] Apostolic Exhortation Evangelii Gaudium, 228.

[23] Apostolic Letter issued Motu Proprio instituting the Dicastery for Promoting Integral Human Development, 17 August 2016.

[24] Regina Coeli, Bethlehem, 25 May 2014.

[25]Appeal, Assisi, 20 September 2016.

Prot. No. 1625/2016

# സീറോ മലബാർ മിഷൻ വാരാചരണം

(2017 ജനുവരി 6-12)

## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭയ്ക്ക് ഇന്നൊരു ആഗോള സ്വഭാവം ഉണ്ട്. സഭാതനയർ ചെന്നെത്താത്ത ഇടങ്ങളോ എത്തിപ്പിടിക്കാത്ത മേഖലകളോ ചുരുക്കമാണ്. അവരുടെ വിശ്വാസജീവിതം ക്രൈസ്തവസാക്ഷ്യത്തിന്റെ നല്ല പ്രകാശനമാണ്. കേരളത്തിലെ സീറോ മലബാർ സഭ ഇതിനോടകം കൈവരിച്ച ആത്മീയമായ ഉൾക്കരുത്തിന്റെ തെളിവുമാണത്.

'ഭാരതമേ നിൻ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ XIII-ാം മാർപാപ്പയുടെ വാക്കുകൾ പകർന്നുതന്ന പ്രചോദനത്തോടെ മിഷൻലീഗ്, സി. എൽ. സി., യൂത്ത് മൂവ്മെന്റ്, ജീസസ് യൂത്ത്, വിൻസെന്റ് ഡി പോൾ, മാതൃവേദി തുടങ്ങിയ ഭക്തസംഘടനകളും മിഷൻ ചൈതന്യത്തോടെ പ്രവർത്തനനിരതമായിരിക്കുന്നു.

'നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ടാണല്ലോ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് പ്രേഷിതരായി പോയതും ക്രിസ്തീയ സമൂഹങ്ങൾക്ക് അടിസ്ഥാനമിട്ടതും. ഈ പ്രേഷിതചൈതന്യം സഭാമ

ക്കളിൽ വളർത്തുകയും ഉജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നതാണ് സീറോ-മലബാർ പ്രേഷിതവാരാചരണത്തിന്റെ ലക്ഷ്യം.'സഭ സ്വഭാവത്താലെ പ്രേഷിതയാണ്'(AG 2). ആയതിനാൽ സഭാമക്കൾ പ്രേഷിതചൈതന്യം നിറഞ്ഞവരാകണം. തന്മൂലം നമ്മുടെ കഴിവും ജീവിതാന്തസ്സും സാഹചര്യങ്ങളും അനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിതപ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ ഏവരേയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

പ്രേഷിതവാരമായി നിശ്ചയിച്ചിരിക്കുന്നത് ദനഹാ തിരുനാൾ തുടങ്ങിയുള്ള ഒരാഴ്ചക്കാലമാണ് (ജനുവരി 6-12). മിഷനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും മിഷനറിമാരെ പ്രോത്സാഹിപ്പിക്കുവാനും ഈയവസരം നമ്മെ സഹായിക്കട്ടെ! മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ആഴമായ അവബോധം സൃഷ്ടിക്കുവാൻ ഉതകുന്ന രീതിയിൽ സെമിനാറുകളും ക്ലാസ്സുകളും മിഷൻമേളകളും ഇടവക തലങ്ങളിൽ സംഘടിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. സീറോ -മലബാർ സഭാതനയർ എല്ലാവരും മിഷൻ തീക്ഷ്ണതകൊണ്ട് നിറയുവാൻ പ്രേഷിതവാരാചരണം കാരണമാകട്ടെ!

2016 ആഗസ്റ്റ് മാസത്തിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായ 'ജീവിതത്തിലെ ലാളിത്യം' മിഷൻ ചൈതന്യത്തിലും ഉണ്ടായിരിക്കണം. നമ്മുടെ ആഘോഷങ്ങളിലും തിരുനാളുകളിലും കടന്നുകൂടുന്ന ആർഭാടവും ധൂർത്തും നിർബന്ധമായും ഒഴിവാക്കുവാനും അപ്രകാരം സമാഹരിക്കുന്ന തുകയിൽ ഒരുഭാഗമെങ്കിലും മിഷൻ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുവാനും പരിശ്രമിക്കണം. ഓരോ വ്യക്തിയും കുടുംബവും ഇടവകയും സ്ഥാപനവും മിഷനുവേണ്ടി എന്തുചെയ്യുന്നുവെന്ന് ആത്മശോധനചെയ്യാൻ മിഷൻവാരം കാരണമാകണം. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്. സമൂഹത്തിൽ അവഗണിക്കപ്പെട്ടു കഴിയുന്നവരോട് അനുകമ്പയുടെ സുവിശേഷം പ്രഘോഷിക്കുന്ന പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ശൈലിയും, എത്ര ചെറിയ കാര്യവും ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യുമ്പോൾ അത് വലിയ സുവിശേഷവേലയായി മാറുന്നുവെ വിശുദ്ധ മദർ തെരേസയുടെ വാക്കുകളും നമുക്ക് പ്രചോദനമാകട്ടെ!

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനുകളെ സഹായിക്കുവാനുമായി 'സീറോമലബാർ മിഷൻ' എന്ന പേരിൽ ഒരു ഓഫീസ് സഭാകാര്യാലയമായ മൗണ്ട് സെന്റ്തോമസിൽ പ്രവർത്തിക്കുകാര്യം ഓർമ്മപ്പെടുത്തുന്നു. സഭയുടെ വളർച്ചയിലും, മിഷൻ പ്രവർത്തനങ്ങളിലും വളരെ ശ്ലാഘനീയമായ കാര്യങ്ങളാണ് 'സീറോ-മലബാർ മിഷൻ' കാഴ്ചവയ്ക്കുന്നത്. നമ്മുടെ സഭയിലെ അനേകം മിഷനുകളെയും വൈദിക-സന്യസ്തരെയും ഈ ഓഫീസുവഴി സഹായിക്കുന്നുണ്ട്. സഭയിൽനിന്ന് മിഷൻ പ്രവർത്തനത്തിനായി പോകു വൈദിക-സ്യാസാർത്ഥിനികളുടെ പരിശീലനത്തിൽ (Sponsor a Seminarian/ Sponsor a Sister) സാമ്പത്തികമായി സഹായിക്കുവാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുതാണ്.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' (യോഹ 11:16) എന്ന വാക്കുകൾ പ്രേഷിത തീക്ഷ്ണതയുടെ ഏറ്റവും വലിയ തെളിവാണ്. ഭാരതത്തിലേക്ക് ശ്ലീഹാ നടത്തിയ സാഹസിക യാത്രയും കൈവരിച്ച ധീര രക്തസാക്ഷിത്വവും നമുക്ക് മിഷനെ അറിയുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും ശക്തിപകരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ George Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം മാണ്ട് ഒക്ടോബർ മാസം 16-ാം തീയതി നൽകപ്പെട്ടത്.

NB: 1. 2016 ഡിസംബർ 18-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2.'ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കു സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2017 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 2994/K-5/KCBC/OL/DS

16.12.2016

## 2017 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന
## സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാ വർഷവും ജനുവരി 15 ന് കർഷകദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും വെറും ചടങ്ങുകൾക്കപ്പുറം കാർഷികമേഖലയുടെ സമഗ്രവളർച്ചയ്ക്കായി സർക്കാർവക കർഷകദിനാഘോഷങ്ങൾ ഉപകരിക്കുന്നില്ലന്നുള്ള യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ ജനുവരി 15 കർഷകദിനമായി കേരളസഭ ആചരിക്കുവാൻ തീരുമാനിച്ചത്.

ഇൻഫാം ശബ്ദമില്ലാത്തവരുടെ ശബ്ദവും അസംഘടിത കർഷകസമൂഹത്തിന്റെ പ്രതീക്ഷയുമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകരെ നിരന്തരം ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും സമൂഹത്തിലെ അദ്ധ്വാനവർഗ്ഗത്തെ കൈപിടിച്ചുയർത്തുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്യുന്ന സ്വതന്ത്ര കർഷകപ്രസ്ഥാനമാണിത്.

കർഷകർ ഉല്പാദന പ്രക്രിയയിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകില്ലന്നു മനസിലാക്കി സംഭരണ സംസ്കരണ വിപണന സാധ്യതകളും തന്ത്രങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കി കർഷകരുടെ നന്മകൾ തിരിച്ചറിയാത്ത രാഷ്ട്രീയ ഭരണനേതൃത്വങ്ങളേയും അവരെ നിയന്ത്രിക്കുന്ന കർഷകവിരുദ്ധ ശക്തികളേയും സധൈര്യം നേരിട്ട് കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകളായി ഇൻഫാം പ്രവർത്തനനിരതമാണ്.

ആധുനിക ശാസ്ത്ര പുരോഗതിയുടെ കുത്തൊഴുക്കിൽ എല്ലാം കടപുഴകിക്കൊണ്ടുള്ള കാർഷികവളർച്ചയല്ല നാം ലക്ഷ്യമിടുന്നത്. പഴമയിലെ എല്ലാ നന്മകളേയും സ്വീകരിച്ചുകൊണ്ട് ആധുനികതയുടെ സഹായത്തോടുകൂടിയ വികസനമാണ് നമ്മുടെ ലക്ഷ്യം. കാരണം പരമ്പരാഗത കൃഷിരീതികൾ നൂറ്റാണ്ടുകളുടെ അനുഭവത്തിൽകൂടി ഉരുത്തിരിഞ്ഞതും ഒത്തിരിയേറെ ഋഷിമാരുടേയും സിദ്ധന്മാരുടേയും ശ്രുതിയിലും സ്മൃതിയിലും കൂടി രൂപപ്പെട്ടുവന്നിട്ടുള്ളതുമാണ്. അവയുടെ അന്തഃസത്ത മനസിലാക്കാതെ അവയെ വിലയിരുത്തുവാനോ വിലമതിക്കുവാനോ സാധ്യമല്ല. അതുകൊണ്ട് ഏത് കാർഷിക വികസനചിന്തയും രൂപപ്പെടുത്തുമ്പോൾ പഴമയ്ക്ക് കൊടുക്കേണ്ട സ്ഥാനം കൊടുത്തിരിക്കണമെന്നാണ് ഇൻഫാമിന്റെ അടിസ്ഥാന കാർഷിക വികസനകാഴ്ചപ്പാട്. വായുവും വെള്ളവും മാത്രമേ മനുഷ്യന് വിലകൊടുക്കാതെ കിട്ടുന്ന രണ്ടു പ്രകൃതി വിഭവങ്ങളായി അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. വെള്ളവും വൻകിട കമ്പനിക്കാരന്റെ വ്യവസായ ഉല്പന്നമായി മാറിക്കഴിഞ്ഞു. വെള്ളം നിറയ്ക്കുന്ന കുപ്പികളും അത്യന്തം മാരകമായിത്തീർന്നിരിക്കുകയാണ്. ഫാക്ടറികളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ തള്ളുന്ന മലിനജലം നദികളെ നശിപ്പിക്കുന്നു. അതിലെ മത്സ്യസമ്പത്തും കുടിവെള്ളവും വലിയ പ്രശ്നമായിതീർന്നിരിക്കുകയാണ്. അന്തകവിത്തുകളുമായി വരുന്ന കുത്തക വിദേശ സ്വദേശ കമ്പനികൾ കൃഷിയുടെ മരണമണി മുഴക്കുന്നു. രാസവളങ്ങളും കീടനാശിനികളും കൃഷിയേയും ഭൂമിയേയും മാത്രമല്ല കൃഷിക്കാരനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിത്തുകളുടെ നിയന്ത്രണം പൂർണ്ണമായും കർഷകനു വേണമെന്നാണ് ഇൻഫാമിന്റെ നിലപാട്. കാർഷിക പുരോഗതി കർഷകന്റ കണ്ടുപിടുത്തങ്ങളിൽ നിന്നാണുണ്ടാകേണ്ടത്. പ്രഗത്ഭരായ കർഷകശാസ്ത്രജ്ഞന്മാരുടെ മണ്ണാണ് കേരളം. കർഷകന്റെ അറിവും ബുദ്ധിയും കഴിവും ശാസ്ത്രത്തിന്റെ പിൻബലത്തോടെ കർമ്മനിരതമാക്കാനുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത്.

ജലം ജീവനാണ്. ജലസംഭരണ സംരക്ഷണ വിനിമയം പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ ഫലപ്രദമാകണം. കാലങ്ങൾ മാറുന്നതിനുസരിച്ച് കുടിവെള്ള പ്രശ്നങ്ങൾ അതിരൂക്ഷമാകുന്നു. കൃഷിക്കാവശ്യമായ വെള്ളസംഭരണത്തിനുള്ള പദ്ധതികളും കാര്യക്ഷമമാകുന്നില്ല. എക്കാലവും നിലനിൽക്കുന്ന കൃഷി ജൈവകൃഷിയാണെന്നതിൽ സംശയമില്ല. ആധുനിക തലമുറയെ ജൈവകൃഷിയുടെ തലങ്ങളിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതികളിൽ വരുംനാളുകളിൽ ഇൻഫാം കൂടുതൽ സജീവമാകുകയാണ്.

ഇന്ത്യൻ കാർഷികമേഖല ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 1940 കളിലെ ഗ്രോമോർ ഫുഡ് പദ്ധതിയും 1950 കളിലെ ഭക്ഷ്യനാണ്യ ഉല്പാദനപദ്ധതിയും 1968 ലെ ഹരിതവിപ്ലവവും കാർഷികമേഖലയ്ക്ക് കൂടുതൽ ഉണർവ്വേകി. എന്നാൽ 1990 കളിലെ ഉദാരവൽക്കരണവും തുടർന്ന് ആഗോളവിപണിയായി രാജ്യത്തെ തുറന്നുകൊടുത്തതും 1995 ൽ ഗാട്ട് കരാറിനെത്തുടർന്ന് ലോകവ്യാപാരസംഘടനയുടെ നിബന്ധനകൾക്ക് വിധേയമായതും ഏറ്റവും വെല്ലുവിളിയുയർത്തിയത് കാർഷികമേഖലയ്ക്കാണ്. 2004 ലെ ആസിയാൻ കരാറും 2009 ൽ ആസിയാൻ രാജ്യങ്ങളുമായുള്ള ചരക്കു ഗതാഗത നിയന്ത്രണം എടുത്തുകളഞ്ഞ് സ്വതന്ത്രവ്യാപാരത്തിലേർപ്പെട്ടതും ഇന്ത്യൻ കാർഷികവിപണിയുടെ തകർച്ചയ്ക്കിടയാക്കി. ഇത്തരം രാജ്യാന്തര കരാറുകളുടെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്ന കാർഷികപ്രതിസന്ധിയുടെ മുഖ്യകാരണം.

ആരോഗ്യപൂർണ്ണമായ ഒരു കാർഷിക സംസ്കാരത്തിനുമാത്രമേ നാടിന്റെ സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് ശക്തി പകരുന്ന ആഭ്യന്തര കമ്പോളം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കർഷകരെ മറന്നുള്ള ഉദ്യോഗസ്ഥ ഭരണ രാഷ്ട്രീയ നേതൃത്വങ്ങളുടെ വികലമായ വികസന അജണ്ടകൾ ഭാരതത്തിന്റെ ഭക്ഷ്യഉല്പാദനത്തിലും ധാന്യഉപഭോഗത്തിലും ഇന്ന് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഭക്ഷ്യസുരക്ഷയെക്കുറിച്ച് കൊട്ടിഘോഷിക്കുമ്പോഴും zero poverty സ്വപ്നം മാത്രമായി നിലനിൽക്കുന്നു. ഗ്രാമീണ

കാർഷിക മേഖലകളിൽ സർക്കാരിന്റെ വികസന ചെലവുകൾ ഗണ്യമായി വെട്ടിച്ചുരുക്കുക മാത്രമല്ല കർഷകരെ രണ്ടാംതരം പൗരന്മാരായി കാണുന്ന മനോഭാവം രൂപപ്പെട്ടിരിക്കുന്നത് നിരാശാജനകമാണ്.

സർക്കാർ സഹായത്തോടെ നടത്തുന്ന കാർഷിക ഗവേഷണങ്ങളുടെ സദ്ഫലങ്ങൾ കർഷകർക്ക് എത്തിക്കുന്നതിലും പ്രായോഗികനടപടികളിലും ഭരണ സംവിധാനങ്ങൾ വിജയിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തപ്പെടണം. ഭക്ഷ്യധാന്യങ്ങളുടെ പൊതുസംഭരണവും, വിതരണവുമിന്ന് കാര്യക്ഷമമല്ല. കർഷകർക്ക് ന്യായവിലയ്ക്കുള്ള ഒരു നിശ്ചിത കമ്പോളം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഉല്പാദന വർദ്ധനവിനുള്ള സാഹചര്യവും ഇല്ലാതായിരിക്കുന്നു.

കർഷകർക്കുള്ള വിത്തും, വളവും വൻതോതിൽ വെട്ടിക്കുറച്ചതും, വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ നിർത്തലാക്കിയതും, കാര്യക്ഷമമായ ബദൽ സംവിധാനങ്ങളേർപ്പെടുത്താതെ നോട്ടുപിൻവലിച്ചതും, സഹകരണപ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ഗ്രാമീണ കാർഷികമേഖലയിലെ പ്രതിസന്ധികൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നതുകൂടാതെ സ്ഥിരതയുള്ള ഉല്പന്നകമ്പോളവും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.

കേന്ദ്രസർക്കാർ ഏർപ്പെടാനൊരുങ്ങുന്ന വിവിധ രാജ്യാന്തര കാർഷിക കരാറുകൾ ആഭ്യന്തര കാർഷികമേഖലയിൽ വരും നാളുകളിൽ കൂടുതൽ വെല്ലുവിളികളുയർത്തും. സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടി(ആർസിഇപി)യിലൂടെ ഇന്ത്യയും ചൈനയും ആസിയാൻ രാജ്യങ്ങളുമുൾപ്പെടെ 16 രാജ്യങ്ങൾ ചേർന്നുള്ള ഒറ്റ കമ്പോളം രൂപപ്പെട്ടുവരുന്നു. നികുതിരഹിത ഇറക്കുമതിയാണ് ഈ ഉടമ്പടിയുടെ പ്രധാനലക്ഷ്യം. വാണിജ്യതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കർഷകനേയും കാർഷികമേഖലയേയും ബലികൊടുക്കുന്ന സാഹചര്യം ആശങ്കയുളവാക്കുന്നു. രാജ്യാന്തര കാർഷിക ഉടമ്പടികളിലൂടെ നേരിടാവുന്ന വെല്ലുവിളികളെക്കുറിച്ച് കർഷകരെ

ബോധവൽക്കരിക്കാനും ബദൽസംവിധാനമൊരുക്കുവാനുമുള്ള പ്രവാചകദൗത്യം നിർവഹിക്കുവാൻ ഓരോരുത്തരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള കർഷകസമൂഹത്തിൽ ഒരു കൊടുങ്കാറ്റുപോലെ ഒന്നരപതിറ്റാണ്ടുമുമ്പ് ഇൻഫാം ആഞ്ഞടിച്ചപ്പോൾ ജനമിളകി. അധികാരകേന്ദ്രങ്ങൾ ഞെട്ടി. പുത്തൻ കാർഷിക സംസ്കാരത്തിന്റെ നാമ്പുകൾ പൊട്ടിമുളച്ചു. വർഷങ്ങളായുള്ള അതിന്റെ അലയടികൾ ഈ മണ്ണിൽ ഇന്നും നിലനിൽക്കുന്നു. കഴിഞ്ഞ നാളുകളിലെ അനുഭവങ്ങളും നൊമ്പരങ്ങളും നേട്ടങ്ങളും ഉള്ളിലൊതുക്കി കർഷകരുടെ ഉയർത്തെഴുന്നേല്പ്പിനുള്ള അവസരമാണിത്.

ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള രണ്ടാം കരടുവിജ്ഞാപനത്തിന്റെ കാലാവധി 2017 മാർച്ച് 4 ന് അവസാനിക്കുന്നതിനു മുമ്പായി പശ്ചിമഘട്ടജനതയുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന നെല്ല്, റബർ, തെങ്ങ്, കോഴിവളർത്തൽ, ക്ഷീരോല്പാദനം തുടങ്ങി വിവിധ മേഖലകളിലുള്ള കർഷകരുടെ പ്രശ്നങ്ങളെ സർക്കാരുകൾ നിസ്സാരവൽക്കരിച്ചുകാണുന്നത് വേദനാജനകമാണ്. CRZ നിയമം അടിച്ചേൽപ്പിച്ച് തീരദേശജനതയുടെ ജീവിതത്തെ വെല്ലുവിളിക്കുന്ന സാഹചര്യമാണുള്ളത്.

മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചിലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

നമ്മുടെ യൂണിറ്റുകൾ, രൂപത, ജില്ലാ കമ്മറ്റികൾ കൂടുതൽ സജീവമാക്കണം. മലനാട്ടിലും ഇടനാട്ടിലും തീരദേശത്തുമുള്ള കർഷകപ്രസ്ഥാനങ്ങൾ സംഘടിച്ച് ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങുന്നത് കൂടുതൽ പ്രതീക്ഷയേകുന്നു. കർഷകപ്രസ്ഥാനങ്ങൾ എന്നതിനുപരി കർഷകജനതയുടെ നിലനിൽപിനായി ജനാധിപത്യസംവിധാനത്തിൽ കൂടുതൽ പങ്കാളിത്തമുള്ള തിരുത്തൽ ശക്തിയായി നാം നാളകളിൽ മാറേണ്ടിയിരിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ തളരാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

NB: 2017 ജനുവരി 8-ാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ജനുവരി 1 : വർഷാരംഭം
: **പിറവി രണ്ടാം ഞായർ**
: നമ്മുടെ കർത്താവിന്റെ നാമകരണം
: ദൈവമാതൃത്വതിരുനാൾ
2 : വി. ചാവറ കുറിയാക്കോസ് ഏലീയാസ്
6 : **നമ്മുടെ കർത്താവിന്റെ പ്രത്യക്ഷവത്കരണതിരുനാൾ** (ദനഹാതിരുനാൾ)
ആദ്യവെള്ളി
8 : **ദനഹാ ഒന്നാം ഞായർ**
13 : വി. യോഹന്നാൻ മാംദാന
15 : **ദനഹാ രണ്ടാം ഞായർ**
18 : സഭൈക്യവാരം ആരംഭം
20 : വി.സെബസ്ത്യാനോസ്
22 : **ദനഹാ മൂന്നാം ഞായർ**
24 : വി. ഫ്രാൻസിസ് സാലസ്
25 : വി.പൗലോസിന്റെ മാനസാന്തരം
26 : വി. തിമോത്തിയും തീത്തൂസും
27 : വി. സുവിശേഷകന്മാർ
28 : വി.തോമസ് അക്വീനാസ്
29 : **ദനഹാ നാലാം ഞായർ**
31 : വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

ജനുവരി 06 : 07:30 pm സാമ്പത്തിക സമിതിയോഗം
16-18 : നവവൈദികർക്കുള്ള ക്ലാസ്സ്
25 : 10:30 am ആലോചനസമിതിയോഗം
26 : റിപ്പബ്ലിക് ദിനം

**3. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോ

യുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തു കയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യു ന്നു. “ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരി ക്കുന്നു” (മത്താ. 3 :7).

ജനുവരി 6-ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ ‘ദനഹാ’തിരുനാ ളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ ‘പിണ്ടിക്കുത്തി’പെരുനാളെന്നും തെക്കൻഭാഗങ്ങളിൽ ‘രാക്കുളി’ പെരുനാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴ പ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് ‘ദൈവം പ്രകാശമാകുന്നു’ (ഏൽ പയ്യ) എന്ന് ആർത്തു വിളിച്ചിരുന്ന പതി വിൽ നിന്നാണ് ‘പിണ്ടികുത്തി’ പെരുനാൾ ഉണ്ടായത്. ഈശോയുടെ മാമ്മോ ദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളി യിൽ നിന്നാണ് ‘രാക്കുളി’ എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചക ളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവ ങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢ മായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്.

**4. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെ കുറിച്ചുള്ള അഭിവന്ദ്യപി താവിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2016ലെ സംഭാ വന കവറുകളും എല്ലാ വീടുകളിലും കത്തോലിക്കാസഭപത്രത്തോടൊപ്പം എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2017 ജനുവരി 31ന് മുമ്പ് അതിരൂ പത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കു മല്ലോ.

**5. സമർപ്പിതരുടെ ജൂബിലി :**

ഹർത്താൽ മൂലം മാറ്റിവെച്ച, അതിരൂപതയിലെ സമർപ്പിതരുടെ 2016-ലെ ജൂബിലിയാഘോഷം 2017 ഫെബ്രുവരി 11 ശനിയാഴ്ച ഡി.ബി. സി. എൽ. സിയിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ നടത്തപ്പെ ടുന്നു.

**6. വലിയ നോമ്പ് :**

2017 ഫെബ്രുവരി 26 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

27.02.2017 : വിഭൂതി തിങ്കൾ : ഉപവാസദിനം

28.02.2017 : വൈദിക മാസധ്യാനം

02.04.2017 : പാലയൂർ മഹാതീർത്ഥാടനം

09.04.2017 : ഓശാന ഞായർ

10.04.2017 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ

13.04.2017 : പെസഹാവ്യാഴം

14.04.2017 : പീഡാനുഭവവെള്ളി : ഉപവാസദിനം

16.04.2017 : ഉയിർപ്പ് തിരുനാൾ

**7. വിവാഹാഘോഷം മുടക്ക് :**

2017 ഫെബ്രുവരി 26 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**8. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2017 ഫെബ്രുവരി 1ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2017നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധികാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 8-ാം തീയതിയായിരിക്കും സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**9. പാലയൂർ മഹാതീർത്ഥാടനം :**

2017 ഏപ്രിൽ 2-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും

സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**10. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംയുക്തയോഗം :**

2017 ഫെബ്രുവരി 4ന് രാവിലെ 10:00മണിക്ക് കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംയുക്തയോഗം ഡി.ബി.സി.എൽ.സിയിൽ കൂടുന്നു. എല്ലാ ഇടവകകളിൽ നിന്നും കൈക്കാരന്മാരെയും കണക്കെഴുത്തുകാരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**12. വൈദികരുടെ നിയമനം :**

1. ഫാ. ഷിജോ മാപ്രാണത്തുക്കാരൻ - അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ & കപ്ലോൻ ശാന്തിധാം സി. എം. സി.; സാധുത 2016 നവംബർ 4 & 26 മുതൽ.
2. ഫാ. നൈസൻ ഏലന്താനത്ത് - വൈസ് ചാൻസലർ അതിരൂപത കാര്യാലയം കൂടി; സാധുത 2016 നവംബർ 14 മുതൽ.
3. ഫാ. ജോബി കടപ്പൂരാൻ - പഠനാവധി 2 വർഷം; സാധുത 2016 നവംബർ 26 മുതൽ.

**13. പ്രത്യേക നിയമനങ്ങൾ :**

**1. കൈക്കാരന്മാർ :**

| | |
|---|---|
| വാടാനപ്പിള്ളി | മാങ്ങൻ തോമസ് ഫ്രാൻസിസ് |
| | കല്ലൂർ അന്തപ്പൻ ഫ്രെഡി |
| തണ്ടിലം | കുറ്റിക്കാട്ട് ദേവസ്സി ജോണി |
| | തരകൻ ലോനപ്പൻ ആന്റണി |
| കുറുവന്നൂർ-തണ്ടിലം | വടക്കൻ ഔസേപ്പ് വിൽസൺ |
| | ചിറ്റിലപ്പിള്ളി ദേവസ്സി ജോണി |
| പട്ടിക്കാട് | അജു നടക്കാവിൽ |
| | ജോസ് കൊച്ചുപുരയ്ക്കൽ |

| | |
|---|---|
| | അബ്രാഹം കുറ്റിക്കാട്ടിൽ |
| | വിൽസൺ പടയാട്ടിൽ |
| മറ്റം | കാക്കശ്ശേരി ലോന ജോൺസൺ |
| | കാക്കശ്ശേരി ലൂവീസ് ഫ്രാൻസിസ് |
| | തലക്കോട്ടൂർ മാത്യു സെബാസ്റ്റ്യൻ |
| | ചിറമ്മൽ അന്തോണി ഫ്രാൻസിസ് |
| നമ്പഴിക്കാട്-മറ്റം | ചിറമ്മൽ ഫ്രാൻസിസ് വിൻസെന്റ് |
| | ചിറമ്മൽ ലോനപ്പൻ ഫ്രാൻസിസ് |
| പഴുവിൽ | ചിറമ്മൽ വറീത് ആന്റണി |
| | ആലപ്പാട്ട് അന്തോണി അന്തോണി |
| മാടക്കത്തറ | മാളിയേക്കൽ തോമസ് സണ്ണി |
| | ചിറ്റിലപ്പിള്ളി കുന്നൻ ജോസ് ബെന്നി |
| | കീറ്റിക്കൽ മാത്യു സാജൻ |
| ചിറയ്ക്കൽ | പുതുക്കാട്ടുക്കാരൻ ഫ്രാൻസിസ് ആൻഡ്രൂസ് |
| | തേറാട്ടിൽ അന്തോണി റിനോഷ് |
| തങ്ങാലൂർ | വെള്ളറ വർക്കി സൈമൺ |
| | വെള്ളറ വർക്കി പ്രിൻസൺ |
| ചൊവ്വന്നൂർ | പുത്തൂർ ജോസ് ലിജോ |
| | മണ്ടുംപാൽ കുരിയാക്കോസ് ഷാജി |
| | വാഴപ്പിള്ളി ജോസ് രാജു |



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

## വടക്കേകാരമുക്ക് ക്വാസി–ഇടവക സ്ഥാപനഡിക്രി

കല്പന നമ്പർ : 2720/2016 (DL 2/2016), തിയതി 28112016

**കണ്ടശ്ശാംകടവ് ഇടവകയുടെ പെ. ബഹു. വികാരി, വടക്കേകാരമുക്ക് മേഖലയുടെ ബഹു. പ്രീസ്റ്റ്-ഇൻ-ചാർജ്ജ് എന്നിവർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.**

സൂചന:

1. 01.06.1987ൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വടക്കേ കാരമുക്ക് സെന്റ് ആന്റണീസ് കപ്പേളയിൽ വി. കുർബാന അർപ്പിക്കുവാനുള്ള അനുവാദം നൽകികൊണ്ടുള്ള കല്പന (കല്പനനമ്പർ 642/1987).
2. 02.07.1997ൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വടക്കേ കാരമുക്ക് സെന്റ് ജോസഫ് കപ്പേളയിൽ വി. കുർബാന അർപ്പിക്കുവാനുള്ള അനുവാദം നൽകികൊണ്ടുള്ള കല്പന (കല്പനനമ്പർ 746/1997).
3. 24.06.2009ൽ വടക്കേ കാരമുക്ക് മേഖലയിൽ സെന്റ് ആന്റണീസ് കുരിശു പള്ളി കേന്ദ്രമാക്കി ഒരു വൈദികനെ നിയമിക്കുന്നതിന് സമർപ്പിച്ച അപേക്ഷ.
4. 24.06.2009ൽ വടക്കേകാരമുക്ക് മേഖല സെന്റ് ആന്റണീസ് പള്ളിയെ അജപാലനക്രമീകരണത്തിനായി ക്വാസി ഇടവകയാക്കുന്നത് സംബന്ധിച്ച് അതിരൂപതകാര്യാലയത്തിൽ നിന്നുള്ള നിർദേശം.
5. 05.12.2009ൽ വടക്കേ കാരമുക്ക് പ്രദേശത്തുള്ളവർ കണ്ടശ്ശാംകടവ് പ്രതിനിധിയോഗത്തിന്റെ മുമ്പാകെ സമർപ്പിച്ച അപേക്ഷയും 06.12.2009ൽ കണ്ടശ്ശാംകടവ് പ്രതിനിധിയോഗാംഗങ്ങളുടെയും കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും സംയുക്ത യോഗതീരുമാനപ്രകാരം കണ്ടശ്ശാംകടവ് വികാരി അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച റിപ്പോർട്ട്.
6. കണ്ടശ്ശാംകടവ് പള്ളിയോഗതീരുമാനപ്രകാരം 15.12.2009ൽ ബഹു. വികാരിയും നാലു ട്രസ്റ്റിമാരും ചേർന്ന് സമർപ്പിച്ച അപേക്ഷയും വടക്കേ കാരമുക്ക് മേഖലയിലെ ആറ് കുടുംബയൂണിറ്റുകൾ ഉൾപ്പെടുത്തിയുള്ള സ്കെച്ചും.
7. വടക്കേ കാരമുക്ക് മേഖലയുടെ പ്രഥമ പ്രീസ്റ്റ്-ഇൻ-ചാർജ്ജിനെ നിയോഗിച്ചുകൊണ്ടുള്ള കല്പന (കല്പനനമ്പർ 366/2010).
8. വടക്കേ കാരമുക്ക് മേഖലയെ ക്വാസി ഇടവകയാക്കുവാൻ സെന്റ് ആന്റണീസ് പള്ളികമ്മറ്റി 08.06.2011ൽ കണ്ടശ്ശാംകടവ് ഇടവക പ്രതിനിധിയോഗത്തിലേക്ക് സമർപ്പിച്ച അപേക്ഷ.

9. കണ്ടശ്ശാംകടവ് ഇടവകയുടെ 12.06.2011ലെ പ്രതിനിധിയോഗനിശ്ചയപ്രകാരം വടക്കേ കാരമുക്ക് സെന്റ് ആന്റണീസ് മേഖലയെ ക്വാസി ഇടവകയായി ഉയർത്തുന്നതിന് അതിരൂപതാകാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.
10. വടക്കേ കാരമുക്ക് മേഖലയിലെ അജപാലനസംബന്ധമായ കാര്യങ്ങൾ പഠിക്കുവാൻ 10.09.2015ൽ അതിരൂപത കാര്യാലയത്തിൽനിന്നും നിയോഗിക്കപ്പെട്ട കമ്മീഷൻ 25.01.2016ൽ സമർപ്പിച്ച റിപ്പോർട്ട്.
11. അതിരൂപതാ വൈദിക സമിതിയുടെ 02-08-2016 ലെ ശിപാർശ
12. അതിരൂപതാ ആലോചന സമിതിയുടെ 18-08-2016 ലെ (54/2016)ശിപാർശ
13. വടക്കേകാരമുക്ക് മേഖലയെ ക്വാസി ഇടവകയായി പ്രഖ്യാപിക്കുവാൻ കണ്ടശ്ശാംകടവ് ഫൊറോന വികാരി, വടക്കേകാരമുക്ക് പ്രീസ്റ്റ് ഇൻ ചാർജ് എന്നിവരുടെ 22-11-2016 ലെ അപേക്ഷ
14. അതിരൂപതാ അതിർത്തി നിർണ്ണയ കമ്മിറ്റിയുടെ 26-11-2016ലെ റിപ്പോർട്ട്

മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ കണ്ടശ്ശാംകടവ് ഇടവകയുടെ ഭാഗമായിരുന്ന വടക്കേകാരമുക്ക് സെന്റ് ആന്റണീസ് പള്ളിയെ കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ 2016 ഡിസംബർ മാസം 3-ാം തിയതി മുതൽ ഒരു ക്വാസി ഇടവകയായും വടക്കേകാരമുക്ക് സെന്റ് ആന്റണീസ് പള്ളിയെ ടി ക്വാസി-ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.

Prot. No : 3572/2016/S 28/Nov/2016

## വടക്കേകാരമുക്ക് ക്വാസി-ഇടവകയുടെ അതിർത്തികൾ

1. കിഴക്ക്: കാരമുക്ക് പള്ളി (St. John the Baptist Church) യുടെ നിലവിലുള്ള അതിർത്തിയെ നിലനിർത്തി, മണലൂർ കിഴക്കെ പള്ളി (St. Ignatius Church), മണലൂർ പടിഞ്ഞാറെ പള്ളി (St. Joseph Church) എന്നീ പള്ളികളുടെ നിലവിലുള്ള അതിർത്തികളെ അതിരുകളായി നിശ്ചയിക്കുന്നു. അതായത്, ആസ്പത്രി റോഡ് - കാരമുക്ക് സർവ്വേ 513ൽ കൂടിപോകുന്ന ചിറക്കാപ്പ് തോട് യോജിക്കുന്ന ഭാഗം മുതൽ ചിറക്കാപ്പ് തോട് അതിർത്തിയാക്കി വടക്കോട്ട് വന്ന് ചിറക്കാപ്പ് പാലവും പൂവ്വശ്ശേരി പാലവും കഴിഞ്ഞ് വടക്കോട്ട് വന്ന് ചാത്തൻകുളങ്ങര അമ്പലനടയ്ക്കുനേരെ എത്തി പടിഞ്ഞാറോട്ട് തിരിയുന്നു.

2. വടക്ക്: മണലൂർ പടിഞ്ഞാറെ പള്ളി (St. Joseph Church) യുടെ നിലവിലുള്ള അതിർത്തിയെ നിലനിർത്തി പടിഞ്ഞാറോട്ട് ഭാഗത്തേയ്ക്കു പോകുന്നു.

അതായത്, ചാത്തൻകുളങ്ങര പാടത്തുകൂടി പടിഞ്ഞാറേട്ട് വന്ന് ചാത്തൻകുളങ്ങര അമ്പലനടകഴിഞ്ഞ് കാരമുക്ക് പാലാഴി റോഡിനെ മുറിച്ച് കടന്ന് IRCA No: 2/21.3.77 നമ്പർ പാലത്തിനടുത്ത് (കലുങ്ക്) സ്ഥിതിചെയ്യുന്ന കാളാനി കുഞ്ഞിവേലപ്പൻ, യതുനാഥൻ, അനുജൻ അരവിന്ദാക്ഷൻ എന്നിവരുടെ വീടുകളുടെ ഇടയിലുള്ള അതിരുകളിലുടെ പടിഞ്ഞാറ് വന്ന് താന്നാ പാടത്തിന് നടുവിലുള്ള കനാലിൽ എത്തി ചേരുന്നു.

3.പടിഞ്ഞാറ്: കണ്ടശ്ശാംകടവ് ഇടവകയുടെ നിലവിലുള്ള സെ. തോമസ്, സെ. പോൾ യൂണിറ്റുകളുടെ അതിരുകളെ നിലനിർത്തി തെക്കോട്ട് പോകുന്നു. അതായത് താന്നാപാടശേഖരത്തിന്റെ നടുവിലുള്ള കനാൽ വഴി തെക്കോട്ട് വന്ന്, പൂതൃകോവിൽ റോഡിനെ നേരെയുള്ള പാടഭാഗത്ത് എത്തിചേരുന്നു.

4. തെക്ക്: കണ്ടശ്ശാംകടവ് ഇടവകയുടെ നിലവിലുള്ള സെ. ഫ്രാൻസീസ് സേവ്യർ യൂണിറ്റിന്റെ അതിരുകളെ നിലനിർത്തി കിഴക്കേ അതിർത്തിയിൽ എത്തിചേരുന്നു. അതായത്, താന്നാ പാടശേഖരത്തിൽ നിന്ന് കിഴക്കോട്ട് തിരിഞ്ഞ്, പൂതൃകോവ് റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി, പൂതൃകോവ് ക്ഷേത്രത്തിന്റെ മമ്പിലെത്തി, കാരമുക്ക് പാലാഴി റോഡിനെ മുറിച്ചുകടന്ന്, ആസ്പത്രി റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി ചിറക്കാപ്പ് കനാലിൽ എത്തിചേരുന്നു.
അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2016 നവംബർ മാസം 28-ാം തിയതി നൽകപ്പെടുന്നത്.

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ

കോപ്പി: പെ. ബഹു. കണ്ടശ്ശാംകടവ് ഫൊറോന വികാരി,
ബഹു. കാരമുക്ക് ഇടവക വികാരി,
ബഹു. മണലൂർ കിഴക്ക് ഇടവക വികാരി,
ബഹു. മണലുർ പടിഞ്ഞാറ് ഇടവക വികാരി

Prot. No : 3572/2016/S 28/Nov/2016

കല്പന നമ്പർ : 2720/2016 (DL 2/2016), തിയതി 28112016

**കണ്ടശ്ശാംകടവ് ഇടവകയുടെ പെ. ബഹു. വികാരി, വടക്കേകാരമുക്ക് മേഖലയുടെ ബഹു. പ്രീസ്റ്റ്-ഇൻ-ചാർജ്ജ് എന്നിവർക്കും കൈക്കാരന്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം.**

വടക്കേകാരമുക്ക് ക്വാസി-ഇടവകസ്ഥാപനത്തോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. വടക്കേകാരമുക്ക് സെന്റ് ആന്റണീസ് ഇടവക കണ്ടശ്ശാംകടവ് ഫൊറോനയുടെ ഭാഗമായിരിക്കും.
2. വടക്കേകാരമുക്ക് സെന്റ് ആന്റണീസ് ക്വാസി-ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ, വടക്കേകാരമുക്ക് ക്വാസി-ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകയായ കണ്ടശ്ശാംകടവ് ഇടവക സെമിത്തേരി ഉപയോഗിക്കാൻ വടക്കേകാരമുക്ക് ക്വാസി-ഇടവകയ്ക്ക് അവകാശം ഉണ്ടായിരിക്കും. ടി സെമിത്തേരിയിൽ സ്ഥിരം കല്ലറയുള്ള വടക്കേകാരമുക്ക് ക്വാസി-ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. വടക്കേകാരമുക്ക് ക്വാസി-ഇടവകാംഗങ്ങളുടെ മൃതസംസ്കാരം കണ്ടശ്ശാംകടവ് പള്ളിസെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം വടക്കേകാരമുക്ക് ക്വാസി-ഇടവകപള്ളിയിലോ കണ്ടശ്ശാംകടവ് പള്ളിയിലോ നടത്താവുന്നതാണ് (വടക്കേകാരമുക്ക് ക്വാസി-ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം)
3. വടക്കേകാരമുക്ക് ക്വാസി-ഇടവക തിരിയുമ്പോൾ, ടി ഇടവകയ്ക്ക് മാതൃ ഇടവകയായ കണ്ടശ്ശാംകടവ് ഇടവക നല്കേണ്ട വിഹിതത്തെക്കുറിച്ച് അതിരൂപതാ കാര്യാലയത്തിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
4. ചിറമ്മൽ ബഹു. ഏബിൾ അച്ചനെ 2016 ഡിസംബർ 03 മുതൽ വടക്കേകാരമുക്ക് ക്വാസി-ഇടവകയുടെ പ്രോ-വികാരിയായി നിയമിക്കുന്നു.
5. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2016 ഡിസംബർ 03-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന് 2016 നവംബർ മാസം 28-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

കോപ്പി: പെ. ബഹു. കണ്ടശ്ശാംകടവ് ഫൊറോന വികാരി



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## JANUARY

| Date | Day | Time | Programme |
|---|---|---|---|
| 01 | Sun | Morning | Renovated church blessing at Cheruthuruthy |
| | | Evening | Jubilee celebration meeting at Mariyapuram |
| 02 | Mon | Morning | Baptism at Mannuthy, Logos award day inaguration |
| 03 | Tue | Morning | Curia meeting |
| 04 | Wed | Morning | Holy mass at Minor Seminary |
| 05 | Thu | Morning | Ordination at Arampilly |
| | | Evening | Renovated church face blessing at Thikkattussery |
| 06 | Fri | Evening | Grotto Blessing and Holy Mass at Eravimangalam, Sambathikasamithi yogam. |
| 07 | Sat | Morning | Church Blessing at Patramangalam. |
| | | Evening | Grotto Blessing at Vettukkad. |
| 08 | Sun | Morning | Semitry Blessing and Holy Mass at Mannuthy |
| | | Evening | Jubilee Concluding meeting at Koottala |
| 09-14 | | | Synod of Bishops |
| 15 | Sun | Evening | Hall Blessing and Holy Mass at Puthur. |
| 16 | Mon | Morning | Holy Mass with New priests |
| 17 | Tue | Morning | Curia Meeting |
| 18 | Wed | Morning | Holy Mass at Marymatha |
| | | Afternoon | Blessing of New Block at Thiroor school |
| | | Evening | Grotto Blessing at Engadiur |

| | | | |
|---|---|---|---|
| 19 | Thu | Afternoon | Vestition and profession of |
| | | | Samaritan sisters at Mannuthy |
| 20 | Fri | Morning | Curia meeting |
| 21 | Sat | Evening | Kappela Blessing and Holy Mass at Marottichal. |
| 22 | Sun | Evening | Holy Mass and Home day celebration at |
| | | | Savio Home |
| 23 | Mon | | Engaged |
| 24 | Tue | Morning | Curia meeting |
| 25 | Wed | Morning | Consulters Meeting |
| 26 | Thu | Morning | Golden Jubilee Celebration of |
| | | | Fr Sebastian Arakkal at Pavaratty |
| | | Afternoon | Catechism Service Award Day |
| | | Evening | Holy Mass and Youth Meet at Trikkur. |
| 27 | Fri | Morning | Curia Meeting |
| 28 | Sat | Afternoon | Parents Day at Minor Seminary. |
| | | Evening | Holy Mass and hall blessing at Machad |
| 29 | | | |
| 30 | | | |
| 31 | | Morning | Priests' Picnic |



# സഹായമെത്രാന്റെ പരിപാടികൾ

Jan 2017



| Date | Day | Time | Programme |
|---|---|---|---|
| 01 | Sun | Morning | Holy Mass at Guruvayoor, Blessing of Presbitery at Kootala, Silver Jubilee of School Sisters at Pulakkattukara |
| | | Afternoon | Ordination at Manalur West |
| | | Evening | At Divine Retreat Center |
| 02 | Mon | Morning | Ordination at Baratha |
| 03 | Tue | | Engaged |
| 04 | Wed | | Charismatic Priests Conference at Kannur |
| 05 | Thu | | Engaged |
| 06 | Fri | Morning | St Thomas College Higher Secondary School |
| | | Afternoon | Infant Jesus School Aranattukara |
| 07 | Sat | Morning | Holy Mass at Mullakara |
| | | Evening | Holy Mass at Irinjalakuda |
| 08 | Sun | Morning | Holy Mass at Patramangalam |
| 09-14 | | Morning | Synod of Bishops |
| 15 | Sun | Morning | Holy mass at Chevoor |
| 16 | Mon | | Engaged |
| 17 | Tue | Morning | St Thomas HSS Thope |
| 18 | Wed | Morning | Holy Mass at Minor Seminary |
| | | Evening | Public Meeting at Thiroor School. |
| 19 | Thu | Morning | Priests' Conference at Pala |

| | | | |
|---|---|---|---|
| 20 | Fri | | Youth Convention at Mangalore. |
| 21 | Sat | Morning | Golden Jubilee celebration at FCC Guruvayoor. |
| 22-26 | | | Hyderabad |
| 27 | Fri | Evening | Holy Mass at Mariyapuram |
| 28 | Sat | Morning | Childrens' Ministry Award Day Inaguration, Holy Mass at Minor Seminary (Parents Day) |
| 29 | Sun | Morning | Holy Mass at Pudukkad and Puthur |
| | | Evening | Blessing of the Kappela at Thiruvillamala |
| 30 | Mon | Morning | Holy Mass at Gurukulam |
| 31 | Tue | | Engaged |

# നാളാഗമം

## നവംബർ 2016

02. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിൽ രാവിലെ വി. ബലിയർപ്പിച്ചു.

03. അഭിവന്ദ്യ തട്ടിൽ പിതാവ് അതിരൂപതയുടെ ധ്യാനകേന്ദ്രമായ ആബാ റിന്യൂവൽ സെന്ററിൽ വി. ബലിയർപ്പിച്ചു.

05. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിലെ ഹോം ഡേ ആഘോഷങ്ങളിലും മേരിമാത മേജർ സെമിനാരിയിലെ ഹോം ഡേ ആഘോഷങ്ങളിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.അഭിവന്ദ്യ താഴത്ത് പിതാവ് കാരമുക്ക് ഇടവകയിൽ ബഹു. ജോർജ്ജ് കണ്ണാത്തച്ചന്റെ അനുസ്മരണകുർബാനയിൽ പങ്കെടുത്തു. ഉച്ചക്കുശേഷം സംഘടനകളുടെ ഏകോപനസമിതി യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിവിജയം അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു. അതിനുശേഷം സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചക്ക് സ്കൂൾ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാന ചടങ്ങിൽ പങ്കെടുത്തു.

06. അഭിവന്ദ്യ താഴത്ത് പിതാവ് എ. സി. സി. ബിരുദദാനചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് ചേരുംകുഴി ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പാലക്കൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് പടവരാട് പള്ളിയിൽ ഗ്രോട്ടോ വെഞ്ചരിപ്പു നടത്തി. തുടർന്ന് മുളയം എസ്. എൻ. ഡി. എസ്. സന്യാസിനീസമൂഹത്തിന്റെ ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

08. അഭിവന്ദ്യ താഴത്ത് പിതാവ് പഴുവിൽ ഫൊറോനയുടെ PAROC പ്രോഗ്രാമിൽ പങ്കെടുത്തു. വൈകിട്ട് ആമ്പക്കാട് പള്ളിയിലെ പഴയ കൈക്കാരന്മാരെ ആദരിക്കന്ന ചടങ്ങിൽ വി. ബലിയർപ്പിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് നിർമ്മലദാസി സന്യാസിനീസമൂഹത്തിന്റെ ജനറൽ സിനാക്സിസിൽ പങ്കെടുത്തു.

10. അഭിവന്ദ്യ പിതാക്കന്മാർ ലൂർദ്ദ് കത്തീഡ്രലിൽ തിരുനാളിനോടനുബന്ധിച്ചുള്ള സ്നേഹവിരുന്നിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് വിവാഹഒരുക്ക കോഴ്സിൽ സംബന്ധിക്കുന്നവർക്കായി വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ മരിയൻ സമർപ്പണവും ദിവ്യബലിയുമർപ്പിച്ചു

12. അഭിവന്ദ്യ താഴത്ത് പിതാവ് വേലൂർ ഫൊറോന പള്ളിയിൽ PAROC പ്രോഗ്രാമിൽ പങ്കെടുത്തു. തുടർന്ന് തൃശ്ശൂർ ബസിലിക്കയിൽ പ്രോ-

ലൈഫിനുവേണ്ടി സന്ദേശം നൽകി. അഭിവന്ദ്യപിതാക്കന്മാർ മച്ചാട് പള്ളിയിൽ ബഹു. വിൻസെന്റ് ചെറുവത്തൂർ അച്ചന്റെയും പീച്ചി പള്ളിയിൽ മോൺ. ജോർജ്ജ് മാനാടനച്ചന്റെയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേയിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് മരത്തംകോട് ഇടവക പ്രഖ്യാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് പൊതുസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് കൂടുതുറക്കലും വി. ബലിയും അർപ്പിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ തിരുനാൾ കുർബാനയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വെണ്ടോർ ഇടവകയിലും ചേരുംകുഴി ഇടവകയിലും വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ഫൊറോനവികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് ബഹു. ഡീക്കന്മാരുടെ മാതാപിതാക്കളോടൊപ്പം വി. ബലിയർപ്പിച്ചു. വൈകിട്ട് ഡീക്കന്മാർക്കായി ക്ലാസ്സെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പുല്ലഴി പള്ളിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് അതിരൂപതയിലെ ഡീക്കന്മാർക്കായി ക്ലാസ്സെടുത്തു. വൈകിട്ട് ദൈവശബ്ദം 2016 കൺവെൻഷന്റെ പന്തൽ കാൽനാട്ടൽ കർമ്മത്തിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് 'ദൈവശബ്ദം 2016' കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ചു ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പാലയൂരിൽ കരുണാവർഷ സമാപനത്തോടനുബന്ധിച്ചുള്ള ആരാധനയിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് ക്രൈസ്റ്റ് വില്ലയിൽ വി. ബലിയർപ്പിച്ച് ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് നെടുപുഴ ജോർദ്ദാനിയ മഠത്തിൽ വി. ബലിയർപ്പിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഗുരുകുലം സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം തൃശ്ശൂർ ബസിലിക്കയിൽ ഹെൽത്ത് കെയർ സൊസൈറ്റിയുടെ പുതിയ കെട്ടിടം വെഞ്ചരിച്ചു. വൈകിട്ട് ബസിലിക്കയിൽ കരുണാവർഷ സമാപനസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിൽ തിരുനാളിനോടനുബന്ധിച്ച് കൊടികയറ്റം നടത്തി.

19. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ദൈവാലയം കൂദാശ ചെയ്തു. അതിനുശേഷം പട്ടിക്കാട് ഫൊറോന മാതൃസംഘം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് പാലയൂർ പള്ളിയിൽ കരുണാവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഒല്ലൂർ ഇടവകയിൽ കാരുണ്യവർഷത്തിൽ വൈദികർ പണിതു നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മത്തിൽ പങ്കെടുത്തു. അതിനുശേഷം നടത്തറയിൽ ജീസസ്സ് യൂത്തിന്റെ യൂത്ത് മീറ്റിൽ പങ്കെടുത്തു. തുടർന്ന് പല്ലിശ്ശേരിയിലുള്ള പാലിയേറ്റീവ് കെയർ ആശുപത്രിയുടെ വെഞ്ചരിപ്പ് ദിവ്യബലിയർപ്പിച്ച് ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് കരുണാവർഷസമാപനത്തോടനുബന്ധിച്ച് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. പുതുക്കാട് ഇടവകയിൽ ആദ്യകുർബാന സ്വീകരണചടങ്ങുകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്ക് ദൈവശബ്ദം 2016 കൺവെൻഷനിൽ വി. ബലിയർപ്പിച്ച് സമാപനസന്ദേശം നൽകി.

21,22. അഭിവന്ദ്യ പിതാക്കന്മാർ വൈദികരുടെ ലിവ് & ലേൺ പരിപാടിയിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് വെള്ളക്കാരിത്തടം ഇടവകയിൽ ഡീക്കൻ റെജിക്ക് തിരുപ്പട്ടം നൽകി. തുടർന്ന് കാഞ്ഞിരപ്പിള്ളി രൂപതയുടെ മുൻരൂപതാധ്യക്ഷനായ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ ദേഹവിയോഗത്തിൽ പ്രാർത്ഥിച്ച് അനുശോചനം രേഖപ്പെടുത്തി.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എം. എം. ബി. സന്യാസസമൂഹത്തിന്റെയും മരിയാപുരം ഇടവകയുടെയും ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. വൈകിട്ട് കോടന്നൂർ പള്ളിയുടെ പുതിയ ഓഡിറ്റോറിയം വെഞ്ചരിച്ച് പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് അമ്മാടം പള്ളിയിൽ വച്ചു നടന്ന ബൈബിൾ കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി.

26. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത സെമിനാരിയിലെ മോൺ. ജോർജ്ജ് മാനാടനച്ചന്റെയും മോൺ. ഞാളിയത്തച്ചന്റെയും സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. അതിനുശേഷം ബഹു. വിൻസെന്റ് ചിറ്റിലപ്പിള്ളിയച്ചന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചക്ക് തലോർ ഇടവകയുടെ വിദ്യായലമായ ജീസസ്സ് അക്കാദമിയുടെ പുതിയ കെട്ടിടം വെഞ്ചരിച്ചു. തുടർന്ന് പാലക്കൽ ഇടവകയിലുള്ള എസ്. ഡി. സന്യാസിനീസമൂഹത്തിലെ സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷത്തിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് പുതുക്കാട് പള്ളിയോടനുബന്ധിച്ച് നടന്ന സമാപനസമ്മേളനത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്ക പള്ളിയിൽ പ്രതിഷ്ഠാതിരുനാളിനോടനുബന്ധിച്ച് തിരുനാൾ ദിവ്യബലിയർപ്പിച്ചു.

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെ അനുസ്മരിച്ചുകൊണ്ടുള്ള ഡിസംബർ മാസത്തിലെ മാസാദ്യവെള്ളി ആചരണം ഭക്തി സാന്ദ്രമായി കൊണ്ടാടുവാൻ സാധിച്ചു. ബ്രദർ ജോസ് ആണ് അന്നേ ദിവസം വചന സന്ദേശം നൽകിയത്. പരിശുദ്ധ അമ്മയോടുള്ള ജപമാല ഭക്തിയെ കുറിച്ചും, അമ്മയുടെ മാദ്ധ്യസ്ഥത്താൽ ലഭിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ചുമാണ് അദ്ദേഹം സംസാരിച്ചത്. വിശുദ്ധരിൽ നിന്നും വിശുദ്ധജീവിതം നയിച്ചവരലിൽ നിന്നും നല്ല മാതൃകയും സന്ദേശവും ഉൾക്കൊണ്ട് നമ്മുടെ ജീവിതങ്ങളെ വിശുദ്ധിയോടെ കാത്ത് സൂക്ഷിക്കുവാൻ പരിശ്രമിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. വി. കുർബ്ബാനയ്ക്ക് കാർമ്മികനായിരുന്നത് ചേലക്കര ഫൊറോന അസ്സി. വികാരി ഫാ. സിജോ മുരിങ്ങാത്തേരി ആയിരുന്നു. ഭോഷനായ ധനികന്റെ ഉപമ ഉൾക്കൊള്ളുന്ന സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട് നമ്മുടെ നിക്ഷേപങ്ങൾ എപ്രകാരമുള്ളതാകണമെന്നതിനെക്കുറിച്ചും ദൈവാശ്രയ ബോധത്തോടെ ജീവിക്കേണ്ടതിനെക്കുറിച്ചും അച്ചൻ വിവരിക്കുകയുണ്ടായി.

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ

നവമ്പറിലെ രണ്ടാം ശനിയാഴ്ച ആചരണത്തിന് പാലക്കാട് രൂപത കാഞ്ഞിരപ്പുഴ ഫൊറോന വികാരി ഫാ. ജിജോ ചാലക്കൽ നേതൃത്വം കൊടുത്തു. സക്കേവൂസിനെയും പാപിനിയായ സ്ത്രീയെയും അവരുടെ കുറവുകളോടെ സ്വീകരിക്കാനും അവരെ മാനസാന്തരപ്പെടുത്താനും യേശുവിന് കഴിഞ്ഞു. എല്ലാവരേയും സ്നേഹിച്ച, ഉൾക്കൊണ്ട ഊക്കനച്ചൻ ഇന്ന് മറ്റുള്ളവരെ അംഗീകരിക്കാൻ കഴിയാത്ത ലോകത്തിന് മാതൃകയാണ്. സ്വന്തം മാതാപിതാക്കന്മാരെ, മക്കളെ സ്വീകരിക്കാത്തവർക്ക് അച്ചൻ വെല്ലുവിളി ഉയർത്തുന്നു.

ജാതിമതവർഗ്ഗചിന്തകൾക്കതീതമായി ഏവരേയും സ്നേഹിച്ച ഊക്കനച്ചൻ 'മലബാറിലെ പുലയരുടെ അടിമത്തം അവസാനിപ്പിക്കണമേ' യെന്ന് പ. അമ്മയോട് പ്രാർത്ഥിക്കുകയും ചെയ്തവനാണ് എന്ന് തിരുവചന സന്ദേശം നൽകികൊണ്ട് സി. ശ്രേയ സി. എസ്. സി. പ്രസ്താവിച്ചു. മുതലാളിമാർ കൈവശപ്പെടുത്തിയ കർഷകരുടെ ആധാരങ്ങൾ ഉടമകൾക്ക് തിരിച്ചുനൽകാൻ ഊക്കനച്ചനാണ് മദ്ധ്യസ്ഥനായത്. സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഫ്രാൻസീസ് പാപ്പയുടെ ആഹ്വാനം വർഷങ്ങൾക്കുമുമ്പ് സ്വന്തമാക്കിയവനാണ് ഊക്കനച്ചൻ.

**ഫാ. പോൾ പുളിക്കൻ**

പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടെയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുക്കാരുടേയും സംയുക്ത യോഗം 2017 ഫെബ്രുവരി 4 ശനിയാഴ്ച രാവിലെ 9.30ന് ഡി.ബി.സി. എൽ. സി ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭി വന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ചാർട്ടേഡ് അക്കൗണ്ടന്റു മാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യ ങ്ങൾ ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്ന തിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | |
|---|---|
| രജിസ്ട്രേഷൻ | : 9.30 am |
| ഉദ്ഘാടനം | : 10.00 am |
| ഇടവക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച ചർച്ച | : 10.30 am |
| സമാപനം & ഉച്ചഭക്ഷണം | : 12.30 |

### വരവ്– ചെലവ് കണക്കുകൾ നവംബർ 31 ,2016

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | ആറംപിള്ളി | – | – | 27845 |
| 2. | ആർത്താറ്റ് | – | – | 8000 |
| 3. | ചേർപ്പ് | – | – | 48000 |
| 4. | ചേരുംകുഴി | – | – | 17000 |
| 5. | ചെവ്വൂർ | – | – | 48250 |
| 6. | ചിറക്കൽ | 1700 | – | – |
| 7. | എൽത്തുരുത്ത് | – | – | 58236 |
| 8. | എരനെല്ലൂർ | – | – | 151440 |
| 9. | കടങ്ങോട് | – | – | 7400 |
| 10. | കാഞ്ഞാണി | – | – | 34460 |
| 11. | കാവീട് | – | – | 6752 |
| 12. | കിഴുപിള്ളിക്കര | 3582 | 7910 | 13275 |
| 13. | കുറ്റൂർ | – | – | 32350 |

| | | | | |
|---|---|---|---|---|
| 14. | മാടക്കത്തറ | 500 | 700 | 500 |
| 15. | മറ്റം | - | - | 175031 |
| 16. | മുണ്ടൂർ | - | - | 26000 |
| 17. | നടത്തറ | - | - | 118565 |
| 18. | നമ്പഴിക്കാട് | 7290 | - | - |
| 19. | പങ്ങാരപ്പിള്ളി | - | - | 4000 |
| 20. | പട്ടിക്കാട് | 10009 | 5942 | |
| 21. | പെരിഞ്ചേരി | - | - | 64300 |
| 22. | പൊന്നാനി | - | - | 12425 |
| 23. | തണ്ടിലം | 11179 | 23230 | 42970 |
| 24. | വടൂക്കര | - | - | 48773 |
| 25. | വാക | - | - | 8490 |
| 26. | വേലൂർ | - | - | 45003 |
| 27. | വില്ലടം | - | - | 5000 |
| 28. | ജൂബിലി മിഷൻ ഹോസ്പിറ്റൽ, തൃശ്ശൂർ | - | - | 2,00,000 |
| 29. | നിർമ്മല കോളേജ്, വെസ്റ്റ് ഫോർട്ട് | - | - | 7500 |
| 30. | മേരിമാത മേജർ സെമിനാരി, മുളയം | - | - | 93885 |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ ഞായർ |
|---|---|---|---|---|
| 1 | ചിറക്കൽ | 1750 | 2046 | 2790 |
| 2 | കിഴുപ്പിള്ളിക്കര | 480 | 880 | 640 |
| 3. | മാടക്കത്തറ | 1780 | 2002 | 1638 |
| 4. | നമ്പഴിക്കാട് | 898 | 1254 | 912 |
| 5. | പട്ടിക്കാട് | 4240 | 5060 | 6900 |
| 6. | തണ്ടിലം | 1800 | 2068 | 1692 |
| 7. | അസ്സീസി മഠം, തൃശ്ശൂർ | - | - | 500 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. പാത്രമംഗലം - 5000
2. തലോർ - 5000

## ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

| | | |
|---|---|---|
| 1. | വിവാഹം | 10000 |
| 2. | ചികിത്സ | 20000 |
| 3. | ഭവനനിർമ്മാണം | 10000 |

## അതിരൂപത സഹായ ഫണ്ട്

| | | |
|---|---|---|
| 1. | വിവാഹം | 55500 |
| 2. | ചികിത്സ | 28250 |

## സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ

| | | |
|---|---|---|
| 1. | മുണ്ടൂർ | 214536 |
| 2. | എരനെല്ലൂർ | 50000 |
| 3. | ആലങ്ങാട്, പാലക്കാട് | 25,000 |
| 4. | പാത്രമംഗലം | 1,00,000 |

പുതുവർഷത്തിന്റെ മംഗളാശംസകൾ
ഏവർക്കും നേർന്നുകൊള്ളുന്നു.

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഫ്രാൻസിസ് മഞ്ഞളി | 01 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 07 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ലിന്റോ തട്ടിൽ | 15 |
| ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. ഷാജി കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ഷാജി കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |

| | | | |
|---|---|---|---|
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 | ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 20 | ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 | ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 | ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 20 | ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 | ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 20 | ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 | ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 20 | ഫാ. ഡെന്നി താണിക്കൽ | 20 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | | | |
|---|---|---|---|
| ഔസേപ്പ് മേച്ചേരി | 06.01.1916 | ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 | മാത്യു കിടങ്ങൻ | 04.01.1989 |
| പൊറിഞ്ചു തേറാട്ടിൽ | 31.01.1941 | ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 | ആന്റണി തരകൻ | 07.01.1992 |
| ജോസഫ് മണവാളൻ | 18.01.1950 | സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 | പോൾ ആലപ്പാട്ട് | 08.01.2005 |
| ജേക്കബ് പോട്ടോക്കാരൻ | 02.01.1968 | ലാസർ പൊറത്തൂർ | 08.01.2006 |
| മാത്യു പാലയൂർ | 10.01.1972 | ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| സിറിയക് മേനാച്ചേരി | 04.01.1975 | ആന്റണി ചാലക്കൽ | 06.01.2009 |
| പീറ്റർ കുണ്ടുകുളം | 23.01.1976 | ജോസഫ് ചാഴൂർ | 04.01.2014 |
| പോൾ ആളൂർ | 21.01.1982 | മോൺ. തോമസ് തലച്ചിറ | 11.01.2014 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 | അന്തിക്കാട്ട് നിക്കോളാസ് | 17.01.2016 |
| ജേക്കബ് മഞ്ഞളി | 30.01.1984 | | |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

03.11.2016 എസ്.എ.ബി.എസ്. ചേറ്റുപുഴയിൽ ആരംഭിക്കുന്ന പകൽ വീടിന്റെ വെഞ്ചിരിപ്പുകർമ്മം ചാപ്ലയിൻ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm.നിർവഹിച്ചു.

എസ്.എ.ബി.എസ്. 10 ദിവസത്തെ സന്ദർശനത്തിനായി വികർ പ്രൊവിൻഷ്യൽ സി. സിറില്ല, പ്രൊവിൻഷ്യൽ ഫൈനാൻസ് ഓഫീസർ സി. ടെസ്മി തെക്കിനിയത്ത് എന്നിവർ സാഗർ മിഷനിലേക്ക് യാത്ര തിരിച്ചു.

04.11.2016 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ വി. ചാവറ എവുപ്രാസ്യ ദൈവദർശന ധ്യാനത്തിൽ വിവിധ പ്രോവിൻസുകളിൽ നിന്നായി അമ്പതോളം സിസ്റ്റേഴ്സ് പങ്കെടുത്തു.

എഫ്.സി.സി 2016 നവംബർ 5-ാം തീയതി ബ്രഹ്മകുളം സെന്റ് തോമസ് ഇടവകദേവാലയത്തിൽ വെച്ച് അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിമദ്ധ്യേ എഫ്.സി.സി. തൃശൂർ പ്രോവിൻസിലെ 10 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

എസ്.എ.ബി.എസ്. Vocation & Faith Formation ന്റെ Advisory meeting ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ബ. മദർ ലിറ്റിൽ മരിയ തെക്കേക്കര മീറ്റിംഗിന് നേതൃത്വം നൽകി.

എഫ്.സി.സി കാരുണ്യവർഷത്തോടനുബന്ധിച്ച് ഗുരുവായൂർ പുഷ്പാലയ കോൺവെന്റിനോട് ചേർന്നുള്ള വിക്ടറി സെന്ററിൽ പകൽ വീട് ആരംഭിച്ചു.

08.11.2016 എസ്.എ.ബി.എസ്. മരോട്ടിച്ചാലിലുള്ള കമ്മ്യൂണിറ്റി കോളേജിൽ ഈ വർഷം അനുവദിച്ച് കിട്ടിയ ജ്വല്ലറി മെയ്ക്കിംഗിന്റെ ഉദ്ഘാടനം മദർ ലിറ്റിൽ മരിയ തെക്കേക്കര നിർവഹിച്ചു.

10.11.2016 എസ്.എൻ.ഡി.എസ്. നിർമലദാസി സമർപ്പിത സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി റവ. സിസ്റ്റർ ചിന്നമ്മ കുന്നക്കാട്ട് തിരഞ്ഞെടുക്കപ്പെട്ടു. മുളയം നിർമല ജനറലേറ്റിൽവച്ചു നടന്ന ജനറൽ സിനാക്സിസിലായിരുന്നു തെരഞ്ഞെടുപ്പ്. സിസ്റ്റർ ലിസ്സ പുറവക്കാട്ട് ജീവകാരുണ്യത്തിന്റെ കൗൺസിലറായും, സിസ്റ്റർ മേരിക്കുട്ടി പൂവക്കുളത്ത് മിഷൻ കൗൺസിലറായും, സിസ്റ്റർ എൽസി ഇല്ലിക്കൽ ആരോഗ്യവകുപ്പ് കൗൺസിലറായും, സിസ്റ്റർ അൽഫോൻസാ ചിറ

യത്ത് ഫിനാൻസ് അഡ്മിനിസ്റ്റ്ടേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്റർ എൽസി ഇല്ലിക്കൽ ആണ് വൈസ് ജനറൽ.

എസ്.എ.ബി.എസ്. കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ച വിധവകളുടെ ഏകദിന സെമിനാറിൽ വിവിധ ഇടവകകളിൽ നിന്നായി 65 പേർ പങ്കെടുത്തു. മദർ ലിറ്റിൽ മരിയ തെക്കേക്കര ഉദ്ഘാടനം നടത്തിയ ഈ സെമിനാറിൽ റവ. ഫാ. വിൻസന്റ് പഴുക്കാകളം O.Carm. ക്ലാസ് നയിച്ചു.

11.11.2016 സി.എം.സി. ആലുവ ജനറലേറ്റിൽ വച്ചു നടന്ന Provincials' & Formators' Meet ൽ പ്രൊവിൻഷ്യൽ സി.അനിജ, മിസ്ട്രസ്സുമാരായ സി. രോഷ്നി, സി. കൊച്ചുത്രേസ്യ, സി. സുമ എന്നിവർ പങ്കെടുത്തു.

12.11.2016 സി.എച്ച്.എഫ്. ബാലസോർ രൂപതയിലെ ഭദ്രക്കിൽ നവജ്യോതി പ്രോവിൻസിന്റെ മിഷൻഭവനമായി പുതിയതായി പണിതീർത്ത ഹോളീഫാമലി കോൺവെന്റിന്റെ ആശീർവ്വാദകർമ്മം ബാലസോർ ബിഷപ്പ് റവ.ഡോ.സൈമൺ കൈപുറത്തിന്റെ മുഖ്യകാർമ്മീകത്വത്തിലുള്ള ദിവ്യബലിയോടെ നടത്തി. ഈ പരിപാടികളിൽ ബാലസോർരൂപതയിലെ ബഹുമാനപ്പെട്ട വൈദീകരും സിസ്റ്റേഴ്സും, ഉപകാരികളും, ഇടവകകാരും നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സിപോളും കൗൺസിലേഴ്സും, പങ്കെടുത്തു.

13.11.2016 എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു.

15.11.2016 സി.എം.സി. കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ എല്ലാമഠങ്ങളിലെയും ജോലിക്കാരെ ഒന്നിച്ചു കൂട്ടി. ശ്രീമതി ജെസ്സി ചേറൂർ ഇവർക്ക് ക്ലാസ്സും പ്രാർത്ഥനയും നയിച്ചു.

18.11.2016 പാലയൂരിൽ നടന്ന കാരുണ്യവർഷാചരണസമാപന പരിപാടികളോടനുബന്ധിച്ച് നടത്തിയ മുപ്പത്തിമൂന്നുമണി ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം തുടങ്ങിയവയിൽ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും ധാരാളം സമർപ്പിതർ പങ്കെടുത്തു.

19.11.2016 സി.എം.സി. സിസ്റ്റേഴ്സിനുവേണ്ടി വിമല കോളേജിൽ നടത്തിയ E-Learning Programme ൽ മുപ്പതോളം സിസ്റ്റേഴ്സ് പങ്കെടുത്തു.

സി.എം.സി. Divya Bhavan Convent ന്റെ സിൽവർ ജൂബിലി ഘോഷത്തിൽ വികാരി ജനറൽ മോൺ.റവ. ഫാദർ ജോർജ്ജ് കോമ്പാറ ദിവ്യബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ സി. അനിജയും മുൻപ്രൊ

വിൻഷ്യൽസും സിസ്റ്റേഴ്സും പങ്കെടുത്തു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 'പ്രൊവിൻസ് ഡെ' ആഘോഷം വിവിധ മത്സരങ്ങളോടെ സാഘോഷം കൊണ്ടാടി.

23.11.2016 സി.എം.സി. വി.ചാവറ, എവുപ്രാസ്യ വിശുദ്ധപദപ്രഖ്യാപനത്തിന്റെ 2-ാം വാർഷികത്തോടനുബന്ധിച്ച് ഒല്ലൂർ എവുപ്രാസ്യ തീർത്ഥ കേന്ദ്രത്തിൽ ഇരിഞ്ഞാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ദിവ്യബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ കൗൺസിലും, സിസ്റ്റേഴ്സും, സി.എം.സി. അസോസിയേറ്റ്സും പങ്കെടുത്തു.

24.11.2016 സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി B.Ed കോളേജ് യൂണിയൻ ഉദ്ഘാടന പരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സിപോളും വികാർ പ്രൊവിൻഷ്യൽ സി.ജെയ്സി ജോണും പങ്കെടുത്ത് ആശംസകൾ നേർന്നു.

മലബാർ മിഷനറീസ് ഓഫ് ബ്രദേഴ്സിന്റെ പ്രൊവിൻസ് ഡേ-യിലും സിൽവർ ജൂബിലി ഘോഷത്തിലും വിവിധ സന്യാസസമൂഹങ്ങളുടെ പ്രതിനിധികൾ സംബന്ധിച്ചു.

26.11.2016 സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന് കോലഴി മക്കൾ പൗരോഹിത്യ വജ്രജൂബിലി മംഗളം നേർന്നു.

27.11.2016 എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനും നോവിസ് മിസ്ട്രസ്സുമാർക്കുമായി ആലുവ പോർസ്യുങ്കുള ജനറലേറ്റിൽ നടന്ന ധ്യാനത്തിലും മറ്റ് പരിപാടികളിലും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. റോസ് അനിതയും നോവിസ് മിസ്ട്രസ്സ് സി. ഡെയ്സി ആലപ്പാട്ടും സംബന്ധിച്ചു.

28.11.2016 സി.എസ്.സി.കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. തൃശൂർ മൈനർ സെമിനാരി റെക്ടർ റവ. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ ക്ലാസ്സെടുത്തു.

എസ്.എ.ബി.എസ്. പടവരാട് ശാന്തി ഭവനിൽ പ്രായമായ അമ്മമാർക്കായി റവ. ഫാ. ട്രിജോ ചക്കാലയ്ക്കൽ OFM.Cap. വാർഷിക ധ്യാനം നൽകി. 11 പേർ ധ്യാനത്തിൽ സംബന്ധിച്ചു.

എസ്.എ.ബി.എസ്. സി. ഫിജി തരേസ് പുല്ലോക്കാരൻ, സി. ഡാലി ജോസ് കൊടശ്ശേരിയിൽ, സി. ജിൽസി ജോ പുളിക്കൽ, സി. ജെൻസി തെരേസ് കണ്ണാത്ത് എന്നിവർ നിത്യവ്രതാനുഷ്ഠാനത്തിനൊരുക്കമായി സെനക്കളിൽ ആരംഭിച്ച 'പ്രണിധാൻ' കോഴ്സിൽ പ്രവേശിച്ചു.

**ആദരാഞ്ജലികൾ**



26.11.2016 എഫ്.സി.സി. നെല്ലിക്കുന്ന് ഡോ ബോസ്കോ ഭവനാംഗമായിരുന്ന ബ. സി. ആന്റണീന നവംബർ 26-ാം തീയതി ഉച്ചകഴിഞ്ഞ് 2.15 ന് നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 27-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 ന് കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



29.11.2016 എഫ്.സി.സി ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ ബ. സി. ടെയ്സ് 29-ാം തീയതി പുലർച്ചെ 3.15 ന് മരണമടഞ്ഞു. അുതന്നെ ഉച്ച തിരിഞ്ഞ് മൂന്നുമണിക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. റവ. ഫാ. ജോർജ്ജ് കോമ്പാറയുടെ കാർമ്മികത്വത്തിൽ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് മഠം ചാപ്പലിനോടു ചേർന്ന കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്ക്കരിച്ചു.



30.11.2016. സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ ചെമ്പൂക്കാവ് ഹോളീഫാമലി ഭവനാംഗമായ സി.ഫാബിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോൺ.ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മീകത്വത്തിൽ സംസ്ക്കാര ശുശ്രൂഷ നടത്തി.

സി. ജോസഫൈൻ പാലത്തിങ്കൽ SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

പ്രിയ കുട്ടികളേ,

പുതിയൊരു വത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണ്. 2017 നിങ്ങളുടെ ജീവിതത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ജീവിതവിജയത്തിന്റെയും കാലഘട്ടമാകട്ടെ എന്ന് ആശംസിക്കുന്നു. നാം സാധാരണ കേൾക്കാറുള്ള ഒരു പഴമൊഴിയുണ്ട്. 'Well begun half done'. മറ്റൊരു പഴമൊഴിയാണ് 'താൻ പാതി; ദൈവം പാതി'. ഇതിന്റെ അർത്ഥം ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് വർഷാരംഭത്തിൽ നല്ല പ്രതിജ്ഞകളോടെ വ്യക്തമായ ലക്ഷ്യം മുന്നിൽ കണ്ട് നന്നായി ആരംഭിക്കുക എന്നതാണ്. അതുകൊണ്ട് 2017ൽ നേടേണ്ട ലക്ഷ്യങ്ങളെ കുറിച്ചും അതിന് ഉപയോഗിക്കേണ്ട കർമ്മപരിപാടികളെ കുറിച്ചും വ്യക്തമായ ആസൂത്രണം നടത്തുന്നത് നല്ലതാണ്. നിങ്ങളുടെ ജീവിതത്തിന്റെ വാർഷികപദ്ധതിയും ടൈംടേബിളും തയ്യാറാക്കാൻ നിങ്ങളുടെ മാതാപിതാക്കളിൽ നിന്നും ഗുരുക്കന്മാരിൽ നിന്നും വിദഗ്ധോപദേശം നേടുന്നത് നല്ലതാണ്. പുതിയ വർഷം ദൈവാനുഗ്രഹപ്രദമാകാൻ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

ജനുവരി മാസം കേരളത്തിലെ കത്തോലിക്കരുടെ ഇടയിൽ പൊതുവേ തിരുനാളുകളുടെ മാസമാണ്. അതിനാൽ തിരുനാളുകളുടെ അർത്ഥലക്ഷ്യങ്ങളെ കുറിച്ച് ചുരുക്കമായി ചിന്തിക്കാൻ ഞാൻ നിങ്ങളെ

ക്ഷണിക്കുകയാണ്. മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽതന്നെ തിരുനാളുകളും ആഘോഷങ്ങളും തുടങ്ങിയിട്ടുണ്ട്. ബൈബിളിൽ പഴയ നിയമത്തിൽ തിരുനാൾ ആഘോഷിക്കാൻ ദൈവം തന്നെ കൽപ്പിച്ചിരുന്നതായി കാണാം. ഉദാഹരണമായി ലേവ്യർ 23:10ൽ ദൈവം ആഘോഷിക്കാൻ കല്പിച്ച വിവിധങ്ങളായ തിരുനാളുകൾ കാണാം. തിരുനാളുകളുടെ ലക്ഷ്യവും ബൈബിളിൽ വിശദീകരിക്കുന്നുണ്ട്. ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് തങ്ങളെ സൃഷ്ടിക്കുകയും രക്ഷിക്കുകയും അത്ഭുതകരമായി പരിപാലിക്കുകയും ചെയ്ത ദൈവത്തിന് കൃതജ്ഞതയും സ്തുതികളും അർപ്പിക്കുക എന്നതാണ്.

തപ്പുകൾ കൊട്ടിയും വീണകൾ മീട്ടിയും പാട്ടുകൾ പാടിയും ദൈവം കല്പിച്ച തിരുനാളുകൾ ആഘോഷിച്ചപ്പോൾ അവർക്ക് അത് ആത്മീയ ഉണർവ്വിനും അനുഗ്രഹത്തിനും അവസരമായി. എന്നാൽ ദൈവത്തെ നിരാകരിച്ചും മനുഷ്യനന്മ പരിഗണിക്കാതെയും ആഘോഷങ്ങളെ ആഭാസമാക്കിയപ്പോൾ ദൈവം പ്രവാചകരിലൂടെ അത്തരം തിരുനാളുകളെ തള്ളിപ്പറയുകയും അവയിൽ താൻ പ്രസാദിക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തു (ആമോസ് 5:21).

യഹൂദരുടെ തിരുനാൾ ആഘോഷങ്ങളിൽ പതിവായി പങ്കെടുത്തിരു യേശുവിനെ പുതിയ നിയമത്തിൽ നാം കണ്ടുമുട്ടുന്നു. പന്ത്രണ്ടാം വയസ്സിൽ തിരുനാൾ ആഘോഷത്തിനിടയ്ക്ക് മാതാപിതാക്കൾക്ക് യേശുവിനെ നഷ്ടപ്പെട്ടു. കണ്ടെത്തിയത് ദൈവാലയത്തിലാണ്. ഇന്ന് ബഹളത്തിൽ കാണാതായാൽ നിങ്ങളെ ദൈവാലയത്തിൽ കണ്ടെത്താനാകുമോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. ക്രൈസ്തവരുടെ ഇടയിൽ തിരുനാളുകൾ ആഘോഷിക്കാൻ തുടങ്ങിയത് യേശുവിന്റെ ഉത്ഥാനവുമായി ബന്ധപ്പെട്ടിട്ടാണ്. അങ്ങനെയാണ് യഹൂദരുടെ സാബത്തായ ശനിയാഴ്ചയ്ക്ക് പകരം ഞായർ വി. ദിനമായി ക്രൈസ്തവർ ആചരിക്കാൻ തുടങ്ങിയത്.

പിൽക്കാലങ്ങളിൽ യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ ജനനം, മാമ്മോദീസ, രൂപാന്തരീകരണം, ഉത്ഥാനം തുടങ്ങിയ പ്രധാന സംഭവങ്ങൾ തിരുനാളുകളായി ആഘോഷിക്കാൻ തുടങ്ങി. താമസിക്കാതെ വിശുദ്ധരുടെ തിരുനാളുകളും സഭയിൽ ആഘോഷിച്ചു തുടങ്ങി. രണ്ട് ലക്ഷ്യങ്ങളാണ് തിരുനാൾ ആഘോഷങ്ങൾക്കുള്ളത്. യേശുവിന്റെ ജനനവേളയിൽ മാലാഖമാർ പാടിയതുപോലെ ദൈവമ

ഹത്വവും മനുഷ്യന്റെ നന്മ അഥവാ സമാധാനവുമാണവ. വിശുദ്ധരുടെ തിരുനാളുകൾ നമ്മെ അനുസ്മരിപ്പിക്കുന്നത്, ഏതു വിശുദ്ധന്റെ തിരുനാളാണോ ആഘോഷിക്കുന്നത് ആ വിശുദ്ധന്റെ മാതൃക പിന്തുടരുക എന്നതാണ്. വിശുദ്ധരല്ല നമുക്ക് അത്ഭുതങ്ങൾ നൽകുന്നത്. കാനായിലെ കല്ല്യാണവിരുന്നിൽ യേശുവിന്റെ അമ്മയല്ല അത്ഭുതം പ്രവർത്തിച്ചത്. ദുഃഖത്തിലമർന്ന കല്ല്യാണവീടിന്റെ ദുരിതം കണ്ട് ആ കുടുംബത്തിന്റെ ആവശ്യത്തിൽ അനുഗ്രഹം ചൊരിയാൻ മറിയം യേശുവിന്റെ മുമ്പിൽ മാധ്യസ്ഥം വഹിച്ചു. യേശുവാണ് അത്ഭുതം പ്രവർത്തിച്ചത്. വിശുദ്ധരുടെ ലുത്തിനിയയിൽ പിതാവായ ദൈവമേ എന്ന് ചൊല്ലുമ്പോൾ ഞങ്ങളെ അനുഗ്രഹിക്കണമേ എന്നും പരി. മറിയമേ എന്നു ചൊല്ലുമ്പോൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്നും ചൊല്ലുതിന്റെ അർത്ഥം ഇപ്പോൾ മനസ്സിലായില്ലേ.

വി. സെബസ്ത്യാനോസിന്റെ തിരുനാളാണ് കേരളത്തിലെ പള്ളികളിൽ കൂടുതൽ ആഘോഷിച്ചുകാണുന്നത്. പഞ്ഞം, പട, വസന്ത (പട്ടിണി, യുദ്ധം, രോഗങ്ങൾ) യുടെ കാലത്ത് നമ്മുടെ പൂർവ്വികർ വി. സെബസ്ത്യാനോസിന്റെ മാധ്യസ്ഥം തേടിയതാണ് ഈ തിരുനാളുകൾ പ്രചാരത്തിലാകാൻ കാരണം. വിശ്വാസത്തിനുവേണ്ടി പടപൊരുതാനും വേണ്ടിവന്നാൽ രക്തസാക്ഷിത്വം വരിക്കാനുമുള്ള ധീരതയാണ് ഈ വിശുദ്ധൻ കാണിച്ചു തരുന്ന മാതൃക. പാപത്തേക്കാൾ മരണം എന്നു പറഞ്ഞ ഡൊമിനിക് സാവിയോയും ചാരിത്ര്യശുദ്ധിക്കുവേണ്ടി മരിക്കാൻ തയ്യാറായ മരിയ ഗൊരേത്തിയും സഹനപുഷ്പമായ വി. അൽഫോൻസമ്മയും പ്രാർത്ഥിക്കുന്ന അമ്മയായ വി. എവുപ്രാസ്യാമ്മയും മിഷനറി തീഷ്ണത കൊണ്ടു നിറഞ്ഞ തോമാശ്ലീഹായും ഫ്രാൻസിസ് സേവ്യറും കൊച്ചുത്രേസ്യയും ദളിതർക്കുവേണ്ടി ജീവിച്ച കുഞ്ഞച്ചനും കുടുംബനവീകരണത്തിനുവേണ്ടി പ്രയത്നിച്ച മറിയം ത്രേസ്യയും വിശ്വാസജീവിതത്തിന് നല്ല മാതൃകകളാണ് നൽകുന്നത്.

തിരുനാളുകൾ അതിന്റെ ചൈതന്യത്തിൽ ആഘോഷിക്കാൻ എന്തു ചെയ്യണം എന്ന് നിങ്ങൾ ചർച്ച ചെയ്യണം. താഴെ പറയുന്ന ചോദ്യങ്ങൾ നിങ്ങൾ ചർച്ചാവിഷയമാക്കുക.

1. ലേവ്യരുടെ പുസ്തകത്തിൽ കാണുന്ന ദൈവം ആഘോഷിക്കാൻ കല്പിച്ച തിരുനാളുകളേവ?

2. തിരുനാളുകളിൽ ദൈവം പ്രസാദിക്കുന്നില്ലെന്ന് പറഞ്ഞതിന്റെ കാരണങ്ങൾ ഏവ?
3. യേശു പങ്കെടുത്ത തിരുനാളുകളേവ?
4. ക്രൈസ്തവസഭയിൽ തിരുനാൾ ആഘോഷങ്ങൾ തുടങ്ങിയതെങ്ങനെ?
5. വിശുദ്ധരുടെ തിരുനാളുകളുടെ ലക്ഷ്യങ്ങളേവ?
6. നമ്മുടെ തിരുനാളുകൾ ദൈവേഷ്ടപ്രകാരമാകാൻ എന്തുചെയ്യണം?
7. തിരുനാളിന്റെ അവസരത്തിൽ പാവപ്പെട്ടവരോട് നിങ്ങൾ എന്ത് പ്രവർത്തിക്കും?

ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.

നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

വിശ്വാസ പരിശീലനരംഗത്ത്, 2016 അനുഗ്രഹദായകമായ ഒരു വർഷമായിരുന്നു. ദൈവത്തിനുസ്തുതി. വിശ്വാസപരിശീലനവും കാരുണ്യപ്രവൃത്തികളും സമന്വയിപ്പിച്ച് കരുണയുടെ വർഷം സാർത്ഥകമാക്കി എന്ന് വിശ്വസിക്കുന്നു. ഇതാ, പുതിയൊരു വർഷം 2017 ദൈവം നമുക്കു സമ്മാനിക്കുന്നു! തിരുപ്പിറവി സമ്മാനിക്കുന്ന സന്തോഷവും സമാധാനവും സ്വാംശീകരിച്ച്, ദൈവകൃപയിലാശ്രയിച്ച്, പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**1. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

തിയതി : 2017 ഫെബ്രുവരി 5

ദിവസം : ഞായർ

സമയം : 02.30 PM

സ്ഥലം :മതബോധനകേന്ദ്രം

എല്ലാ ഹെഡ്മാസ്റ്റർമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും അത്യാവശ്യ കാരണത്താൽ ഹെഡ്മാസ്റ്റർക്ക് സംബന്ധിക്കാൻ സാധിക്കാതെവന്നാൽ, അക്കാര്യം അതിരൂപതാ മതബോധന ഡയറക്ടറെ അറിയിക്കേണ്ടതും യൂണിറ്റിന്റെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുമാണ്.

**2. ഞായർ മതബോധന വാർഷിക പരീക്ഷകൾ:**

**2017 ഫെബ്രുവരി 12, 2PM-4PM : Std X, XI and XII**
**2017 ഫെബ്രുവരി 19, 2PM-4PM : Stds. I, III, V, VII, IX, and ACC (3 hours, 2PM-5PM)**
**2017 ഫെബ്രുവരി 26, 2PM-4PM : Stds. II, IV, VI and VIII**

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാവർക്കും നല്ല വിജയം ആശംസിക്കുന്നു.

**3. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2017**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Chief Examiners’Meeting: 26th February, Sunday 10 AM
Centralised Evaluation ACC & Std. XII : Saturday 4th & Sunday 5th March

Std. XII & ACC അധ്യാപകരുടെ ലിസ്റ്റ് തരാത്തവർ എത്രയും വേഗം തരേണ്ടതാണ്.

**4. സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം പരീക്ഷകൾ**

**വാർഷിക പരീക്ഷകൾ :**

സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII

തിയതി : **2017 ജനുവരി 13 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ): Stds: I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ): Stds. II, IV, VI, VIII, X, XII

**NB.**

1. സ്കൂളുകളിലേക്കുള്ള ചോദ്യപേപ്പറുകൾ ജനുവരി 9 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്.
2. മോറൽസയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതിയതി നിശ്ചയിക്കുന്നതും കെ. സി. ബി. സി. കമ്മീഷൻ ഫോർ എജ്യുക്കേഷൻ ആണ്. അതുകൊണ്ട് പ്രസ്തുത ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തിയതിയിലും നിശ്ചിത സമയത്തും എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ടതാണ്.
3. മോറൽസയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. 10-ാം ക്ലാസ്സിലെയും 12-ാം ക്ലാസ്സിലെയും മോറൽസയൻസ് വാർഷിക പരീക്ഷയിൽനിന്നും 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ കെ. സി. ബി. സി. കമ്മീഷൻ പുനർമുല്യനിർണ്ണയം നടത്തിയാണ് അവാർഡ് ജേതാക്കളെ നിശ്ചയിക്കുന്നത്. ആയതിനാൽ ഈ പരീക്ഷയിൽ 90 ശതമാനമോ അതിനുമുകളിലോ മാർക്കുവാങ്ങിയവരുടെ ഉത്തരക്കടലാസുകൾ, കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷന് അയച്ചുകൊടുക്കുന്നതിനുവേണ്ടി, പരീക്ഷകഴിഞ്ഞ് 5 ദിവസത്തിനകം മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം. കഴിഞ്ഞ വർഷം 10-ാം ക്ലാസ്സിൽ നമ്മുടെ അതിരൂപതയിൽനിന്നുള്ള 3 വിദ്യാർത്ഥികൾക്ക് അവാർഡ് ലഭിച്ചു എന്നുള്ളത് അഭിമാനാർഹമാണ്.
5. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് സെക്കന്റ് ടേമിലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.
6. മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ 'ജനറൽ' എന്ന് പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.
7. സ്കൂൾ കാറ്റക്കിസം, മോറൽ സയൻസ് വിഷയങ്ങൾക്ക് 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാമതബോധനകേന്ദ്രം നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷകൾ പതിവുപോലെ ഉണ്ടായിരിക്കും. (Scheme of Work കാണുക)

അതിരൂപതാ മതബോധനകേന്ദ്രത്തിൽനിന്ന് നിശ്ചയിച്ചിട്ടുള്ള ചോദ്യപേപ്പറുകൾ ഉപയോഗിച്ച് നിശ്ചിത സമയത്തുതന്നെ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

## 5. Std. XII & ACC Common Examinations – February 2017

1 ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്.

2 **XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷാരീതി:** XII, ACC വാർഷിക പരീക്ഷയ്ക്ക് യൂണിറ്റിൽനിന്ന് ഉത്തരക്കടലാസ്സുകൾ നല്കേണ്ടതില്ല. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേല്പ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** സംവിധാനമാണ് തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നല്കിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

3. പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

4 പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

5 ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനപ്രകാരമാണ്. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

6 Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (തിയതികൾ മുകളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)

7 പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ ഗൗരവബുദ്ധ്യാ ശ്രദ്ധിക്കേണ്ടതാണ്.

**6. സർവ്വീസ് അവാർഡ് ദിനം –2017 ജനുവരി 26 വ്യാഴാഴ്ച**

സർവ്വീസ് അവാർഡിന് അർഹരായ അധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. അവരെയും കുടുംബാംഗങ്ങളെയും പ്രത്യേകം പറഞ്ഞു വിടുമല്ലോ.

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് നല്കുന്നതായിരിക്കും.

1. Archdiocesan Level Aptitude Examination
2. SMCC Std. XII പ്രതിഭാസംഗമത്തിനുവേണ്ടി അതിരൂപതയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് വിദ്യാർത്ഥികൾ
3. 2016-2017 അധ്യയനവർഷത്തിലെ ഫൊറോനതല മോഡൽ യൂണിറ്റുകൾക്കും അതിരൂപതാതല ബെസ്റ്റ് മോഡൽ യുണിറ്റിനുമുള്ള റോളിംഗ് ട്രോഫികൾ.

**7. മോഡൽ യൂണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ തിരിച്ചേല്പിക്കുക**

കഴിഞ്ഞ അധ്യയനവർഷത്തെ മോഡൽ യൂണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ 2016 നവംബർ 6ന് നേടിയവർ അവ 2017 ജനുവരി 15–നുമുമ്പ് മതബോധനകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

പുതുവത്സരാശംസകളോടെ,

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**

**Fr. Raphael Akkamattathil**
**Director**

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

**1. B.A. in Theology and Religious Studies :**

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ജനുവരിയിൽ ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

**2. Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കി ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കോഴ്സ് പൂർത്തിയാക്കിയവരുടെ Diploma 2017 ജനുവരി 26 -ാം തിയ്യതി ഡി. ബി. സി. എൽ. സി. -യിൽ വച്ച് നടക്കുന്ന Award Day Programme -ൽ വിതരണം ചെയ്യുന്നതായിരിക്കും.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജനുവരി 8, 22 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

**3. Vocation Orientation Course:** സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ Vocation Orientation Course (VOC) 2017 ജനുവരി 9-ന് ആരംഭിക്കുന്നതാണ്. അർത്ഥിനികളെ ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് സന്യാസിനീ സമൂഹാധികാരികൾ ശ്രദ്ധിക്കുമല്ലോ.

പുതുവത്സരാശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)

# മേരിമാതാ മേജർ സെമിനാരി

**പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം**

സെമിനാരിയിലെ ആത്മീയ പിതാക്കന്മാരായ മോൺ. ജോർജ്ജ് മാനാടച്ചന്റെയും മോൺ വർഗ്ഗീസ് ഞാളിയത്ത് അച്ചന്റേയും പൗരോഹിത്യ സുവർണ്ണ ജൂബിലി സെമിനാരി കുടുംബം നവംബർ 26-ാം തിയതി സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ജൂബിലി ആഘോഷിക്കുന്ന അച്ചന്മാർക്ക് പൊന്നാട അണിയിച്ച് അനുമോദനങ്ങൾ നേർന്നു. തുടർന്ന് ജൂബിലേറിയൻസിന്റെ പ്രധാന കാർമ്മികത്വത്തിൽ സെമിനാരി കുടുംബം ആഘോഷമായ ദിവ്യബലി അർപ്പിച്ച് ദൈവത്തിന് നന്ദി പറഞ്ഞു. ബഹു. മൈക്കിൾ കാരിമറ്റത്തിലച്ചൻ വചന സന്ദേശം നൽകി. ഓഡിറ്റോറിയത്തിൽ ചേർന്ന അനുമോദന യോഗത്തിൽ അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് ജൂബിലേറിയന്മാർക്ക് ആശംസകൾ നേർന്നു സംസാരിച്ചു. ബഹു. റെക്ടറച്ചൻ ജൂബിലേറിയൻസിനെ നന്ദിപൂർവ്വം അനുസ്മരിച്ച് ഏവർക്കും സ്വാഗതം ആശംസിച്ചു. അച്ചന്മാരുടെ പ്രതിനിധിയായി ബഹു. ടോണി നീലങ്കാവിലച്ചനും ബ്രേദേഴ്സിന്റെ പ്രതിനിധിയായി ബ്രദർ അനീഷ് തേലക്കാട്ടും ആശംസകൾ നേർന്നു. സെമിനാരിയുടെ സ്നേഹോപഹാരമായി മാർപാപ്പയുടെ ജൂബിലി ബ്ലസ്സിംഗ് നൽകി. വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്റ്റഡി ഹൗസുകളിൽ നിന്നും ധാരാളം പേർ അനുമോദനയോഗത്തിൽ പങ്കുചേർന്നു. ജൂബിലേറിയൻസ് വികാര നിർഭരമായി അമ്പതുവർഷത്തെ പൗരോഹിത്യ ജീവിതത്തെകുറിച്ച് സംസാരിച്ചു.

വൈകീട്ട് 8.pm ന് ജൂബിലേറിയൻസിനെ കുറിച്ച് ഒരു ഡോക്യുമെന്ററി അവതരിപ്പിച്ചു. സെമിനാരി വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ രണ്ടര മണിക്കൂർ നീണ്ടുനിന്ന നാടകത്തോടെ ജൂബിലി ആഘോഷങ്ങൾക്ക് തിരശ്ശീല വീണു.

**കാരുണ്യവർഷ സമാപനം**

കാരുണ്യവർഷത്തോട് അനുബന്ധിച്ച് മേരിമാതാ കുടുംബം വിവിധ കർമ്മ പരിപാടികൾ നടത്തിയിരുന്നു. അതിന്റെ സമാപനമായി 2015-2016 വർഷങ്ങളിൽ എക്സ്പോഷർ പ്രോഗ്രാമിലൂടെ സമാഹരിച്ച 1,50,000 രൂപ ഏതെങ്കിലും ചാരിറ്റി പ്രവർത്തനങ്ങൾക്ക് നൽകാൻ തീരുമാനിച്ചു. ദീർഘനാളുകളായി ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന സെമിനാരിയിലെ മിനിസ്റ്റീരിയിൽ സ്റ്റാഫ് ശ്രീമതി ജാനുവിന്റെ കുടുംബത്തെ ബ്രദേഴ്സിന്റെ പ്രതിനിധി സംഘം സന്ദർശിക്കുകയും പണം കൈമാറുകയും ചെയ്തു.

**Inter-Seminary Mach കൾ**

പൗരോഹിത്യ ജീവിതത്തിലേക്ക് ഒരുമിച്ച് യാത്ര ചെയ്തു കൊണ്ടിരിക്കുന്ന ബ്രദേഴ്സ് തമ്മിലുള്ള ഐക്യവും സൗഹൃദവും വളർത്തിയെടുക്കുന്നതിന്റെ

ഭാഗമായി ഈ കൊല്ലവും വിവിധ മേജർ സെമിനാരികൾ തമ്മിൽ ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, വോളിബോൾ മത്സരങ്ങൾ നടന്നു. മേരിമാതാ സെമിനാരിയിൽ വച്ചു നടന്ന ആലുവ മംഗലപ്പുഴ സെമിനാരിയുമായുള്ള ഫുട്ബോൾ മത്സരത്തിലും കോട്ടയം, വടവാതൂർ സെമിനാരിയിൽ വച്ചു നടന്ന ഫുട്ബോൾ സൗഹൃദ മത്സത്തിലും മേരിമാതാ വിജയികളായി. സി.എസ്.ടി. സെമിനാരിയുമായി ബാസ്ക്കറ്റ്ബോൾ മത്സരവും കാൽവരി കപ്പൂച്ചിൻ സെമിനാരിയുമായി വോളിബോൾ മത്സരവും മേരിമാതാ സെമിനാരിയിൽ വച്ചു നടത്തപ്പെട്ടു.

**ഡിസംബർ 8, അമലോത്ഭവ തിരുനാൾ**

സെമിനാരിയുടെ മദ്ധ്യസ്ഥയായ പരി. കന്യക മറിയത്തിന്റെ അമലോത്ഭവ തിരുനാളും സെമിനാരിയുടെ ശിലാസ്ഥാപന ദിനവുമായ ഡിസംബർ 8 സെമിനാരി കുടുംബം സമംഗളമായി ആഘോഷിച്ചു.

ഡിസംബർ 7ന് വൈകീട്ട് ആഘോഷമായ സായാഹ്ന പ്രാർത്ഥനയ്ക്ക് ബഹു. റെക്ടറച്ചൻ നേതൃത്വം നൽകി. ബിൽജു വാഴപ്പിള്ളി അച്ചൻ അമലോത്ഭവ തിരുനാളിന്റെ സന്ദേശം മനോഹരമായി പങ്കുവെച്ചു. തിരുനാൾ ദിനമായ എട്ടാം തിയതി രാവിലെ സെമിനാരിയുടെ പ്രഥമ റെക്ടർ ആയ അഭിവന്ദ്യ തട്ടിൽ പിതാവ് സെമിനാരി കുടുംബത്തോട് ചേർന്ന് ദിവ്യബലി അർപ്പിച്ചു. അന്നേ ദിവസം വൈകീട്ട് 6.30ന് ആഘോഷമായ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ അഭിവന്ദ്യ ജേക്കബ്ബ് തൂങ്കുഴി പിതാവ് കാർമ്മികത്വംവഹിച്ചു. തുടർന്ന് പൗരോഹിത്യ ജീവിതത്തിന്റെ 60 വർഷം പൂർത്തിയാക്കിയ പിതാവിന് ആശംസകൾ നേർന്നു. പിതാവിനെയും പിതാവിന്റെ സ്വപ്നമായ മേരിമാത സെമിനാരിയെയും കോർത്തിണക്കി ബ്രദേഴ്സ് ഒരു ഡോക്യുമെന്ററി അവതരിപ്പിച്ചു. തുടർന്ന് സെമിനാരി കുടുംബത്തോട് പിതാവ് പ്രത്യേക നന്ദി പ്രകാശിപ്പിച്ചു. കാനഡയിൽ നിന്നു വന്ന ബിഷപ്പ് മൈക്കിൾ ആഘോഷങ്ങളിൽ സന്നിഹിതനായിരുന്നു.

**സ്നേഹോത്സവം - 2016**

വൈദിക വിദ്യാർത്ഥികളെ ക്രിസ്തുവിനിണങ്ങിയ അജപാലകരായി രൂപപ്പെടുത്തുവാനും ദൈവജനത്തിന് സ്നേഹത്തിന്റെ നവചൈതന്യം പകർന്ന് കൊടുക്കുന്നതിനുമായി ഈ വർഷത്തെ സ്നേഹോത്സവം ഡിസംബർ 11 മുതൽ 16 വരെ തൃശ്ശൂർ അതിരൂപതയിലെ പുത്തൂർ ഇടവകയിലും പാലക്കാട് രൂപതയിലെ പന്തലാംപാടം ഇടവകയിലുമായി നടന്നു. സ്നേഹോത്സവത്തിന് ഒരുക്കമായ പ്രാർത്ഥന നവംബർ 19ന് ദിവ്യകാരുണ്യ ആരാധനയോടെ മേരിമാതാ കുടുംബം ആരംഭിച്ചു. സെമിനാരി കുടുംബം രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് നാല് വൈദികരും 40 സഹോദരങ്ങളും പന്തലാംപാടം ഇടവകയിലേക്കും 7 വൈദീകരും 90 സഹോദരന്മാരും പുത്തൂർ ഇടവകയിലേക്കും യാത്രയായി. രണ്ട് ഇടവകകളേയും സോണുകളായി തിരിച്ച് ദിവ്യബലിയും കുമ്പസാരവും സംഗമവും നടത്തി. ഇരു ഇടവകകൾക്കും ഒരു പുത്തൻ

ചൈതന്യം പകർന്നുകൊണ്ട് ബ്രദേഴ്സിന്റെ ഭവന സന്ദർശനം വൈദികരുടെ വചനപ്രഘോഷണങ്ങളും സ്നേഹോത്സവത്തിന്റെ വിജയത്തിന് വഴിയൊരുക്കി. മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ്ബ് തൂങ്കുഴി, മാർ ജേക്കബ്ബ് മാനത്തോടത്ത്, മാർ റാഫേൽ തട്ടിൽ എന്നിവർ വിവിധ ദിവസങ്ങളിൽ ഇടവകകളിൽ വന്ന് ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ക്രിസ്തുമസ്സ് ആഘോഷം**

ക്രിസ്തുമസ്സ് ആഘോഷത്തിന്റെ ഭാഗമായി വൈദീകരും വൈദീക വിദ്യാർത്ഥികളും ഡിസംബർ 1ന് ക്രിസ്തുമസ്സ് ഫ്രണ്ടിനെ തിരഞ്ഞെടുത്തു. ക്രിസ്തുമസ്സിന്റെ ഒരുക്കമായി എല്ലാദിവസവും ഓരോ ബ്രദേഴ്സ് ക്രിസ്തുമസ്സ് സന്ദേശങ്ങൾ നൽകിയിരുന്നു. ഡിസംബർ 17ന് എല്ലാവരും തങ്ങളുടെ ക്രിസ്തുമസ്സ് ഫ്രണ്ടിന് സമ്മാനങ്ങളും ആശംസകളും കൈമാറി. വിവിധ ബാച്ചുകൾ കരോൾ ഗാനം ആലപിച്ചു. രണ്ടാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ നിർമ്മിച്ച പുൽക്കുട് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. തുടർന്ന് ക്രിസ്തുമസ്സ് അവധിക്കായി ബ്രദേഴ്സ് വീടുകളിലേക്ക് യാത്രയായി.

**ക്രിസ്തുമസ്സ് അവധിക്കാലം**

തിരക്കുകളിൽ നിന്നു മാറി സ്വന്തം ഭവനങ്ങളിൽ ക്രിസ്തുമസ്സും നവവത്സരവും ആഘോഷിക്കുന്നതിനായി ക്രിസ്തുമസ് അവധിക്കാലം ഡിസംബർ 18ന് ആരംഭിച്ചു. തിരുപിറവിക്കുശേഷം വിവിധ രൂപതകളിലായി നടന്ന പൗരോഹിത്യ സ്വീകരണത്തിൽ പങ്കെടുക്കുന്നതിനും സഹായിക്കുന്നതിനും തങ്ങളുടെ പൗരോഹിത്യ സ്വപ്നങ്ങൾക്ക് നിറം പകരുന്നതിനും സഹോദരങ്ങൾക്ക് സാധിച്ചു. മേരിമാതാ സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കിയ 18 ഡീക്കന്മാരാണ് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നത്. അവധിക്കാലം കഴിഞ്ഞ് എല്ലാവരും ജനുവരി 5ന് തിരിച്ചെത്തും.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ഷാജു പി. എൽ. പാട്ടത്തുപറമ്പിൽ ഹൗസ്, കടുപ്പശ്ശേരി

Individual Benefactors Membership

1. ശ്രീമതി ലിസി വിൻസെന്റ്, ചെറുവത്തൂർ ഹൗസ്, കടങ്ങോട്

Individual Wellwisher Membership

1. ശ്രീമതി & ശ്രീ. പി.ഡി. ജോസ് മാസ്റ്റർ, പുലിക്കോട്ടിൽ ഹൗസ്, പാവറട്ടി
2. ശ്രീമതി എൽസി. ജോസ്, ചിറമ്മൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
3. ശ്രീമതി ആഗ്നസ് കുര്യൻ, വാഴപ്പിള്ളി ഹൗസ്, ആർത്താറ്റ്
4. ശ്രീമതി റോസമ്മ ജോൺ, തുറുവേലിൽ ഹൗസ്, പട്ടിക്കാട്

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**ഏകദിന സെമിനാറുകൾ**

എട്ടാം ക്ലാസ്സിലും ഒമ്പതാം ക്ലാസ്സിലും പഠിക്കുന്ന ആൺകുട്ടികൾക്കായുള്ള ഏകദിന ജീവിതമാർഗ്ഗദർശന സെമിനാറുകൾ യഥാക്രമം നവംബർ 16, ഡിസംബർ 3 എന്നീ തിയ്യതികളിൽ മൈനർ സെമിനാരിയിൽ വച്ചു നടന്നു. എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായിട്ടുള്ള സെമിനാറിൽ 38 ഇടവകകളിൽ നിന്നായി 169 കുട്ടികളും ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായിട്ടുള്ള സെമിനാറിൽ 29 ഇടവകകളിൽ നിന്നായി 117 കുട്ടികളും പങ്കെടുത്തു. ബഹു. ജിന്റോ പെരേപ്പാടനച്ചനും ബഹു. പോൾ മാളിയമ്മാവച്ചനും സെമിനാറുകൾക്ക് നേതൃത്വം നൽകി.

**മോൺ ജോർജ്ജ് മാനാടച്ചന്റെ സുവർണ്ണ ജൂബിലി**

ഒരു വ്യാഴവട്ടക്കാലത്തോളം തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയുടെ റെക്ടറായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത ബഹു. മോൺ ജോർജ്ജ് മാനാടനച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി നവംബർ 25ന് പ്രാർത്ഥനാപൂർവ്വം ആഘോഷിച്ചു. മോൺ. ജോർജ്ജ് മാനാടൻ സെമിനാരിക്കും കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ച് നല്ല ദൈവത്തിന് കൃതജ്ഞതയർപ്പിച്ചു. വൈദിക വിദ്യാർത്ഥികൾക്ക് ഉചിതമായ മാർഗ്ഗദർശനങ്ങൾ നൽകുംവിധം ബഹു. മോൺ. ജോർജ്ജ് മാനാടനച്ചൻ വചനവിചിന്തനം നടത്തി. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം സെമിനാരി കുടുംബം ഒത്തുചേർന്ന് മാനാടച്ചന് ആശംസകളർപ്പിച്ചു.

**നാമഹേതുക തിരുനാളും ജന്മദിനവും**

നാമഹേതു തിരുനാളിനോടനുബന്ധിച്ച് നവംബർ 27-ാം തിയതിയും ജന്മദിനത്തോടനുബന്ധിച്ച് ഡിസംബർ 15-ാം തിയതിയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. തദവസരങ്ങളിൽ സെമിനാരി കുടുംബം അഭിവന്ദ്യ പിതാവിന് ആശംസകൾ നേർന്ന് പ്രാർത്ഥിച്ചു.

**ആരാധന ദിനം**

നവംബർ 27 ഞായറാഴ്ച സെമിനാരിയിൽ ദിവ്യകാരുണ്യ ആരാധന ദിനമായി ആചരിച്ചു. എല്ലാ വൈദികവിദ്യാർത്ഥികളുടെയും കുടുംബാംഗങ്ങൾ സമാപന തിരുമണിക്കൂറിൽ സംബന്ധിച്ചു പ്രാർത്ഥിക്കുകയുണ്ടായി.

**റീജൻസി ബ്രദേഴ്സ് പുതിയ സ്ഥലങ്ങളിലേയ്ക്ക്**

റീജൻസിയിലായിരിക്കുന്ന വൈദികവിദ്യാർത്ഥികൾ നവംബർ 29-ാം തിയതി പുതിയ ശുശ്രൂഷാ ദൗത്യങ്ങൾ ഏറ്റെടുത്തു. മാർച്ച് 29-ാം തിയതി ഈ അദ്ധ്യയന വർഷത്തെ റീജൻസിക്കാരുടെ ശുശ്രൂഷ കാലയളവ് അവസാനിക്കും.

**പരീക്ഷകൾ, അവധിക്കാലം**

ഡിസംബർ 7 മുതൽ 20 ഉൾപ്പെടെയുള്ള ദിവസങ്ങളിലായി മൈനർ സെമിനാരിയിലെ ക്രിസ്തുമസ്സിന് മുമ്പുള്ള പരീക്ഷകൾ നടത്തപ്പെട്ടു. 2016 ഡിസംബർ 21 മുതൽ 2017 ജനുവരി 1 ഉൾപ്പെടെ അവധി ദിനങ്ങളായിരുന്നു.

**മാസധ്യാനം**

2016ലെ അവസാനത്തെ മാസധ്യാനം ഡിസംബർ 9, 10 എന്നീ ദിവസങ്ങളിൽ നടന്നു. മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് ബഹു. ജോബ് വടക്കനച്ചനും ഡിഗ്രിപഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. വിത്സൺ കണ്ണനായ്ക്കലച്ചനും ധ്യാനചിന്തകൾ നൽകി. റീജൻസിക്കാരുടെ മാസധ്യാനം ഡിസംബർ 16, 17 ദിവസങ്ങളിലായിരുന്നു. അവർക്കും ധ്യാനചിന്തകൾ നൽകിയത് ബഹു. വിത്സൺ കണ്ണനായ്ക്കലച്ചൻ ആയിരുന്നു.

**ഡയമണ്ട് ജൂബിലി, ജന്മദിനം**

ഡിസംബർ 17-ാം തിയതി അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ ഡയമണ്ട് ജൂബിലി ലളിതമായി ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യപിതാവ് സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**ക്രിസ്തുമസ്സ് ആഘോഷം**

ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള സെമിനാരി കുടുംബത്തിന്റെ ആഘോഷം ഡിസംബർ 20-ാം തിയതിയിലായിരുന്നു. പുൽക്കൂട് ഒരുക്കിയും ക്രിസ്തുമസ്സ് ട്രീ തയ്യാറാക്കിയും ക്രിസ്തുമസ്സ് സമ്മാനങ്ങൾ കൈമാറിയും എല്ലാവരും സന്തോഷപൂർവം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. റവ. ഫാ. ജോബി ചുള്ളിക്കാടൻ, തൃശ്ശൂർ അതിരൂപത
2. ശ്രീമതി കൊച്ചുത്രേസ്യ സെബാസ്, എലുവത്തിങ്കൽ ഹൗസ്, വലപ്പാട്
3. ശ്രീ. ലിൻസൺ വി. എൽ. & ശ്രീമതി നിവ്യ ലിൻസൺ, വടക്കേത്തല ഹൗസ്, കിഴക്കേ കല്ലൂർ
4. ശ്രീ. ആന്റോ ഡി. അക്കര, S/o. ഡേവീസ് ഡബ്ളിയു അക്കര, അക്കര ഹൗസ്, വരന്തരപ്പള്ളി

നിസ്വാർത്ഥതയോടെ തങ്ങൾക്കുള്ളവയിൽ നിന്ന് സമർപ്പണം നടത്തുന്ന എല്ലാ ഉപകാരികൾക്കും ദൈവം തന്റെ അനുഗ്രഹങ്ങൾ സമൃദ്ധമായി നൽകട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# പാലയൂർ മാർത്തോമ അതിരൂപതാ തീർത്ഥകേന്ദ്രം

**വിശ്വാസകവാടം സ്ഥാപിച്ചു**

പരിശുദ്ധ മാർപാപ്പയുടെ 31.10.2016ലെ ഡിക്രിപ്രകാരം, പാലയൂർ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ ദണ്ഡവിമോചനത്തോടുകൂടിയ വിശ്വാസ കവാടം, അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, 19.11.2016ലെ ഭക്തിസാന്ദ്രമായ തിരുകർമ്മങ്ങത്തോടുകൂടി സ്ഥാപിച്ചു. മാർ ജെയ്ക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത, ബിഷപ്പ് മാർ പാസ്റ്റർ നീലങ്കാവിൽ എന്നിവരും അനവധി വൈദികരും സഹകാർമ്മികരായി.

**ദണ്ഡവിമോചനം**

ദണ്ഡവിമോചനം പ്രാപിക്കുന്നതിന് കുമ്പസാരിച്ച് പാപമോചനം നേടി, വിശ്വാസം ഏറ്റുപറഞ്ഞ്, മാർപാപ്പയുടെ നിയോഗാർത്ഥം പ്രാർത്ഥിക്കേണ്ടതാണ് എന്നതിനാൽ പാപസങ്കീർത്തന വേദിയും കുമ്പസാരസൗകര്യവും അതോടുകൂടി ഒരുക്കിയിട്ടുണ്ട്.

മുപ്പിട്ടുഞായർ തിരുനാൾ (ഓരോ മാസവും 10–ാം തിയതി കഴിഞ്ഞവരുന്ന ഞായർ, ശനി) ദുക്റാന തിരുനാൾ, തർപ്പണ തിരുനാൾ, നൊവേന തിരുനാൾ ദിനങ്ങൾ, മഹാതീർത്ഥാടനദിനം, നോമ്പുകാലത്തെ വെള്ളിയാഴ്ചകൾ എന്നീ ദിവസങ്ങളിലാണ് ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുക.

ദണ്ഡവിമോചനം പ്രാപിക്കാവുന്ന ആദ്യത്തെ തിരുനാൾ ഡിസംബർ 11ന് ആചരിച്ചു. മോൺ. ജോർജ്ജ് കോമ്പാറ മുഖ്യകാർമ്മികത്വം വഹിച്ചു. അനേകർ കുമ്പസാരിച്ച് വിശ്വാസ കവാടം കടന്ന് ദണ്ഡവിമോചനം പ്രാപിച്ചു.

അടുത്തതായി ജനുവരി 15നാണ് ദണ്ഡവിമോചനം ലഭിക്കാവുന്ന തിരുനാൾ ആചരിക്കുന്നത്.

വികാർ/റെക്ടർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. പുതുവത്സരാശംസകൾ**

2017 - പുതുവർഷം ആഗതമായി. എല്ലാവർക്കും പുതുവർഷത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. 2017 നമുക്കെല്ലാവർക്കും ദൈവാനുഗ്രഹസമ്പന്നമാകട്ടെ!

**2. ഓർമ്മിക്കാൻ.... ആചരിക്കാൻ - 2017 ജനുവരി**

ജനുവരി 1 (ഞായർ) - ദൈവമാതൃത്വതിരുനാൾ

ജനുവരി 3 (ചൊവ്വ) - വി. ചാവറ കുര്യാക്കോസ് ഏലിയാസ്

ജനുവരി 6 (വെള്ളി) - ദനഹാ തിരുനാൾ, ആദ്യവെള്ളി, വി. കുർബാന

ജനുവരി 12 (വ്യാഴം) - ദേശീയ യുവജന ദിനം

ജനുവരി 20 (വെള്ളി) - വി. സെബസ്ത്യാനോസ്

ജനുവരി 26 (വ്യാഴം) - ഇന്ത്യൻ റിപ്പബ്ലിക് ദിനം

ജനുവരി 30 (തിങ്കൾ) - മഹാത്മഗാന്ധി ചരമദിനം; ലോകസമാധാനദിനം

**3. സ്ഥലമാറ്റ അപേക്ഷകൾ**

പ്രധാന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസ്സിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തിയതി 2017 ജനുവരി 31 (ചൊവ്വ) ആണ്.

**4. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസ്സിൽ സമർപ്പിക്കേണ്ടതാണ്. അതിനുള്ള അവസാന തീയതി 2017 ജനുവരി 31 (ചൊവ്വ) ആണ്.

**5. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2016 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2017 ഫെബ്രുവരി 15 (ബുധൻ) നകം ഏജൻസി ഓഫീസ്സിൽ എത്തിക്കേണ്ടതാണ്.

**6. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ കഴിയും വേഗത്തിൽ അത് ഏജൻസി ഓഫീസ്സിൽ എല്പിക്കേണ്ടതാണ്.

**7. നിയമനത്തിനുള്ള പരീക്ഷകൾ**

B.Ed, TTC, NTS നിയമനത്തിനായി നോമിനേഷൻ ലഭിച്ചിരിക്കുന്ന ഇടവകകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ പരീക്ഷകൾ ഡിസംബർ 12ന് തിങ്കളാഴ്ച തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടന്നു. B.Ed ന് 233 പേരും TTCയ്ക്ക് 118 പേരും NTSന് ഒരാളും പരീക്ഷയെഴുതി.

**8. ഉദയം – 2017**

ഉദയം – 2017 എന്ന പേരിൽ ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂളുകളിലെ 10–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി കണക്ക്, സാമൂഹ്യപാഠം എന്നീ വിഷയങ്ങൾക്കായി ഒരു പ്രത്യേക പരിശീലന പരിപാടി ആരംഭിക്കുകയാണ്. തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ, പുതുക്കാട് – സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂൾ, ഏനാമാവ് – സെന്റ് ജോസഫ്സ് ഹൈസ്കൂൾ എന്നീ മൂന്നു കേന്ദ്രങ്ങളിലാണ് ഈ പഠന പരിപാടി നടത്തുക. 2017 ജനുവരി 7, 14 തിയതികളിൽ കണക്ക് വിഷയത്തിനും ജനുവരി 21, 28 തിയതികളിൽ സാമൂഹ്യപാഠം വിഷയത്തിനും ക്ലാസ്സുകൾ ഉണ്ടായിരിക്കും. അദ്ധ്യാപകരുടെ സഹകരണം പ്രത്യേകം പ്രതീക്ഷിക്കുന്നു.

**9. അനുമോദനങ്ങൾ**

വലപ്പാട് ഉപജില്ല കലാമേളയിൽ യു. പി. വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും, എൽ. പി. വിഭാഗത്തിൽ ഓവറോൾ സെക്കന്റും അറബിക് കലോത്സവത്തിൽ എൽ.പി. ഓവറോൾ തേർഡും കരസ്ഥമാക്കിയ വാടാനപ്പിള്ളി സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ആർ.സി. യു.പി. സ്കൂളിന് അനുമോദനങ്ങൾ.

**10. റിട്ടയർമെന്റ് ലിസ്റ്റ്**

2016–2017 വർഷത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകഫോമിൽ കാണും വിധം എഴുതി 2017 ജനുവരി 20 (വെള്ളി) നകം ഏജൻസി ഓഫീസ്സിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2016-2017)**

(Specimen Proforma)

Name of School :

| Sl. No | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent School |
|---|---|---|---|---|---|
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief

Date : Seal Signature of the
Place : Headmaster/ Headmistress

Note : Parent School Means :
A. School from where Nomination is received or
B. School at which the teacher worked as on 31.03.1971

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**ലോകശാസ്ത്രദിനം ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ ലോകശാസ്ത്രദിനം 10/11/2016 വ്യാഴാഴ്ച ആഘോഷിച്ചു. 2016-2018 അദ്ധ്യയന വർഷത്തിലെ നാച്ചുറൽ സയൻസ് വിദ്യാർത്ഥികളുടെയും സയൻസ് ക്ലബ്ബിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആയിരുന്നു. ആഘോഷ ചടങ്ങുകൾ. ആഘോഷത്തിന്റെ ഭാഗമായി മൈമും സയൻസ് എക്സിബിഷനും നടന്നു. പ്രിൻസിപ്പാൾ ഫാ. ചാക്കോചിറമ്മേൽ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

**ദേശീയ വിദ്യാഭ്യാസദിനം ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ സോഷ്യൽ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ വിദ്യാഭ്യാസ ദിനം 11/11/2016 വെള്ളിയാഴ്ച കോളേജ് അങ്കണത്തിൽ വെച്ച് ആഘോഷിച്ചു. ആഘോഷത്തിന്റെ ഭാഗമായി നടന്ന കലാപരിപാടികൾ ചടങ്ങിന് പ്രൗഢിയേകുന്നതായിരുന്നു.

**SMART Class Room സന്ദർശിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിലെ വിദ്യാർത്ഥികൾ മുള്ളൂർക്കര ഹോളി ക്രോസ് സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂം സന്ദർശിച്ചു. സാങ്കേതിക മികവിന്റെ പുതിയ രൂപാന്തരങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്സ് റൂം സന്ദർശനം വിദ്യാർത്ഥികൾക്ക് വളരെ ഏറെ ഗുണം ചെയ്യുന്നതായിരുന്നു.

**സെമിനാർ സംഘടിപ്പിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രൈയ്നിംഗ് കോളേജിൽ 23/11/2016 ബുധനാഴ്ച സെമിനാർ സംഘടിപ്പിച്ചു. "Learning Disabilityഎന്ന വിഷയത്തെ സംബന്ധിച്ച് ഒറ്റപ്പാലം എൻ. എസ്. എസ്. ട്രൈയ്നിംഗ് കോളേജ് പ്രൊ. ഡോ. സീമ മേനോന്റെ നേതൃത്വത്തിലായിരുന്നു സെമിനാർ നടന്നത്.

**കേരള സ്കൂൾ ശാസ്ത്രോത്സവത്തിൽ B.Ed വിദ്യാർത്ഥികൾ പങ്കാളികളായി**

2016-2017 അദ്ധ്യയനവർഷത്തിലെ കേരള സ്കൂൾ ശാസ്ത്രമേളയിൽ മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ B.Ed. വിദ്യാർത്ഥികൾ പങ്കാളികളായിരുന്നു. വാണിയംകുളം TRK ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പ്രവർത്തിപരിചയമേളയിലായിരുന്നു വിദ്യാർത്ഥികളുടെ പങ്കാളിത്തം. ശാസ്ത്രത്തിന്റെ പുതിയ രീതികളെ പറ്റിയുള്ള അവസരമായിരുന്നു വിദ്യാർത്ഥികൾക്ക്.

**ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ഈ വർഷത്തെ ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും തദവസരത്തിൽ പങ്കാളികളായിരുന്നു.

**എയ്ഡ്സ് ദിനം ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ ഈ വർഷത്തെ എയ്ഡ്സ് ദിനം ആഘോഷിച്ചു. നാച്ചുറൽ സയൻസ് വിഭാഗത്തിന്റെയും ആന്റി അസാറ്റ് ക്ലബ്ബിന്റേയും നടന്നത്. ദിനാചരണത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളിലൂടെ ബോധവൽക്കരണം നടന്നു.

**ഉപതിരഞ്ഞെടുപ്പ് നടന്നു**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യയന വർഷത്തിലെ കോളേജ് യൂയണിയൻ ഉപതിരഞ്ഞെടുപ്പ് നടന്നു. കമ്മിറ്റി അംഗമായ ജാസ്മീൻ ടി.ഒ. ആണ് ജനറൽ സെക്രട്ടറി പദത്തിലേക്ക് തിരഞ്ഞെടുത്തത്. വൈസ്. ചെയർപേഴ്സണായി വിൻസി വിൽസൺ, യുയുസി ആയി ഫെമിൻ റോസ് മറ്റ് കമ്മറ്റിം അംഗങ്ങളായി ജോത്സന, റിനി ഒ. ഒ. എന്നിവരെയും ഉപതിരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുത്തു.

**മോഡൽ പരീക്ഷ ആരംഭിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യയന വർഷത്തിലെ B.Ed. ഒന്നാം സെമസ്റ്റർ മോഡൽ പരീക്ഷകൾആരംഭിച്ചു. 13.12.2016 ചൊവ്വാഴ്ച ആരംഭിച്ച പരീക്ഷ 21.12.2016 ബുധനാഴാചയാണ് സമാപിച്ചത്.

**ഫാ.ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൽ

**ഫാ. ഡിറ്റോ കൂള**
അസി മാനേജർ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

▶▶ **ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് ഐ.എസ്.ടി.ഇ. അവാർഡുകൾ:** ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ സംസ്ഥാന അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ, ബെസ്റ്റ് എമർജിങ്ങ് സ്റ്റുഡന്റ്സ് ചാപ്ടർ, ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ് എന്നിവ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കരസ്ഥമാക്കി. കോഴിക്കോട് എം-ഡിറ്റ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ വച്ച് നടന്ന 27-ാമത് ഐ.എസ്.ടി.ഇ. സംസ്ഥാന കൺവെൺഷനിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അശ്വതി കൃഷ്ണ ബസ്റ്റ് സ്റ്റുഡന്റ് അവാർഡും, ബസ്റ്റ് എമർജിങ്ങ് സ്റ്റുഡന്റ്സ് ചാപ്ടർ അവാർഡ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ദിപിൻ കൃഷ്ണനും ഏറ്റുവാങ്ങി.

▶▶ **അസ്ത്രജ്യോതി 2017** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ടെക്ഫെസ്റ്റ് **തരംഗ്** – 17 നോടനുബന്ധിച്ച് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടത്തുന്ന സംസ്ഥാനതല ക്വിസ് മത്സരം – **അസ്ത്രജ്യോതി**യുടെ ഉദ്ഘാടനം തൃശൂർ, തോപ്പ് സെന്റ് തോമസ് ഹയർസെക്കന്ററി സ്ക്കൂളിൽ വച്ച് നവംബർ 29ന് തൃശൂർ തൃശൂർ അതിരൂപതാ വികാർ ജനറൽ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ സ്വാഗതം ആശംസിച്ച ചടങ്ങിന് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, സെന്റ് തോമസ് ഹയർസെക്കന്ററി സ്ക്കൂൾ, തോപ്പ് പ്രിൻസിപ്പൽ ശ്രീ. എം.സി. ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ, തരംഗ്-17 കോഡിനേറ്റർമാരായ ഡോ. ഉഷ മേനോൻ, ടോണി കോട്ടൂർ, ബിന്ദു കെ രാജൻ, അസ്ത്രജ്യോതി-17 കോഡിനേറ്റർ ഡയാന ഡേവീസ്, വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. നവംബർ 29ന് നടന്ന പ്രാഥമിക റൗണ്ട് മത്സരത്തിൽ 100-ാളം സ്കൂളുകൾ പങ്കെടുത്തു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ടെക്നോ-കൾച്ചറൽ ഫെസ്റ്റ് – തരംഗ് 17നോടനുബന്ധിച്ച് ഫെഡറൽ ബാങ്ക്, ക്ലബ്ബ് എഫ്.എം. എന്നിവരുമായി സഹകരിച്ചാണ് അസ്ത്രജ്യോതി ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. ഈ മത്സരത്തിലെ

വിജയികൾക്ക് സമ്മാനത്തുകയ്ക്ക് പുറമേ ഒന്നും രണ്ടും സ്ഥാനത്തുവരുന്ന ടീം അംഗങ്ങൾക്ക് 4 വർഷത്തെ സൗജന്യ ബി.ടെക് പഠനവും തുടർന്നു വരുന്ന മൂന്ന് ടീമംഗങ്ങൾക്ക് ബി.ടെക് പഠനത്തിന് പകുതി ഫീസിളവും നല്കുന്നു. ഇതിനുപുറമേ പങ്കെടുക്കുന്ന എല്ലാ സ്ക്കൂളുകളിലേയും തിരഞ്ഞെടുക്കപ്പെടുന്ന ടീമംഗങ്ങൾക്ക് ബി.ടെക്. പഠനത്തിന് നാലു വർഷത്തേയ്ക്ക് 40,000/- രൂപ വീതമുള്ള സ്ക്കോളർഷിപ്പും നല്കുന്നുണ്ട്.

- **അനദ്ധ്യാപകർക്കായി ത്രിദിന പരിശീലനപരിപാടി:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അനദ്ധ്യാപകർക്കായി നവംബർ 30 മുതൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ഐ.സി.ടി. അക്കാദമി കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു.

- **ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം ഇൻ മെഷീൻ ലേണിങ്:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗം അദ്ധ്യാപകർക്കായി മെഷീൻ ലേണിങ് എന്ന വിഷയത്തിൽ ത്രിദിന ശില്പശാല സംഘടിപ്പിച്ചു. ഡിസംബർ 7,8,9 തിയ്യതികളിലായി നടന്ന ശില്പശാല കമ്പ്യൂട്ടർ സയൻസ് വിഭാഗവും കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായാണ് സംഘടിപ്പിച്ചത്.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**നാക് പിയർ ടീം വിസിറ്റ് നടന്നു**

ഡിസംബർ 5, 6, 7 തിയതികളിലായി അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള നാക് ഗ്രേഡ് നിശ്ചയിക്കുന്നതിന്റെ ഭാഗമായുള്ള പിയർ ടീം വിസിറ്റ് കോളേജിൽ നടന്നു. രണ്ട് മാസക്കാലമായുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടേയും ഓഫീസിന്റേയും മുന്നൊരുക്കങ്ങളുടെ ഫലമായി പിയർ ടീം അംഗങ്ങൾ സംതൃപ്തിയോടെ മടങ്ങി. കോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഡസംബർ 5ന് അരങ്ങേറിയ സാംസ്ക്കാരിക സന്ധ്യ പിയർ ടീമംഗങ്ങൾക്കു നവ്യാനുഭവമായി. പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസന്റേയും വൈസ്പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടുക്കാരൻ, ഡോക്യുമെന്റേയും കൺവീനർ – ഡോ. ബ്രിട്ടോ ജോസഫ്, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ക്രമീകരണങ്ങൾ.

**കംപ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സെമിനാർ നടന്നു.**

കംപ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ 'അഡ്വാൻസ് ടീച്ചിംഗ് ലേണിംഗ് മെത്തഡോളജി' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ഇരിങ്ങാലക്കുട എ.സി.പി. ശ്രീമതി മെറിൻ ജോസഫ് IPS മുഖ്യാതിഥിയായി പങ്കെടുത്തു. അമേരിക്കയിൽ നിന്നുള്ള ഡോ. ക്ലിഫ് കുസുമാൻ മുഖപ്രഭാഷണം നടത്തി. എല്ലാ തലത്തിലുള്ള വിദ്യാർത്ഥികൾക്കും അവരുടെ കഴിവുകളെ സ്വയം കണ്ടെത്തി പരിപോഷിപ്പിക്കാനുതുകുന്ന ആധുനിക പഠനരീതി പരിചയപ്പെടുത്തി. ഡോ. വർഗ്ഗീസ് പോൾ, Er. ജിയോ വി. എൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**അന്താരാഷ്ട്ര സെമിനാർ കോളേജിൽ നടന്നു**

മാത്തമാറ്റിക്സ് ഡിപ്പാർട്ടുമെന്റിന്റേയും കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 13, 14 തിയതികളിലായി 'എമർജിംഗ് ട്രെൻഡ്സ് ഇൻ അപ്ലൈഡ് മാത്തമാറ്റിക്സ് & കംപ്യൂട്ടർ സയൻസ്' എന്ന വിഷയത്തെ അധികരിച്ച് അന്താരാഷ്ട്ര സെമിനാർ നടന്നു. കാനഡയിൽ നിന്നുള്ള യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ഒന്റാരിയോ പ്രഫസർ – ഡോ. ഹെൽമെറ്റ് യുർഗെൻസർ സെമിനാർ ഉദ്ഘാടനം ചെയ്തു. റഷ്യയിലെ ഗോർണോ അൽഷ്യാക് യൂണിവേഴ്സിറ്റി പ്രഫസർ– ഡോ. എ. പി. ടെറ്റ്നോവ് മുഖ്യാതിഥിയായിരുന്നു. കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടുക്കാരന്റെ അദ്ധ്യക്ഷത കൂടിയ യോഗത്തിൽ തിരുവല്ല – മാക്ഫെസ്റ്റ് ഡയറക്ടർ – ഡോ. എം. എം. സാമുവേൽ, KMA സെക്രട്ടറി–

പ്രഫ. വിൻസെന്റ് ജോസഫ് പുലിക്കോട്ടിൽ സ്വാഗതവും ഡോ. ജിജു മാത്യു നന്ദിയും പറഞ്ഞു.

**കാരുണ്യ നക്ഷത്രങ്ങളുമായി ഫിസിക്സ് ഡിപ്പാർട്ടുമെന്റ്**

എൽ. ഇ. ഇസി. നക്ഷത്ര നിർമ്മാണത്തിലൂടെ കിട്ടുന്ന ലാഭവിഹിതം ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കുപയോഗിച്ച് ഫിസിക്സ് ഡിപ്പാർട്ടുമെന്റ് ഒന്നാം വർഷ ബിരുദവിദ്യാർത്ഥികൾ മാതൃകയായി. മാർക്കറ്റിൽ നിന്നും നക്ഷത്ര ഫ്രെയിമുകളും എൽ. ഇ.ഡി. ബൾബുകളും വാങ്ങി ക്ലാസ്സു കഴിഞ്ഞ സമയ ങ്ങളിൽ ഗോൾൻ ചെയ്ത് വിദ്യാർത്ഥികൾ വിൽപ്പനക്കു യോഗമാക്കി. നൂറോളം നക്ഷത്രങ്ങൾ നിർമ്മിച്ചവയിൽ ഭൂരിഭാഗവും ഇതിനകം തന്നെ അദ്ധ്യാപകരും മറ്റു ജീവനക്കാരും വാങ്ങി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചു. ക്ലാസ്സു ചമു തലയുള്ള പ്രഫ., സീസ് പോൾ ന്റെ നേതൃത്വത്തിൽ അജയ്, സഞ്ജൻ, ജോയൽ, റോസ് മേരി, വൈശാഖ്, റോസ് മേരി, തുടങ്ങിയവരാണ് ഈ ശ്രമത്തിനു പിന്നിൽ വകുപ്പ് മേധാവി പ്രഫാ. പി.എം. ജോയി, ഡോ. ജെയ്സൺ പാണേങ്ങാടൻ, പ്രഫ. ജോ കിഴക്കൂടൻ എന്നിവർ സാങ്കേതി കോപദേശം നൽകി.

**ഇന്റർസോൺ ഹോക്കി ചാമ്പ്യൻഷിപ്പ് കോളേജിന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വെച്ചുടന്ന ഇന്റർസോൺ ഹോക്കി ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് പുരുഷവിഭാഗം ചാമ്പ്യൻമാ രായ കിരീടം നിലനിർത്തി

റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്
ബർസാർ

ഡോ. ഡെയ്സൺ പാണേങ്ങാടൻ
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**നവംബർ – 2016**

**ജൂബിലി കളേഴ്സ്-ജില്ലാതല ചിത്രരചനാ മത്സരം സംഘടിപ്പിച്ചു.**

ശിശുദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിലെ പേഷ്യന്റ് റിലേഷൻസ് ഡിപ്പാർട്ട്മെന്റും പീഡിയാട്രിക് ഡിപ്പാർട്ട്മെന്റും സംയുക്തമായി ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കായി ജില്ലാതല ചിത്രരചനാ മത്സരം ജൂബിലി കളേഴ്സ്-2016 സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലയിലെ നൂറോളം സ്കൂളുകളിൽ നിന്നായി അഞ്ഞൂറോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം സിനിമാതാരം ജിഷിൻ കെന്നയ്യും പിന്നണിഗായിക പാർവ്വതി മേനോനും ചേർന്ന് നിർവ്വഹിച്ചു.

**ലോക പ്രമേഹദിനം ആചരിച്ചു**

ലോകപ്രമേഹദിനത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ സൗജന്യ പ്രമേഹരോഗനിർണ്ണയവും, പ്രമേഹരോഗികൾക്കായി സൗജന്യ നേത്രപരിശോധനയും (ഡയബറ്റിക്ക് റെറ്റിനോപതി) നടന്നു. 'പ്രമേഹവും ആഹാരക്രമവും' എന്ന വിഷയത്തെ ആസ്പദമാക്കി പൊതുജന ബോധവത്കരണ സെമിനാറും നടത്തി. എന്റോക്രൈനോളജി, ജനറൽ മെഡിസിൻ, ഒഫ്താൽമോളജി വിഭാഗങ്ങൾ സംയുക്തമായി നടത്തിയ പരിപാടിയുടെ ഉദ്ഘാടനം ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് നിർവ്വഹിച്ചു.

**ജൂബിലി മിഷനാശുപത്രിയിൽ ലോക എയ്ഡ്സ് ദിനാചരണവും തെരുവ് നാടകവും**

ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് 2016 ഡിസംബർ 1-ന് ജൂബിലി മിഷൻ ആശുപത്രിയിൽ എയ്ഡ്സ് ബോധവത്കരണ സെമിനാറും മെഴുകുതിരി തെളിയിച്ചുള്ള പ്രാർത്ഥനയും നടന്നു. സിറ്റി പോലീസ് അസി. കമ്മീഷണർ ഷാഹുൽ ഹമീദ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്, ഡോ. നിഥിൻ ഹെൻറി, മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. അതിനെതുടർന്ന് തൃശ്ശൂർ ശക്തൻ തമ്പുരാൻ സ്റ്റാന്റിന്റെ മുന്നിൽവെച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവ് നാടകവും ഉണ്ടായിരുന്നു.

എയ്ഡ്സ് രോഗനിർണ്ണയത്തിനും, നിവാരണത്തിനും, രോഗീശുശ്രൂഷയ്ക്കും, അവരുടെ സംരക്ഷണത്തിനും വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം എന്നതായിരുന്നു ഈ വർഷത്തെ വിഷയം.

**അർബുദ ചികിത്സയ്ക്ക് കീമോതെറാപ്പിയേക്കാൾ നല്ലത് ഇമ്മ്യൂണോതെറാപ്പി**

ജൂബിലി റിസർച്ച് വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ജേണൽ ക്ലബ്ബിന്റെ പത്താമത് യോഗം നവംബർ 16 ന് നടന്നു. യോഗത്തിൽ മെഡിക്കൽ ആന്റ് ഹെമറ്റോ കൺസൾട്ടന്റ് ഡോ. മിഥുൻ ചാക്കോ ജോൺ അർബുദ രോഗികൾക്കുള്ള ഒരു പ്രധാന ചികിത്സാരീതിയായ കീമോതെറാപ്പിയേക്കാൾ ഗുണമേന്മയുള്ള ചികിത്സയായി, ഇമ്മ്യൂണോതെറാപ്പി മാറികൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ടു. പെംബ്രോലിസുമബ് ഉപയോഗിച്ച് ശ്വാസകോശാർബുദരോഗികളിൽ പതിനാറ് രാജ്യങ്ങളിലായി നടത്തിയ ഗവേഷണത്തിൽ രണ്ട് വർഷം നീണ്ട ചികിത്സാക്രമമാണ് ഉപയോഗിച്ചത്. കീമോതെറാപ്പി ലഭിച്ച രോഗികളേക്കാൾ അമ്പത് ശതമാനത്തിലധികം ഗുണം ഇമ്മ്യൂണോതെറാപ്പി ലഭിച്ച രോഗികൾക്ക് ലഭിച്ചതായി 2016 ഓക്ടോബർ മാസത്തിൽ ദി ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിനിൽ പ്രസിദ്ധീകരിച്ച ലേഖനത്തെ ഉദ്ധരിച്ച് അദ്ദേഹം അഭിപ്രായപ്പെട്ടു. ജൂബിലി മെഡിക്കൽ കോളേജ് മേധാവികൾ, അദ്ധ്യാപകർ, ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾ, ഗവേഷകർ, സ്റ്റാഫ് എന്നിവരുൾപ്പെടെ 30-ഓളം പേർ യോഗത്തിൽ പങ്കടുത്തു.

**ജൂബിലി ആയുർവ്വേദയിൽ സ്ത്രീരോഗത്തെകുറിച്ചും പ്രസവാനന്തര ശുശ്രൂഷയേയും കുറിച്ചുള്ള സെമിനാർ ജനനി 2016 നടന്നു**

ജൂബിലി ആയുർവ്വേദയിൽ സ്ത്രീരോഗങ്ങളെകുറിച്ചും പ്രസവാനന്തര ശുശ്രൂഷയെകുറിച്ചുള്ള സെമിനാർ 'ജനനി' ഡിസംബർ 7-ന് വൈദ്യരത്നം ആയുർവ്വേദ കോളേജിലെ സ്ത്രീരോഗ വിഭാഗം മേധാവി ഡോ. ഷീല വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. ആയുർവ്വേദ അലോപതി സമന്വയ ചികിത്സാരീതിയുടെ പ്രധാന്യത്തെകുറിച്ച് ഡോ. ഷീല വിശ്വനാഥൻ എടുത്തു പറഞ്ഞു. സ്ത്രീരോഗചികിത്സകളെകുറിച്ച് പത്തനംതിട്ട മെഡിക്കൽ ഓഫീസർ ഡോ. വഹീദ റഹ്മാൻ, ഗർഭകാലവൈഷമ്യങ്ങളും പ്രസവാനന്തര വൈഷമ്യങ്ങളും എന്ന വിഷയത്തെ കുറിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗൈനക്കോളജിസ്റ്റ് ഡോ. നീത ജോർജ്ജ്, സ്ത്രീരോഗങ്ങളും സൂതികാചര്യയും എന്ന വിഷയത്തെകുറിച്ച് പാലക്കാട് മെഡിക്കൽ ഓഫീസർ ഡോ. അസ്മാബി എന്നിവർ ക്ലാസുകൾ എടുത്തു. ജൂബിലി ആയുർവ്വദയിൽ സ്ത്രീരോഗചികിത്സയുടേയും പ്രസവാനന്തര ശുശ്രൂഷയുടേയും ലഭ്യത ഔദ്യോഗികമായി പ്രഖ്യാപിച്ചു.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽകുട്ടികൾക്കായി നവീകരിച്ച വാർഡ്

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ തെല്ലൊരു അഭിമാനത്തോടെയും തികഞ്ഞ എളിമയോടെയുമാണ് ഈ വർത്തമാനം നിങ്ങളുമായി പങ്കുവെയ്ക്കുന്നത്. കേരളത്തിൽ അപൂർവ്വമായി മാത്രം കാണാവുന്ന ശിശുസൗഹൃദവാർഡായി ജൂബിലിയുടെ കുട്ടികളുടെ വാർഡിനെ മാറ്റിയിരിക്കുന്നു. രോഗാതുരമായ അവസ്ഥയിൽ കുട്ടികൾക്കനുഭവപ്പെടുന്ന മാനസികവും ശാരീരികവുമായ അസ്വസ്ഥതകൾ ലഘൂകരിക്കുന്നതിനാവശ്യമായ രീതിയിൽ വാർഡിന്റെ അന്തരീക്ഷം സന്തോഷകരമായ ചിന്തകൾ ഉദ്ദീപിപ്പിക്കും വിധം മാറ്റിത്തീർക്കുകയാണ് ചെയ്തിരിക്കുന്നത്. ജൂബിലിയിലെ ഏകദേശം പന്ത്രണ്ടായിരം ചതുരശ്രയടിയോളം വരുന്ന കുട്ടികളുടെ വാർഡിലെ ചുമരുകളും തട്ടുകളുമെല്ലാം വിവിധതരം ജീവികളുടെ ചിത്രങ്ങൾ വരച്ച് കുട്ടികൾക്ക് പ്രകൃതിയിൽ തന്നെ കഴിഞ്ഞുകൂടുന്ന ഒരനുഭവം സൃഷ്ടിക്കാനാണ് ജൂബിലി ശ്രദ്ധിച്ചിരിക്കുന്നത്. വർണചികിത്സ (colour therapy) പലവിധമുള്ള ശാരീരിക മാനസിക അസ്വസ്ഥതകൾ ലഘൂകരിക്കുന്നുണ്ടെന്ന് ആധുനിക ജീവശാസ്ത്രപഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഈ മേഖലയിൽ ഗവേഷണങ്ങൾ പുരോഗമിക്കുകയാണ് ഇന്ന്. അത്തരംപരീക്ഷണങ്ങളുടെ വെളിച്ചത്തിൽ വാർഡുകളെ സൗഹൃദപൂർണ്ണമാക്കുകയെന്നത് രോഗശാന്തിക്ക് ഗുണകരമാണ്. പ്രശസ്ത ചിത്രകാരനും എഴുത്തുകാരനുമായ ശ്രീ. ഗായത്രിയാണ് ഈ വാർഡുകളിൽ ആകർഷകമായ ചിത്രങ്ങൾ വരച്ചുകൊണ്ട് ഈ സ്ഥലത്ത് ശിശുസൗഹാർദപരമായ അന്തരീക്ഷം സൃഷ്ടിച്ചെടുത്തിരിക്കുന്നത്. കുട്ടികൾ ഇഷ്ടപ്പെടുന്ന വ്യത്യസ്തരായ ജീവികളുടെ ചിത്രങ്ങളും, കുട്ടികഥകളിലെ കഥാപാത്രങ്ങളും ഇവിടെ വരച്ചിരിക്കുന്നു. കുട്ടികൾ വളരെ ക്രിയാത്മകമായി ഈ ചിത്രങ്ങളോട് പ്രതികരിക്കുന്നുണ്ട്. കുട്ടികൾക്കായി ഒരു പ്ലേ സ്റ്റേഷനും ആരംഭിച്ചിരിക്കുന്നു.

ഈ നവീകരണങ്ങളുടെ സമർപ്പണം 2016 ഡിസംബർ 6–ാം തിയ്യതി ഉച്ചയ്ക്ക് 2.30–ന് ആശുപത്രിയിലെ സെന്റ് തോമസ് ബ്ലോക്കിലെ 1–ാം നിലയിൽ നടന്നു. പ്രൊഫ. എം. കെ. സാനു ഉദ്ഘാടനം ചെയ്ത ചടങ്ങിന് ഡോ. വിനോദ് ജേക്കബ്ബ് ചെറിയാൻ സ്വാഗതം ആശംസിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. സി. രാധാകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. കേരള ലളിതകലാ അക്കദമി ചെയർമാൻ ശ്രീ. സത്യപാൽ, കേരളത്തിലെ ആദ്യ വനിത ലാഫ്റ്റനന്റ് ലൗവ്ജി കെ. എൻ. ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു.

**കാൻസർ ബോധവത്കരണ ക്ലാസ് നടത്തി**

ഓങ്കോളജി, പേഷ്യന്റ് റിലേഷൻസ് ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ 2016 ഡിസംബർ 2-ാം തിയ്യതി തോളൂർ പഞ്ചായത്തിൽ കാൻസർ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം തോളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധ രവീന്ദ്രൻ നിർവ്വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ മുഖ്യപ്രഭാഷണം നടത്തി. കാൻസർ രോഗത്തെക്കുറിച്ചും, കാൻസർ രോഗം ഉണ്ടാകാനുള്ള കാരണങ്ങൾ, വിവിധ കാൻസർ ചികിത്സാരീതികളെക്കുറിച്ചും മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. മിഥുൻ ചാക്കോ ക്ലാസ് എടുത്തു.

**മെഡിക്കൽ ക്യാമ്പ് നടത്തി**

ശിശുദിനാഘോഷത്തിന്റെ ഭാഗമായി ശിശുരോഗവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പുല്ലഴി ക്രിസ്റ്റീന ഹോമിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ നാൽപ്പതോളം കുട്ടികൾ പങ്കെടുത്തു. ശിശുരോഗവിഭാഗം മേധാവി ഡോ. ജോണി വിൻസെന്റ്, സിസ്റ്റർ ക്ലാരിസ്, പേഷ്യന്റ് റിലേഷൻസ് വിഭാഗം, സ്റ്റാഫ് നേഴ്സസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ..... ആശംസകൾ.....**

- ഫ്രാൻസിലെ സ്ട്രാസ്ബർഗ് യൂണിവേഴ്സിറ്റി ആശുപത്രിയിലെ മിനിമൽ ഇൻവേസീവ് സർജറി ട്രെയ്നിങ്ങ് സെന്ററിന്റെ FOGSI ഇന്റർനേഷണൽ ട്രാവലിങ്ങ് ഫെല്ലോഷിപ്പിന് ഡോ. അശ്വത്ത് കുമാർ (പ്രൊഫസർ, ഗൈനക്കോളജി വിഭാഗം) അർഹനായി.
- IMA-യുടെ ഈ വർഷത്തെ പ്രൊഫഷണൽ എക്സലൻസ് അവാർഡ് ഇൻ ഓർത്തോപീഡിക്സിന് ഡോ. രാജീവ് റാവു (പ്രൊഫസർ, ഓർത്തോ വിഭാഗം) അർഹനായി.
- എഴ് വർഷത്തെ സേവനത്തിനുശേഷം ഉന്നതപഠനത്തിനായി ഫിലിപ്പൈൻസിലേക്ക് യാത്രയായ ഫാ. ജോബി കടപ്പൂരാനച്ചന് ജൂബിലി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.
- പ്ലാസ്റ്റിക് സർജറി വിഭാഗത്തിലേക്ക് മടങ്ങിയെത്തിയ ഡോ. പ്രദ്യോതിന് സ്വാഗതം.
- മെഡിക്കൽ പി. ജി. യിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. ഡിംബിൾ ജോൺ മാഞ്ഞൂരാൻ (എം. ഡി. ഫിസിയോളജി), ഡോ. ഗണേഷ് മോഹൻ (എം. ഡി. ബ്ലഡ് ട്രാൻസ്ഫ്യൂഷൻ), ഡോ. വിനീത് ചന്ദ്രൻ (എം. ഡി. എമർജൻസി മെഡിസിൻ) ഏവർക്കും അഭിനന്ദനങ്ങൾ.
- കേരള ആരോഗ്യസർവ്വകലാശാലയിൽ എം. ബി. ബി. എസ്. പരീക്ഷയിൽ ഒന്നാം സ്ഥാനത്തെത്തിയ ജൂബിലി 13-ാം ബാച്ചിന് അഭിനന്ദനങ്ങൾ.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഗുഡ് ഷെപ്പേഡ് ചർച്ച്, മുല്ലശ്ശേരി, തൃശ്ശൂർ (200 ഡയാലിസിസ്)
- സെന്റ് മാത്യൂസ് ചർച്ച്, പാലക്കൽ, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് റീത്താസ് ചർച്ച്, ചിറ്റിലപ്പിള്ളി, തൃശ്ശൂർ (20 ഡയാലിസിസ്)
- കോസ്മോ ബുക്ക്സ്, നോർത്ത് ബസ്സ് സ്റ്റാൻഡ്, തൃശ്ശൂർ (30 ഡയാലിസിസ്)
- ശ്രീ. ചാക്കോ വെള്ളാനിക്കാരൻ, വെള്ളാനിക്കാരൻ ഹൗസ്, മരിയാപുരം, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, ഫ്രാൻസിസ്കൻ അൽമായ സ , കാഞ്ഞാണി, തൃശ്ശൂർ (40 ഡയാലിസിസ്)
- പ്രൊഫ. ജോർജ്ജ് മേനാച്ചേരി, മേനാച്ചേരി ഹൗസ്, ഒല്ലൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ (65 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, ആമ്പക്കാട്, പുഴക്കൽ പി. ഒ., തൃശ്ശൂർ (140 ഡയാലിസിസ്)
- സെന്റ് ജോൺ ബോസ്കോ ചർച്ച്, മരിയാപുരം, അഞ്ചേരി, തൃശ്ശൂർ (80 ഡയാലിസിസ്)
- കാണിക്കമാത ചർച്ച്, പനമുക്ക്, തൃശ്ശൂർ (70 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, (സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി), തണ്ടിലം, തൃശ്ശൂർ (70 ഡയാലിസിസ്)

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃപ്പാക്കുളം റോഡ്, തൃശ്ശൂർ
- ശ്രീ. ചാക്കോ വെള്ളാനിക്കാരൻ, വെള്ളാനിക്കാരൻ ഹൗസ്, മരിയാപുരം, തൃശ്ശൂർ
- ശ്രീ. അന്തപ്പൻ, കവലക്കാട്ട് ഹൗസ്, കുറ്റൂർ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. മിന്റേഷ്, നടുവിൽക്കര, നന്തിപുലം, തൃശ്ശൂർ
- ശ്രീമതി മേഗി, നടുവിൽക്കര, നന്തിപുലം, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. ചാക്കോ വെള്ളാനിക്കാരൻ, വെള്ളാനിക്കാരൻ ഹൗസ്, മരിയാപുരം, തൃശ്ശൂർ

**നവംബർ 15 മുതൽ ഡിസംബർ 15 വരെ നടന്ന സൗജന്യ ക്യാമ്പുകൾ**

- ഹൃദ്രോഗനിർണ്ണയക്യാമ്പുകൾ - വള്ളിശ്ശേരി, വിയ്യൂർ
- നേത്രരോഗനിർണ്ണയക്യാമ്പുകൾ - അമ്മാടം, പുല്ലഴി

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**മംഗല്യനിധിയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ 60–ാം പൗരോഹിത്യ വാർഷികാഘോഷത്തിന്റെയും മാർ റാഫേൽ തട്ടിൽ പിതാവിന്റെ 60–ാം ജന്മദിനത്തിന്റെയും സ്മാരകമായി സാന്ത്വനം 60 നിർധന യുവതികളുടെ വിവാഹത്തിന് അരലക്ഷം രൂപ വീതം നൽകുന്നു. സാന്ത്വനത്തിന്റെ വിവാഹ സഹായപദ്ധതിയായ മംഗല്യനിധി വഴിയാണ് സഹായങ്ങൾ വിതരണം ചെയ്യുന്നത്. അർഹതയുള്ളവർ നിശ്ചിതഫോമിൽ പൂരിപ്പിച്ച അപേക്ഷകൾ 2017 ജനുവരി 31ന് മുമ്പ് സാന്ത്വനം ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അപേക്ഷഫോറം സാന്ത്വനം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. മംഗല്യനിധി വിവാഹ സഹായ പദ്ധതിയിലേക്ക് സ്പോൺസർ ചെയ്യുവാൻ സന്മനസ്സുള്ളവർ ബന്ധപ്പെടുക.– 9747430427

**നിബന്ധനകൾ.**

1. സാമ്പത്തികമായി വളരെ ക്ലേശിക്കുന്ന കുടുംബത്തിലെ പെൺകുട്ടികൾക്കു മാത്രമാണ് വിവാഹസഹായം നൽകുക. സാധുക്കളായ വിധവകളുടെ പെൺമക്കൾ, അനാഥപെൺകുട്ടികൾ, അംഗവൈകല്യമുള്ള പെൺകുട്ടികൾ എന്നിവർക്കായിരിക്കും മുൻഗണന.

2. എല്ലാ മതവിശ്വാസികൾക്കും അപേക്ഷിക്കാം.

3. തൃശ്ശൂർ അതിരൂപത അതിർത്തിയിൽ താമസിക്കുന്നവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളു.

4. 2017 ജനുവരി 31ന് മുമ്പ് സാന്ത്വനം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരെ അറിയിക്കുന്നതാണ്.

5. മതപരമായ ചടങ്ങിൽ പങ്കെടുത്തു വിവാഹം ചെയ്യുന്നവർക്കു മാത്രമേ സഹായത്തിനു അർഹതയുള്ളു.

6. തിരഞ്ഞെടുക്കപ്പെടുന്ന വധൂവരന്മാർക്കു വിവാഹം സൗകര്യമുള്ള ആരാധനാലയത്തിൽ വെച്ച് നടത്താം.

7. അപേക്ഷകരിൽ നിന്ന് ഏറ്റവും അർഹരായ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ഇടവകയിൽ നിന്നോ സ്പോൺസർമാർ വഴിയോ നൽകുന്ന 10,000 രൂപയടക്കം ഓരോരുത്തർക്കും അര ലക്ഷം(50,000)രൂപ നൽകുന്നതാണ്.

8. റേഷൻ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

9. മെയ് 31 നുള്ളിൽ നടക്കുന്ന വിവാഹങ്ങൾക്കുമാത്രമേ സഹായം ലഭിക്കുകയുള്ളു.

10. അപേക്ഷകർ കുടുബത്തിന്റെ സാഹചര്യം വിവരിക്കുന്ന ഒരു കുറിപ്പ് വെള്ളക്കടലാസിൽ എഴുതി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. സാന്ത്വനത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സാമൂഹ്യക്ഷേമസമിതികൾ ഉള്ള ഇടവകയിൽ നിന്നും വരുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

**കാരുണ്യവർഷ സമാപനം.**

കത്തോലിക്കാസഭ ആഗോളതലത്തിൽ പ്രഖ്യാപിച്ച കാരുണ്യവർഷത്തിൽ അതിരൂപതാ സോഷ്യൽ അപ്പസ്തോലേറ്റായ സാന്ത്വനം 5 കോടിയിൽപരം രൂപയുടെ കാരുണ്യപ്രവർത്തികൾ വിവിധ മേഖലകളിൽ ചെയ്തു. ഭവനനിർമ്മാണ പദ്ധതികൾ, കുടുംബോദ്ധാരണപദ്ധതികൾ, ചികിത്സാസഹായം, വിദ്യഭ്യാസസഹായം SHG, JLG ക്കുള്ള വായ്പാപദ്ധതികൾ തുടങ്ങി നിരവധി പരിപാടികളിലൂടെയാണ് അശരണരിലേയ്ക്കും നിരാലംബരിലേയ്ക്കും സാന്ത്വനം സഹായഹസ്തവുമായി എത്തിയതെന്ന് ഡയറക്ടർ ഫാ.തോമസ് പൂപ്പാടി കാരുണ്യവർഷ സമാപനപരിപാടിയിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് അറിയിച്ചു. ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽ നടന്ന സമാപനപരിപാടിയുടെ ഉദ്ഘാടനം സാന്ത്വനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നൂറ് കണക്കിനാളുകളുടെ സാന്നിദ്ധ്യത്തിൽ കനാറ ബാങ്ക് AGM ശ്രീ. ഗിരീഷ് സി.കെ. നിർവ്വഹിച്ചു. തുടർപദ്ധതികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഭൂരഹിതരായ ആളുകൾക്ക് സൗജന്യമായി നൽകുന്ന ഭൂമിയുടെ രേഖകൾ ചടങ്ങിൽ മോൺ. തോമസ് കാക്കശ്ശേരി കൈമാറി. ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി കാൻസർ രോഗികളായ ആളുകളുടെ കുടുംബത്തെ ദത്തെടുക്കൽ (തുടർച്ചയായി സഹായങ്ങൾ ലഭ്യമാക്കുന്ന പദ്ധതി) ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ.ഫ്രാൻസീസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. സാന്ത്വനം സൗജന്യമായി നിർമ്മിച്ചു നൽകുന്ന പുതിയ ഭവനങ്ങളുടെ ശിലാ ആശിർവ്വാദകർമ്മവും വായ്പാ വിതരണവും ചടങ്ങിൽ നിർവ്വഹിച്ചു.

**സംഘം വാർഷികവും കുടുംബസംഗമവും**

വീണ്ടശ്ശേരി ഇടവകയിൽ സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഗ്രേയ്സ് പുരുഷ സഹായസംഘത്തിന്റെ രണ്ടാമത് വാർഷികവും കുടുംബസംഗമവും സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. മിജോ കുലംകുത്തിയിൽ അധ്യക്ഷത വഹിച്ച സമ്മേളനം സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് കുടുബജീവിതം എന്ന വിഷയത്തിൽ ഡയറക്ടർ ക്ലാസ് നയിച്ചു. കോ-ഓർഡിനേറ്റർ സി.പി.ജോർജ്, സംഘം പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

## SHG രൂപീകരണയോഗങ്ങൾ സംഘടിപ്പിച്ചു.

എറവ്, പുറനാട്ടുകര, കല്ലൂർ ഈസ്റ്റ് യൂണിറ്റുകളിൽ സ്വയം സഹായ സംഘങ്ങളും ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന്റെ ഭാഗമായി പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കോ-ഓർഡിനേറ്റർ സി.പി.ജോർജ്ജ് തുടങ്ങിയവർ സ്വയം സഹായ സംഘങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു. ഇടവക വികാരിമാരായ ഫാ. ഫ്രാങ്കോ കവലക്കാട്ട്,ഫാ.ആൻഡ്രൂസ് കുറ്റിക്കാട്ട് തുടങ്ങിയവർ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു. മരോട്ടിച്ചാൽ, ചേലക്കര, വെങ്ങാനെല്ലൂർ, പരക്കാട് യൂണിറ്റുകളിൽ പുതുതായി രൂപീകരിക്കപ്പെട്ട സ്വയം സഹായസംഘങ്ങൾ പ്രവർത്തനമാരംഭിച്ചു. സാന്ത്വനം ആനിമേറ്റേഴ്സ് യോഗത്തിന് നേതൃത്വം നൽകി.

**ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ((JLG)**

കല്ലൂർ ഈസ്റ്റ്, ചേലക്കര യൂണിറ്റുകൾ കേന്ദ്രീകരിച്ച് കൃഷി, ടൈലറിംങ്ങ്, ഹോട്ടൽ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആറ് ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ പ്രവർത്തനമാരംഭിച്ചു. കനാറാ ബാങ്ക് ചേലക്കര ബ്രാഞ്ചിൽ നിന്ന് സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ലോൺ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സംഘങ്ങൾക്ക് തയ്യാറാക്കി കൊടുത്തു.

**വായ്പാ വിതരണമേള സംഘടിപ്പിച്ചു.**

സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ്സിന്റെ നേതൃത്വത്തിൽ സ്വയം സഹായസംഘങ്ങൾക്ക് വായ്പാ വിതരണം നടത്തി. സംഘങ്ങൾക്ക് വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ചുരുങ്ങിയ പലിശനിരക്കിൽ നൽകുന്ന വായ്പാ വിതരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 29 സ്വയം സഹായ സംഘങ്ങളെയാണ് തെരഞ്ഞെടുത്തത്. ഫാമിലി അപ്പസ്തോ

ലേറ്റ് ഹാളിൽ വച്ച് നടത്തിയ ലോൺ മേളയുടെ ഉദ്ഘാടനം കനാറാ ബാങ്ക് AGM ശ്രീ ഗിരീഷ് സി.കെ. നിർവ്വഹിച്ചു. സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ.ഫ്രാൻസീസ് പള്ളിക്കുന്നത്ത്, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ശ്രീ. എസ്. കെ. മഞ്ഞിയിൽ, ശ്രീ. തോമസ് പെരിഞ്ചേരി തുടങ്ങിയവർ പ്രസംഗിച്ചു. കോ-ഓർഡിനേറ്റർമാരായ ശ്രീ. സി.പി.ജോർജ്ജ്, ബിനിത രതീഷ് തുടങ്ങിയവർ നേതൃത്വം നൽകി.

**ജെസ്പ് II**

**ട്യൂഷൻ ഫീസ് വിതരണം ചെയ്തു.**

മാർ ജേക്കബ് തൂങ്കുഴി വിദ്യഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി ആളൂർ, പെരിങ്ങോട്ടുകര, ചാഴൂർ എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും കുട്ടികളുടെ പഠനനിലവാരം പരിശോധിച്ച് വേണ്ട മാർഗ്ഗനിർദ്ദേശ്ശങ്ങൾ നൽകുകയും ചെയ്തു. അതോ

ടൊപ്പം കുട്ടികളുടെ പഠനപുരോഗതിയ്ക്കായി നല്കുന്ന ട്യൂഷന്റെ ജൂൺ മുതൽ നവംബർ മാസം ഉൾപ്പടെയുള്ള ഫീസുകൾ വിതരണം ചെയ്തു.

**ബാലസഭകൾ രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അടാട്ട് ഇടവകയിൽ കുട്ടികളുടെ ബാലസഭകൾ രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. 25-ഓളം കുട്ടികൾ രൂപീകരണയോഗത്തിൽ പങ്കെടുത്തു. സാന്ത്വനം ആനിമേറ്റർ ശ്രീമതി. ജോയ്സി സ്റ്റീഫൻ യോഗത്തിന് നേതൃത്വം നല്കുകയും കോ-ഓർഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് ബാലസഭകളുടെ പ്രസക്തിയെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും അംഗങ്ങൾക്ക് ക്ലാസ്സുകൾ നൽകുകയും ചെയ്തു.

**ആശാകിരണം**

ആശാകിരണം പദ്ധതിയുടെ കോർ കമ്മിറ്റി മീറ്റിംഗ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടിയുടെ അധ്യക്ഷതയിൽ, സാന്ത്വനം ഹാളിൽ സംഘടിപ്പിച്ചു. ആശാകിരണം പദ്ധതിയുടെ റിസോഴ്സ് ടീം ട്രെയിനിംഗ്, ജൈവ കൃഷി പ്രോജക്ട് ഉദ്ഘാടനം എന്നിവ നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഡിസംബർ മാസത്തിൽ അവ സംഘടിപ്പിക്കുന്നതിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**പാചക പരിശീലനം നൽകി.**

പാറന്നൂർ സ്നേഹനിധി യൂണിറ്റിന്റെ വാർഷികപൊതുയോഗത്തോട നുബന്ധിച്ച് പാചക പരിശീലന പരിപാടി സംഘടിപ്പിച്ചു. വിവിധ ഭക്ഷ ണപദാർത്ഥങ്ങളുടെ പാചകരീതികളെക്കുറിച്ച് നടത്തിയ പരിശീലനപരി പാടിയിൽ 150–ഓളം സ്ത്രീജനങ്ങൾ പങ്കെടുത്തു. തദവസരത്തിൽ സ്നേഹ നിധിയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. SHG, JLG എന്നി വർക്ക് സാന്ത്വനം വഴി നൽകുന്ന വായ്പകൾ ലഭിക്കുന്നതിനും മറ്റും ആവ ശ്യമായ നിർദ്ദേശങ്ങൾ കോ–ഓർഡിനേറ്റർ നൽകി. വികാരി ഫാ. ജിന്റോ ചിറ്റിലപ്പിള്ളി, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കോ–ഓർഡി നേറ്റർ ബീന വർഗ്ഗീസ്, സെന്റ് മേരീസ് കോളജ് BSW വിദ്യാർത്ഥികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

**ജൈവകൃഷി മത്സരവിജയികൾ.**

അതിരൂപതാ സ്നേഹനിധിയുടെ നേതൃത്വത്തിൽ വിവിധ ഇടവ കകളിൽ പ്രവർത്തിക്കുന്ന സ്നേഹനിധി യൂണിറ്റുകൾക്കായി അതിരൂപതാ തലത്തിൽ നടത്തിയ ജൈവകൃഷി മത്സരത്തിന്റെ വിജയികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. **മട്ടുപ്പാവ് കൃഷി(ടെറസിനു മുകളിൽ)**
   - 1st റീന ജോസ്, എരനെല്ലൂർ
   - 2nd ഷിജി ഷാജു, ചേറൂർ
2. **30 സെന്റിനു താഴെ**
   - 1st റെജി ജോഷി, കൊട്ടേക്കാട്..
   - 2nd ലീന, പൊന്നൂക്കര.
3. **30 സെന്റിനു മുകളിൽ**
   - 1st റെജി ബേബി, കണ്ണാറ.
   - 2nd സോഫി വർഗ്ഗീസ്, പൊന്നൂക്കര.

**ഫാമിലി ആക്ഷൻ ടീം മീറ്റിംഗ് സംഘടിപ്പിച്ചു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ (FDP)ഭാഗമായി കൂനം മൂച്ചി, പാലയൂർ ഇടവകകളിൽ (FAT)മീറ്റിംഗ് സംഘടിപ്പിച്ചു. FDP യിൽ അംഗങ്ങളായിട്ടുള്ള കുടുബങ്ങളുടെ പുരോഗതിയെക്കുറിച്ച് വിലയിരുത്തി. FDP മുഖേന ലഭിക്കുന്ന സംഖ്യ കുടുംബങ്ങൾ യഥാവിധം ഉപയോഗി ക്കുന്നതിലൂടെ വളരെ പുരോഗതി നേടുവാൻ സാധിക്കുന്നുണ്ടെന്ന് FAT അംഗങ്ങൾ വിലയിരുത്തി. അവർ ചെയ്യുന്ന സ്വയം തൊഴിലുകൾ വഴി യായി ഒരു ചെറിയ നിക്ഷേപം കണ്ടെത്തുവാൻ കുടുംബങ്ങൾക്ക് കഴി

യുന്നതിലൂടെ അവരുടെ ജീവിത നിലവാരത്തിൽ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് SAFP ടീം അംഗങ്ങൾ അഭിപ്രായപ്പെട്ടു. പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഇടവകയിൽ അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി സാന്ത്വനത്തിൽ അറിയിക്കണമെന്ന് ഡയറക്ടർ ഓർമ്മിപ്പിച്ചു. ഈ മാസം പുതിയതായി തെരഞ്ഞെടുത്ത കുടുബങ്ങളെ FAT അംഗങ്ങൾക്ക് പരിചയപ്പെടുത്തി. സാന്ത്വനം ഡയറക്ടർ, SAFP ടീം അംഗങ്ങൾ, വികാരി, സാമൂഹ്യക്ഷേമ സമിതി കൺവീനർ, കുടുബയൂണിറ്റ് ഭാരവാഹികൾ, സ്നേഹനിധി അംഗങ്ങൾ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

കുണ്ടന്നൂർ- RS.19000/-, പേരാമംഗലം— RS.15000/-, ചെവ്വൂർ— RS.24000/-, മുല്ലക്കര— RS.48330/-, പുതുക്കാട്— RS.8000/-, ചേറൂർ— RS.9000, മരത്താക്കര- RS.15000, ഒല്ലൂർ- RS.12000, നടത്തറ— RS.2100, കണ്ണാറ— RS.6352/-, ഭരത— RS.1640/-, തലോർ— RS.1729/-, വെട്ടുകാട്— RS.2060/-

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

ഫാ. ടെഡ്സ് കുന്നപ്പിള്ളി
അസി.ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

## മാതൃവേദി

**മദേഴ്സ് ക്യാമ്പ് ജനുവരി 9-10 (തിങ്കൾ,ചൊവ്വ)**

മാതൃവേദിയിലെ അംഗങ്ങളുടെ കൂട്ടായ്മയും നേതൃത്വകഴിവും വളർത്തിയെടുക്കാൻ വേണ്ടി മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജനുവരി 9-ാം തിയ്യതി തിങ്കളാഴ്ച്ച രാവിലെ 9.30 ന് ആരംഭിച്ച് 10-ാം തിയ്യതി ചൊവ്വാഴ്ച്ച 1.00 ന് സമാപിക്കുന്നു. ഒരു യൂണിറ്റിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ. ഒരാൾക്ക് റജിസ്ട്രേഷൻ ഫീസ് 250 രൂപയായിരിക്കും.

**ക്ലാസ്സ് -ജനുവരി 19 (വ്യാഴം)**

അമ്മമാർക്കുവേണ്ടിയുള്ള പരിശുദ്ധ അമ്മയെക്കുറിച്ചുള്ള പതിവുള്ള ക്ലാസ്സ് ജനുവരി 19-ാം തിയ്യതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ ഉണ്ടായിരിക്കുന്നതാണ്.

ശ്രീമതി. ബീന ജോഷി
പ്രസിഡണ്ട്

ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ
അസി.ഡയറക്ടർ

ഫാ.ഡെന്നി താണിക്കൽ
ഡയറക്ടർ

## കുടുംബകൂട്ടായ്മ

### ചർച്ചാപഠനപരിശീലന ക്യാമ്പ്

**28.01.2017**

ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ജനുവരി 28-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

## അതിരൂപത കുടുംബ കൂട്ടായ്മക്ക് പുതിയ നേതൃത്വം

2016 ഡിസംബർ 11 ന് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് കൂടിയ വാർഷിക ജനറൽബോഡി യോഗത്തിൽ വച്ച് 2017-19 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ശ്രീ.എ.എ. ആന്റണി – ജനറൽ കൺവീനർ** (വലപ്പാട് ഇടവക – പഴുവിൽ ഫൊറോന), **ശ്രീ.പോൾ പാറക്കൽ – ജനറൽ സെക്രട്ടറി** (പനമുക്ക് ഇടവക-ഡോളേഴ്സ് ഫൊറോന), **ശ്രീ. ഷിന്റോ മാത്യു – ട്രഷറർ** (പാലക്കൽ ഇടവക – ഒല്ലൂർ ഫൊറോന), **ശ്രീ .ആന്റോ തോമസ്– ജോ.കൺവീൻ (പു.)** (പേരകം ഇടവക – പാലയൂർ ഫൊറോന), **ശ്രീമതി.അഡ്വ.സിജ കുരിയൻ– ജോ.കൺവീനർ (സ്ത്രീ.)** (നടത്തറ ഇടവക – ലൂർദ്ദ് ഫൊറോന) **ശ്രീ.ജിനേഷ് വടക്കുംഞ്ചേരി– ജോ.സെക്രട്ടറി (പു.)** (പീച്ചി ഇടവക – പട്ടിക്കാട് ഫൊറോന), **ശ്രീമതി.കേണൽ റെജീന പി.എഫ് – ജോ.സെക്രട്ടറി (സ്ത്രീ.)** (എരുമപ്പെട്ടി ഇടവക-എരുമപ്പെട്ടി ഫൊറോന)

നോമിനേറ്റഡ് അംഗങ്ങൾ : ശ്രീ. റസൽ കുരിയാക്കോസ് (കരുമത്ര ഇടവക-വടക്കാഞ്ചേരി ഫൊറോന), ശ്രീ. ജോൺസൻ എൻ.ജെ (മണ്ണംപേട്ട ഇടവക-പുതുക്കാട് ഫൊറോന), ശ്രീ. ഇ.എൽ. പോൾ (കൊട്ടേക്കാട് ഇടവക-കൊട്ടേക്കാട് ഫൊറോന) തുടങ്ങിയവർ ചുമതലയേറ്റു. അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ വെരി.റവ.ഫാ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷനായിരുന്നു. അതിരൂപത ചാൻസലർ വെരി.റവ.ഫാ. മാത്യു കുറ്റിക്കോട്ടയിൽ ഇലക്ഷൻ റിട്ടേണിങ്ങ് ഓഫീസറായിരുന്നു. അതിരൂപത ഡയറക്ടർ റവ.ഡോ. ഡെന്നി താണിക്കൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത ജനറൽ കൺവീനർ അഡ്വ.സി.ജെ. ഡെന്നി സ്വാഗതം ആശംസിച്ചു. അതിരൂപത അസി. ഡയറക്ടർ ഫാ. ഷിജു ചിറ്റിലപ്പിള്ളി ഫൊറോന ആനിമേറ്റർമാരായ റവ. ഫാ. മാത്യു വെട്ടത്ത്, ഫാ.ബെസ്റ്റിൻ കാക്കശ്ശേരി, ഫാ.സെബി ചിറ്റാട്ടുക്കര, ഫാ.ജിയോ തെക്കിനിയത്ത്, ഫാ.ഡിറ്റോ കൂള, ട്രഷറർ ശ്രീ. സാബു നീലങ്കാവിൽ എന്നിവർ നേതൃത്വം നൽകി. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജനറൽ കൺവീനർ ശ്രീ. എ.എ. ആന്റണി നന്ദി പ്രകാശിപ്പിച്ചു.

| | | |
|---|---|---|
| **ഫാ.ഡെന്നി താണിക്കൽ**<br>ഡയറക്ടർ | **എ. എ. ആന്റണി**<br>ജന.കൺവീനർ | **ഫാ. ഷിജു ചിറ്റിലപ്പിള്ളി**<br>അസി.ഡയറക്ടർ |

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തക സമിതിയോഗം 8-12-2016 വ്യാഴാഴ്ച വടക്കാഞ്ചേരി ARCയിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. 2017 വർഷം ചെയ്യേണ്ടകാര്യങ്ങൾ ചർച്ച ചെയ്തു. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, സി. റോസിലിൻ, പി.ഐ. സൈമൺ മാസ്റ്റർ, ടി. കെ. ഡേവീസ്, സെലീന ജോൺ, ടി.എൽ. ജോണി, കെ. കെ. ജേക്കബ് എന്നിവർ സംബന്ധിച്ചു.

ഡിസംബർ 17-ാന് ശനിയാഴ്ച അതിരൂപത SFO യുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലും വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവചരിത്രം ആധാരമാക്കി ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു.

ഡിസംബർ 29ന് വ്യാഴാഴ്ച കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വെച്ച് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വാനമ്പാടി മഹോത്സവം നടത്തുന്നു. ജനുവരിയിൽ നേതൃത്വസംഗമവും 2017 പ്രവർത്തന കലണ്ടർ പ്രകാശനവും നടക്കുന്നു. വ്രതവാഗ്ദാനം സ്വീകരിക്കുന്നവർക്ക് ഒരു ക്ലാസ്സ് നടത്തുന്നു. നേതൃസംഗമം കാൽവരി ആശ്രമത്തിൽ വെച്ചും വ്രതവാഗ്ദാന ഒരുക്ക ക്ലാസ്സ് ഡി.ബി.സി. എൽ.സി.യിൽ വെച്ച് നടത്തുവാനും തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 705-ാമതും കൂരിയായുടെ 718-ാമതും സമ്മേളനം 2016 ഡിസംബർ 4 ഞായറാഴ്ച കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് കൂടുകയുണ്ടായി.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാനവായന നടത്തി. സെക്രട്ടറി മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ വരവ്-ചിലവ് കണക്ക്

അവതരിപ്പിച്ചതും യോഗം പാസ്സാക്കി. വൈസ് പ്രസിഡണ്ട് സി. എൽസി ജോണി ഹാജർ വിളിച്ചതിൽ പാവറട്ടി കൂരിയ ഒഴികെ എല്ലാ കൂരിയായും ഹാജരുണ്ടായിരുന്നു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ.. ജോൺ മൂലൻ പ്രഭാഷണം നടത്തി. മംഗളവാർത്ത കാലഘട്ടത്തെക്കുറിച്ചും, സക്കറിയാ, സ്നാപകയോഹന്നാൻ എന്നിവരും മാലാഖ അറിയിച്ച സന്ദേശവും കർത്താവിന്റെ കൃപയും പരി. അമ്മയോട് 'കൃപനിറഞ്ഞവളെ സ്വസ്തി' മാലാഖ അറിയിച്ചതും, അത്യുന്നതന്റെ ശക്തി വസിച്ചവളാണ് പരി. കന്യകാമറിയം എന്ന് പ്രഭാഷണത്തിലും അറിയിച്ചുകൊണ്ട് എല്ലാ മരിയ സൈനികർക്കും ക്രിസ്തുമസ്സിന്റെ ആശംസകൾ നേരുകയും ചെയ്തു.

വാർഷിക റിയൂണിയനോടനുബന്ധിച്ച് നടത്തിയ മത്സരവിജയികളുടെ പേർ പ്രസിഡന്റ് പ്രഖ്യാപിച്ചു. ഡിസംബർ 11ന് നടക്കുന്ന വാർഷിക റിയൂണിയൻ സമ്മേളനം 1-30ന് പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടുംകൂടി ആരംഭിക്കുന്നതാണെന്ന് അറിയിച്ചു. അവസാന പ്രാർത്ഥനയ്ക്കും, ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

56-ാംമത് വാർഷിക യൂണിയൻ സെന്റ് മേരീസ് കോളേജിൽ വച്ച് നടത്തപ്പെട്ടു. ലീജിയന്റെ ആദ്ധ്യാത്മിക നിയന്താവ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ക്രിസ്തുമസ് കേക്ക് മുറിച്ച് കൂരിയ സൈനികർക്ക് വിതരണം ചെയ്തു. 2017ലെ ഷീറ്റ് കലണ്ടർ അച്ചടിച്ചിറക്കിയത് മോൺ. കാക്കശ്ശേരി സംഘടന ഡയറക്ടർക്ക് നൽകികൊണ്ട് പ്രകാശനം ചെയ്തു. 2016 വർഷത്തെ ഏറ്റവും നല്ല സംഘടനാ പ്രവർത്തകയായി അതിരൂപത അവാർഡ് നൽകിയ സി. എൽസി ജോണിക്ക് മോൺ. കാക്കശ്ശേരി തോമസ് സമ്മാനം നൽകി ആദരിച്ചു. അവാർഡ് ജേതാവ് സി. എൽസി. ജോണി മറുപടി പ്രസംഗം നടത്തി.

കമ്മീസിയം തലത്തിൽ നടത്തിയ മത്സരവിജയികൾക്ക് വികാരി ജനറാൾ സമ്മാനം വിതരണം ചെയ്തു. കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവ് റവ. സി. മരിയറ്റ എം തേറാട്ടിൽ ആശംസകൾ നേരുകയും മരിയ സൈനികർക്ക് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

സമ്മേളനത്തിൽ പ്രസിഡണ്ട് ബ്ര. കെ. പി. ജോയ് സ്വാഗതവും സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. കലാപരിപാടികൾ അവതരിപ്പിച്ച 60ഓളം മരിയ സൈനികർക്ക് ആദ്ധ്യാത്മിക നിയന്താവ് സമ്മാന വിതരണം നടത്തി. സെന്റ് മേരീസ് കോളേജിൽ 'മറിയത്തിന്റെ വിമല ഹൃദയം' എന്ന പേരിൽ പ്രസീദിയം ആരംഭിച്ചതായി ബഹു. മൂലന

ച്ചൻ അറിയിക്കുകയും , അവസാന പ്രാർത്ഥനയ്ക്കുശേഷം ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദിയർപ്പിക്കുകയും ചെയ്തു. ആശീർവ്വാദത്തോടെ സമ്മേളനം 5 മണിക്ക് സമാപിച്ചു.

ഏവർക്കും നവവത്സരാശംസകൾ

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കത്തോലിക്കാ കോൺഗ്രസ്സ്

**ആർച്ച്ബിഷപ്പുമാരുടെ പിറന്നാൾ ആഘോഷിച്ചു**

അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെയും ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ്ബ് തൂങ്കുഴിയുടെയും പിറന്നാളാഘോഷം സെന്റ് ആൻസ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അന്തേവാസികൾക്കൊപ്പം ആഘോഷിച്ചു. കത്തോലിക്കാ കോൺഗ്രസ്സും കെ.സി.വൈ.എം. സംയുക്തമായി സംഘടിപ്പിച്ച ജന്മദിനാഘോഷത്തിൽ ഇരുവരും അന്തേവാസികളോടൊപ്പം പിറന്നാൾ കേക്ക് മുറിക്കുകയും പിറന്നാൾ സദ്യ കഴിക്കുകയും ചെയ്തു. റൂറൽ ജില്ലാ പോലീസ് മേധാവി നിശാന്തിനി മുഖ്യാതിഥിയായിരുന്നു.

മോൺ. തോമസ് കാക്കശ്ശേരി കത്തോലിക്ക കോൺഗ്രസ്സ് സംസ്ഥാന ഡയറക്ടർ ഫാ. ജിയോ കടവി, ഫാ. ചാക്കോ ചെറുവത്തൂർ, പ്രൊഫ. കെ.എം. ഫ്രാൻസീസ്, ഡേവിസ് പുത്തൂർ, റോണി അഗസ്റ്റ്യൻ, ലൈജു സി. എടക്കളത്തൂർ, ശ്രീമതി പ്രിൻസി രാജു തുടങ്ങിയവർ പ്രസംഗിച്ചു. തൊമ്മി പിടിയത്ത്, ജോൺസൺ ജോർജ്ജ്, സിന്റോ പുതുക്കാട്, സജി ജോസഫ് എന്നിവർ നേതൃത്വം നൽകി

**പ്രതിഷേധം രേഖപ്പെടുത്തി**

വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ നോട്ട് നിരോധനം നടപ്പിലാക്കിയ കേന്ദ്ര സർക്കാർ നടപടിയിൽ കത്തോലിക്കാ കോൺഗ്രസ്സ് തൃശ്ശൂർ അതിരൂപത ജനറൽബോഡി യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. 500, 1000 രൂപ നോട്ടുകൾ നിരോധിച്ചതുമൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണ്ടില്ലെന്നു നടിക്കുന്ന പ്രധാനമന്ത്രിയുടെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. നോട്ടുനിരോധനം മൂലം സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥക്ക് ഉടൻ പരിഹാരം കാണണമെന്ന് യോഗം ആവശ്യപ്പെട്ടു. സഹകരണ മേഖലയിലെ പ്രതിസന്ധി ഗ്രാമീണമേ

ഖലയിലെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നു. സാധാരണക്കാരുടെ ദൈനം ദിനാവശ്യങ്ങൾ നിറവേറ്റയിരുന്ന സഹകരണ ബാങ്കുകൾ ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയിലാണെന്ന് പ്രമേയത്തിൽ പറയുന്നു. കത്തോലിക്കാ കോൺഗ്രസ്സ് രൂപത പ്രസിഡണ്ട് പ്രൊഫ. കെ.എം. ഫ്രാൻസീസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ്സ് സംസ്ഥാന ഡയറക്ടറായി നിയമിതനായ ഫാ. ജിയോ കടവിക്ക് സമ്മേളനത്തിൽ സ്വീകരണം നൽകി. സ്വീകരണ സമ്മേളനം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ്സ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. വി. വി അഗസ്റ്റിൻ, ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയനിലം, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം, അതിരൂപത ജന. സെക്രട്ടറി ഡേവീസ് പുത്തൂർ, തൊമ്മി പിടിയത്ത്, ജോൺസൺ ജോർജ്ജ്, ശ്രീമതി ലീല ടീച്ചർ, കെ.സി.ഡേവീസ് തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിൽ വെച്ച് വാർഷിക കർമ്മപദ്ധതി പ്രകാശനം ചെയ്തു. സി. എൽ. ഇഗ്നേഷ്യസ് പ്രമേയം അവതരിപ്പിച്ചു.

| | | |
|---|---|---|
| ഫാ. ജിയോ കടവി | പ്രൊഫ. കെ.എം. ഫ്രാൻസീസ് | ഡേവീസ് പുത്തൂർ |
| ഡയറക്ടർ | പ്രസിഡന്റ് | ജന. സെക്രട്ടറി |

# സി. എൽ.സി.

**ലൂർദ്ദ് ഫൊറോന, മുക്കാട്ടുകര യൂണിറ്റ് ജേതാക്കൾ**

അതിരൂപത സി. എൽ.സി. സംഘടിപ്പിച്ച മരിയോത്സവം 2016 ലൂർദ്ദ് ഫൊറോന ജേതാക്കളായി, രണ്ടാം സ്ഥാനം ഡോളേഴ്സ് ബസിലിക്ക നേടി. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഇടവകയായി മുക്കാട്ടുകര ജേതാക്കളായി, രണ്ടാം സ്ഥാനം ഒളരിക്കര ഇടവക നേടി. സമാപന സമ്മേളനം കത്തോലിക സഭ ഡയറക്ടർ ഫാ. ഫ്രാൻസീസ് കുത്തൂർ ഉദ്ഘാടനം ചെയ്തു. അതിരൂപത സി. എൽ. സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ജിയോ തെക്കിനിയത്ത്, ഫാ. ഫ്രജോ വാഴപ്പിള്ളി, ഫാ. സിജോ മുരിങ്ങാത്തേരി, സെബിൻ സി. കെ., ബിനോയ് കാറളത്തുക്കാരൻ, വിനേഷ് കൊളേങ്ങാടൻ, ഫ്രെഡി സി. ഡിക്രൂസ്, ഡിൽജോ തരകൻ, ജോമി ജോൺസൺ, അനിൽ സക്കറിയ, ഐജോ, റീമ തോമസ്, ഷിൻസി ഫ്രാൻസീസ്, നൈസി ജോയ് എന്നിവർ നേതൃത്വം നൽകി. വിജയികൾക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു.

**സി. എൽ.സി. മദർ തെരേസ ചിത്ര രചനാ മത്സരം വർണാഭമായി**

തൃശ്ശൂർ അതിരൂപത സി. എൽ. സി. മദർ തെരേസ ചിത്രരചന മത്സരം വർണ്ണാഭമായി. സിനി ആർട്ടിസ്റ്റ് ശ്രീ. ബെൻസീൻ ചിത്രം വരച്ചു ഉദ്ഘാടനം

ചെയ്തു. അതിരൂപത ചാൻസലർ ഫാ. മാത്യു കുറ്റിക്കോട്ടയിൽ മുഖ്യാതിഥി യായിരുന്നു. അതിരൂപതാ പ്രസിഡണ്ട് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, അസി. പ്രൊമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി, കൺവീനർ സോണി എന്നിവർ സംസാ രിച്ചു. 800ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ദേവമാതാ സി. എം.ഐ. പബ്ലിക് സ്കൂൾ വിവിധ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടി. സെന്റ് തോമസ് കോളേജ് എച്ച്. എച്ച് . എസ്. ഹയർ സെക്കണ്ടറി വിഭാഗ ങ്ങളിൽ ഒന്നാം സ്ഥാനം നേടി. ബ്ലൂമിംഗ് ബഡ്സ് ബഥാനിയ കുന്നംകുളം, ഐ.ഇ. എസ്. ചിറ്റിലപ്പിള്ളി, ബി.വി. എം. പൂച്ചെട്ടി എന്നിവർ രണ്ടാം സ്ഥാനം നേടി. ഡിൽജോ തരകൻ, സെബിൻ സി. ജെ., ബിനോയ് കാറളത്തുക്കാരൻ ഫ്രഡ്ഡി സി ഡിക്രൂസ്, ജിയോ കെ. ജോർജ്ജ്, ഡിനോ എൻ. ബി, ജിതിൻ ജോയ്, ഡെറി പോൾ, ഗ്ലിയോ നോബി മേനാച്ചേരി എന്നിവർ നേതൃത്വം നൽകി.

**സി. എൽ.സി. പ്രവർത്തക സമിതി യോഗം**

27.11.2016 ഞായറാഴ്ച സി. എൽ.സി. പ്രവർത്തക സമിതി യോഗം നട ന്നു. ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി സെബിൻ സി. കെ. റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾക്ക് ബിനോയ് ഫ്രെഡി, നൈസി, ജോമി, ജിയോ എന്നിവർ നേതൃത്വം നൽകി.

**മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം**

11-11-16 ഞായറാഴ്ച മാർ ജോസഫ് കുണ്ടുകുളം പ്രസംഗമത്സരം നട ന്നു. സി. എൽ.സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ഫ്രജോ വാഴപ്പിള്ളി, ജിതിൻ ജോയ്, ജോമി ജോൺസൺ, ഫ്രെഡി, ബിനോയ് ഡിൽജോ എന്നിവർ നേതൃത്വം നൽകി.

എന്ന്

സി. എൽ. സി.യുടെ സേവനത്തിൽ

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ബിജിൽ സി. ജോസഫ്**
പ്രസിഡന്റ്

**ഫാ. ഫ്രജോ വാഴപ്പിള്ളി**
(അസി. പ്രമോട്ടർ

**സെബിൻ സി. കെ.**
സെക്രട്ടറി

# കെ.സി.എസ്. എൽ.

**മദർ തെരേസാദിന വസ്ത്രശേഖരണ വിതരണം**

തൃശ്ശൂർ അതിരൂപതാ കെ.സി.എസ്. എൽ. മദർ തെരേസ ദിനത്തോടനുബന്ധിച്ച് വസ്ത്രശേഖരണ-വിതരണം നടത്തി. തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് വസ്ത്രങ്ങൾ നൽകിയത്. സഹകരിച്ച കെ.സി.എസ്. എൽ. അംഗങ്ങളേയും ആനിമേറ്റേഴ്സിനേയും സ്ഥാപന അധികാരികളെയും നന്ദിയോടെ ഓർക്കുന്നു.

**ഈ വർഷത്തെ സംസ്ഥാന കലോത്സവവും വാർഷികവും**

ഈ വർഷത്തെ സംസ്ഥാന കലോത്സവവും വാർഷീകവും ജനുവരി 13-14 തിയതികളിലായി കാഞ്ഞിരപ്പിള്ളിയിൽ വെച്ച് നടക്കുന്നു. സംസ്ഥാന കലോത്സവത്തിൽ സംബന്ധിക്കുവാൻ യോഗ്യരായ കെ.സി.എസ്.എൽ അംഗങ്ങൾ ഓർഗ്ഗനൈസറുമായി ബന്ധപ്പെട്ട് യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. (അതിരൂപതാ ഓർഗ്ഗനൈസറുടെ ഫോൺ നമ്പർ 9446229267)

**അതിരൂപതാ വാർഷികം**

ഈവർഷത്തെ അതിരൂപതാ വാർഷീകം ജനുവരി 19 വ്യാഴാഴ്ച 1.30ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടക്കുന്നു. സംസ്ഥാന സാഹിത്യോത്സവ കലോത്സവ വിജയികൾ അന്ന് വന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. മറ്റ് ഫണ്ടുകൾ അടയ്ക്കാനും ബൊക്കെ സമ്മാനങ്ങൾ എന്നിവ കൊണ്ടുപോകാനും അന്ന് സൗകര്യമുണ്ടായിരിക്കും. നാലാം ലക്കം ബൊക്കെ അന്ന് വിതരണം ചെയ്യുന്നു. അന്നുതന്നെ അവ കൈപ്പറ്റേണ്ടതാണ്.

**ബൊക്കെ മെഗാക്വിസ്**

നേരത്തെ പ്രഖ്യാപിച്ചിരിക്കുന്ന ബൊക്കെ മെഗാക്വിസ് ജനുവരി 19 വ്യാഴാഴ്ച കാലത്ത് 10 മണിക്ക് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടക്കുന്നു. ഒരു യൂണിറ്റിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് പങ്കെടുക്കാം. വിശദവിവരങ്ങൾ ബ്ലോഗിലുണ്ട്.

**യൂണിറ്റ് തല പ്രവർത്തന റിപ്പോർട്ട്, ആനിമേറ്റേഴ്സ് ഡയറി**

യൂണിറ്റ് തല പ്രവർത്തന റിപ്പോർട്ട്, ചാരിറ്റി പ്രവർത്തന റിപ്പോർട്ട്, ആനിമേറ്റേഴ്സ് ഡയറി എന്നിവ അതിരൂപതയിൽ നിർബന്ധമായും ഏല്പിക്കേണ്ടതാണ്. അവ ഇനിയും എത്തിക്കാത്തവർ നിർബന്ധമായും അവകൊണ്ടുവരേണ്ടതാണ്.

**ഡോ. ജോൺ റാഫേൽ**
പ്രസിഡന്റ്

**റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ വിൻസെൻഷ്യൻ അംഗങ്ങളെയും ഉൾപ്പെടുത്തികൊണ്ടുള്ള 'വിൻസെൻഷ്യൻ സംഗമം-2016" കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് സംഗമം ഉദ്ഘാടനം ചെയ്തു. സംഘടനയുടെ നാഷണൽ കൗൺസിൽ പ്രസിഡണ്ട് പ്രൊഫ. ജോൺസൺ വർഗ്ഗീസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, അംഗങ്ങളുടെ ഒരു ദിവസത്തെ വേതനവും ഏരിയ കൗൺസിലിന്റെ വിഹിതവും ഉൾപ്പെട്ട സംഖ്യ 'കാരുണ്യസ്പർശം' ഫണ്ടിലേയ്ക്കായി എസി. പ്രസിഡണ്ടുമാരിൽ നിന്ന് സ്വീകരിച്ച് സി. സി. പ്രസിഡണ്ടിന് കൈമാറി. സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. KRCC കോർഡിനേറ്റർ ബ്ര. കെ.ജെ. ജോസ് ആശംസകൾ നേർന്നു. തുടർന്ന് ജെറുസലേം ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ഡേവീസ് പട്ടത്ത് സി.എം.ഐ. ആത്മീയ പ്രഭാഷണം നടത്തുകയും ആരാധനയ്ക്കും ദിവ്യകാരുണ്യപ്രദക്ഷിണത്തിനും നേതൃത്വം നൽകുകയും ചെയ്തു. അരണാട്ടുകര, പുല്ലഴി കോൺഫ്രൻസ് അംഗങ്ങൾ അവതരിപ്പിച്ച സാംസ്കാരിക പരിപാടികൾ ആഘോഷങ്ങൾക്ക് കൊഴുപ്പേകി. സി. സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു പൊതുയോഗത്തിന് സ്വാഗതവും വൈ.പ്രസിഡണ്ട് ബ്ര.കെ. എം. ഫ്രാൻസീസ് നന്ദിയും പറഞ്ഞു. ബ്ര. സണ്ണി ഒല്ലൂക്കാരൻ, ബ്ര. പൗലോസ് അറയ്ക്കൽ, അഡ്വ. ജിനോ ജോസ്, സി. റീന ജെയിംസ് എന്നിവർ സംഗമത്തിന് നേതൃത്വം നല്കി.

12.03.2017 ഞായറാഴ്ച ഫൊറോന തലത്തിൽ പ്രാർത്ഥന ഉപവാസ ദിനമായി ആചരിക്കുവാനും എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പരിപാടികളിൽ പങ്കെടുക്കണമെന്നും തീരുമാനമെടുത്തു.

പതിയാരം, പോന്നോർ, ആർത്താറ്റ് ഇടവകകളിൽ പുതിയ കോൺഫ്രൻസുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

വിദേശത്തുള്ള ട്വിന്നിംഗ് കോൺഫ്രൻസുകൾക്ക് ക്രിസ്സ്മസ്സ് കാർഡുകളും, കത്തുകളും അയക്കുവാൻ കോൺഫ്രൻസ് പ്രസിഡണ്ടുമാർക്ക് നിർദ്ദേശം നൽകി.

എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ഉപകാ

തികൾക്കും സി.സി. പ്രസിഡണ്ടും സി.സി. ആദ്ധ്യാത്മികോപദേഷ്ടാവും ക്രിസ്തുമസ്സ്- നവവത്സരാശംസകൾ നേർന്നു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. പോൾസൺ കെ. കെ.** |
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# അതിരൂപതാ ഗായകസംഘം

അതിരൂപതാ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ദേവാലയ ഗായകരുടെ മദ്ധ്യസ്ഥയായ വി. സിസിലിയുടെ തിരുനാളാഘോഷവും തിരുപ്പിറവിയുടെ ആഘോഷപരിപാടികളും 3.12.2016ന് ലൂർദ്ദ് കത്തീഡ്രൽ വച്ചു നടന്നു. പ്രസ്തുത ചടങ്ങ് അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി. വെ. റവ. ഫാ. വർഗ്ഗീസ് കൂത്തൂർ, ഡയറക്ടർ ഫാ. പോൾ പുളിക്കൻ, പ്രസിഡണ്ട് ശ്രീ. ടോമി പന്ത്രണ്ടിൽ, സെക്രട്ടറി ശ്രീ. വർഗ്ഗീസ് ആന്റണി, ട്രഷറർ മനോജ് പി.ജി. എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

2016 ഡിസംബർ 31ന് മുമ്പായി ഫൊറോന തലത്തിലുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി അതിന്റെ ലിസ്റ്റ് അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

| | | |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |
| **ടോമി പന്ത്രണ്ടിൽ** | **വർഗ്ഗീസ് ആന്റണി** | **ഫാ. പോൾ പുളിക്കൻ** |

# ചിൽഡ്രൻസ് മിനിസ്ട്രി

**ഫോൺ 0487 2325336, 9947582522, 8547250833**

**ലോകതിരുബാലസംഖ്യ ദിനം:**ഫെബ്രുവരി 14-ാം തിയതി ലോക തിരുബാലസംഖ്യ ദിനമായി ആചരിക്കുന്നു.അന്നേദിവസം എല്ലാ യൂണിറ്റുകളിലും തിരുബാലസംഖ്യ ദിനം പതാകയുയർത്തിയും പ്രതിജ്ഞ പുതുക്കിയും ആചരിക്കേണ്ടതാണ്. പുതിയ അംഗങ്ങളെ അന്നേദിവസം ചേർക്കാവുന്നതാണ്.

**വാർഷിക റിപ്പോർട്ട്:** തിരുബാലസംഖ്യ വാർഷിക റിപ്പോർട്ട്, മിഷൻ കളക്ഷൻ, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ട്, ജീസസ് ബർത്തഡേ കൂപ്പൺ, അൾത്താരസംഘ വാർഷിക റിപ്പോർട്ട്, Prayer Friend Collection എന്നിവ ഇതുവരെയും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏല്പിക്കാത്തവർ എത്രയും വേഗം ഏല്പിക്കേണ്ടതാണ്.

**സെയിന്റ്സ് ക്വിസ്സ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ജൂനിയർ സി എൽ സി, മിഷ്യൻ ലീഗിന്റെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി സബ് ജൂനിയർ (5–7ക്ലാസ്സ്), ജൂനിയർ (8–10 ക്ലാസ്സ്), സീനിയർ (11, 12, ACC ക്ലാസ്സ്) എന്നീ മൂന്നു തലത്തിൽ ഫാറോന തല സെയിന്റ്സ് ക്വിസ്സ് മത്സരത്തിൽ സമ്മാനാർഹരാകുന്ന കുട്ടികളെ ജനുവരി 14–ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണിവരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്ന അതിരൂപത തല സെയിന്റ്സ് ക്വിസ്സ് ഓഡിയോവിഷ്വൽ മത്സരത്തിലേക്ക് പറഞ്ഞയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**അതിരൂപതാ കലാമത്സര സമ്മാനദാനം:** തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളുടെ അതിരൂപതാ കലാമത്സരങ്ങളുടെ സമ്മാനദാനവും,തിരുബാലസംഖ്യ ദിനവും അതിരൂപതാ മതബോധന കേന്ദ്രത്തിൽ വെച്ച് **ജനുവരി 28** ശനിയാഴ്ച നടത്തപ്പെടുന്നു. **രാവിലെ 9.30 മുതൽ 12.00 വരെ തിരുബാലസംഖ്യ കലാമത്സരങ്ങളുടെ സമ്മാനവിതരണവും, 12.30 മുതൽ 4.00 മണി വരെ ജൂനിയർ സി എൽ സി,അൾത്താരംഘം കലാമത്സരങ്ങളുടെ സമ്മാനവിതരണവും** ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം തന്നെ സെന്റ്സ് ക്വിസ്സിന് അതിരൂപതയിൽ സമ്മാനാർഹരായവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രൻണ്ട് കളഷൻ, ജീസസ് ബെർത്ത് ഡേ കളഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. **അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.** അതിരൂപതാ കലാമത്സരങ്ങളുടെ ഫലം ബ്ലോഗിൽ (http://childrensministrytrichur.blogspot.in/) ലഭ്യമാണ്. ഉച്ചഭക്ഷണം അവരവർ തന്നെ കരുതേണ്ടതാണ്.

**ആദ്യകുർബ്ബാനസ്വീകരണം :** ആദ്യകുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 11 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522, 8547250833

**തിരുവചനപഠനം :** കർത്താവേ പ്രഭാതത്തിൽ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കുന്നു: പ്രഭാതബലി ഒരുക്കി ഞാൻ അങ്ങേക്കായി കാത്തിരിക്കുന്നു. (സങ്കീ. 5. 3)

**പരിചയപ്പെടുന്ന വിശുദ്ധ** -വി. ജനവീവ് (ജനുവരി 3)

**സുകൃതജപം**- മാതാവിന്റെ വിമലഹൃദയമേ ഞങ്ങളെ അനുഗ്രഹിക്കണമേ.

**പ്രാർത്ഥനാ നിയോഗം** - എല്ലാ ദിവസവും നമ്മുടെ പ്രവർത്തികൾ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് തുടങ്ങുക.

**പ്രവർത്തിക്കാൻ**: നല്ലകാര്യങ്ങൾ പഠിക്കുന്നതിലും ചെയ്യുന്നതിലും ഉൽസാഹമുള്ളവരായിരിക്കുക!

# അതിരൂപതാ പബ്ലിക് റിലേഷൻസ് വകുപ്പ്

**മാധ്യമശില്പശാല നടത്തി**

തൃശ്ശൂർ : സമൂഹത്തിന് നന്മചെയ്യുന്ന മാധ്യമപ്രവർത്തകർ അനിവാര്യമെന്ന് അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. അതിരൂപത പബ്ലിക് റിലേഷൻ വകുപ്പ് സംഘടിപ്പിച്ച ഏകദിന മാധ്യമശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാരുണ്യം പറയുന്നവർ പ്രവർത്തിക്കുന്നത് കുറവാണ്. കത്തോലിക്കാ സമുദായം ചെയ്യുന്ന നന്മകൾ സമൂഹത്തിൽ അറിയപ്പെടുന്നില്ല. നന്മകളെ എന്നും പ്രോത്സാഹിപ്പിക്കണം. ഇടവക കേന്ദ്രീകൃതമായ നന്മകൾ സമൂഹത്തെ വികസനത്തിലേക്ക് നയിക്കും.

ഇടവകകളിലെ കാരുണ്യപ്രവൃത്തികൾ മാധ്യമങ്ങളിലൂടെ പുറംലോകം അറിയുവാനുള്ള കർത്തവ്യം മാധ്യമപ്രവർത്തകർക്ക് ഉണ്ടാകട്ടെയെന്ന് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ബോധിപ്പിച്ചു.

മോൺ തോമസ് കാക്കശ്ശേരി അദ്ധ്യക്ഷനായി. അതിരൂപത പബ്ലിക് റിലേഷൻ ഡയറക്ടർ ഫാ. ജിയോ കടവി, പ്രസിഡന്റ് ജോർജ്ജ് ചിറമ്മൽ, സെക്രട്ടറി ഏ.ഡി. ഷാജു, ബാബു ചിറ്റിലപ്പിള്ളി, ഷിന്റോ മാത്യു എന്നിവർ പ്രസംഗിച്ചു.

ഫാ. ജോമി തോട്ട്യാൻ, ഫാ. ഡൊമിനിക് തലക്കോടൻ, ഫാ. റാഫേൽ ആക്കാമറ്റത്തിൽ, ഫ്രാങ്കോ ലൂവിസ്, സന്തോഷ് ജോൺ തൂവൽ, ജോയ് മണ്ണൂർ, പി.ഐ. ലാസർ മാസ്റ്റർ എന്നിവർ ക്ലാസ്സുകൾ നയിക്കുകയും മാധ്യമ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |
|---|---|---|
| **ജോർജ്ജ് ചിറമ്മൽ** | **ഏ.ഡി. ഷാജു** | **ഫാ. ജിയോ കടവി** |

# അതിരൂപതാ ഏകോപന സമിതി

അതിരൂപതയിലെ ഭക്തസംഘടനകളിലും പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നവരിൽ നിന്ന് മികച്ച സംഘടനാ പ്രവർത്തകരെ തിരഞ്ഞെടുത്തു.

എൽസി ജോണി (ലീജിയൻ ഓഫ് മേരി)

സാബു എം. വർഗ്ഗീസ് (കരിസ്മാറ്റിക് പ്രസ്ഥാനം)

ആന്റണി എ.എ. (കുടുംബക്കൂട്ടായ്മ)

ലിസി വർഗ്ഗീസ് (മാതൃസംഘം)

ജോർജ്ജ് മാത്യു (സീനിയർ സി. എൽ.സി.)

ലിയോ ജോർജ്ജ് (ഗായകസംഘം)

ജേക്കബ്ബ് ചങ്ങലായി (കലാസദൻ)

ജോസ്മോൻ ഫ്രാൻസീസ് (കെ.സി.വൈ.എം.)

ഡിൽജോ തരകൻ (യൂത്ത് സി.എൽ.സി.)

ജോൺസൺ ജോർജ്ജ് (കത്തോലിക്ക കോൺഗ്രസ്സ്)

എന്നിവരാണ് 2016ലെ പുരസ്ക്കാരം നേടിയവർ. അവാർഡുദാനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

**മോൺ തോമസ് കാക്കശ്ശേരി**
വികാരി ജനറാൾ

**ഏ.ഡി. ഷാജു**
സെക്രട്ടറി

# തൃശ്ശൂർ അതിരൂപത
# പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**ഇടവക പി. ആർ. ഒ.**

ഇടവകയിൽ പി. ആർ. ഒ. മാരെ നിയമിക്കാത്തവർ എത്രയും വേഗം പി. ആർ. ഒ. മാരെ നിയമിച്ച് അവരുടെ അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ജനുവരി മാസത്തിൽത്തന്നെ ഫാ. ജിയോ കടവി (ഡയറക്ടർ) അച്ചന്റെ പക്കലോ ആർച്ച്ബിഷപ്സ് ഹൗസിലോ ഏല്പിക്കേണ്ടതാണ്.

**മാധ്യമശില്പശാല**

തൃശ്ശൂർ അതിരൂപതയിലെ ഇടവക പി. ആർ. ഒ. മാർക്ക് 2016 ഡിസംബർ 10ന് ആർച്ച്ബിഷപ്സ് ഹൗസിൽ വച്ച് അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് മാധ്യമശില്പശാല സംഘടിപ്പിച്ചു. സമൂഹത്തിന് നന്മ ചെയ്യുന്ന മാധ്യമപ്രവർത്തകർ അനിവാര്യമെന്ന് ഉദ്ഘാടനം ചെയ്ത അതിരൂപത ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ഇടവകകളിലെ കാരുണ്യപ്രവർത്തികൾ മാധ്യമങ്ങളിലൂടെ പുറംലോകം അറിയുവാനുള്ള കർത്തവ്യം മാധ്യമപ്രവർത്തകർക്ക് ഉണ്ടാകട്ടെയെന്ന് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ബോധിപ്പിച്ചു. മോൺ. തോമസ് കാക്കശ്ശേരി, ഡയറക്ടർ ഫാ. ജിയോ കടവി, ജോർജ്ജ് ചിറമ്മൽ, ഷാജു എ. ഡി., ബാബു ചിറ്റിലപ്പിള്ളി, ഷിന്റോ മാത്യു എന്നിവർ പ്രസംഗിച്ചു. ഫാ. ജോമി തോട്ട്യാൻ, ഫാ. ഡൊമിനിക് തലക്കോടൻ, ഫാ. റാഫേൽ ആക്കാമറ്റത്തിൽ, ഫ്രാങ്കോ ലൂവീസ്, സന്തോഷ് ജോൺ തൂവൽ, ജോയ് മണ്ണൂർ, ലാസർ മാസ്റ്റർ പി. ഐ. എന്നിവർ ക്ലാസ്സുകൾ നയിക്കുകയും മാധ്യമചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു.

## പാരിഷ് ബുള്ളറ്റിൻ മത്സരം - മാനദണ്ഡങ്ങൾ

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യ നിർണ്ണയത്തിന് ബാധകമായിരിക്കും.

### 1. മികച്ച പാരിഷ്ബുള്ളറ്റിൻ

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2016 വർഷത്തെ ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

### 2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ - 2016 നവംബർ (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ - 2016 ഒക്ടോബറിലെ എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് - 2016 ഡിസംബർ (ഒരു കോപ്പി)

### 3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും

ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത - ഒരെണ്ണം, ലേഖനം - ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

4.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2017 ജനുവരി 31ന് മുമ്പ്

**ഫാ. ജിയോ കടവി**
**ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്**
**ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005**

എന്ന വിലാസത്തിലോ അല്ലെങ്കിൽ ആർച്ച്ബിഷപ്സ് ഹൗസിൽ നേരിട്ടോ നൽകേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

പുതിയതായി പണി കഴിപ്പിച്ച

വരാക്കര സൗത്ത് ഉണ്ണീശോ ദൈവാലയവും അൾത്താരയും





Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.12.2016
Jan. 2017




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005